# ക്രിസ്ത്യൻ - മുസ്‌ലിം സംവാദം

എൻ എം. ഷാഹിദ് M.D



The Cooperative Office for Call and Guidance at Sultanah
Under The Supervision of
Ministry of Islamic Affairs, Endowment and Call and Guidance
Tel ... Fax ... P.O.Box 92675 Riyadh 11663 Al Saudi Ar. K.S.A

# حوار بين مسلم ونصراني
## اللغة: مليالم

الطبعة الثانية ٩/١٤١٩ هـ.

بالتعاون مع: مشكاة الحق - كيرالا - الهند


ح المكتب التعاوني لتوعية الجاليات بالزلفي، ١٤١٥هـ

فهرسة مكتبة الملك فهد الوطنية

باعقيل، حسن

حوار بين مسلم ونصراني/ ترجمة أبو أنور إبراهيم بن محمد

٩٦ ص ؛ ١٢ × ١٧ سم

النص باللغة الماليالام

ردمك ١ - ٧ - ٩٠٢٤ - ٩٩٦٠

١. الإسلام والمسيحية ٢. الوعظ والإرشاد

أ. ابن محمد، إبراهيم (مترجم) ب. العنوان

ديوي ٢٧، ٢١٤ ١٥/١١٤٣

رقم الايداع : ١٥/١١٤٣

ردمك: ١ - ٧ - ٩٠٢٤ - ٩٩٦٠

الصف والإخراج: **شعبة توعية الجاليات في الزلفي**

بسم الله الرحمن الرحيم

മാനവ കുലത്തിൻെറ മാർഗദർശനത്തിനായി പ്രപഞ്ച സ്രഷ്ടാവ് ഒട്ടേറെ ദൂതന്മാരെ നിയോഗിക്കുകയും പല വേദഗ്രന്ഥങ്ങളും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചരിത്രത്തിൻെറ ചുരുളുകളിൽ, ലോകത്തിൻെറ ഭിന്ന കോണുകളിൽ ജീവിച്ചു മരിച്ചു പോയ മനുഷ്യ നാഗരികതകൾ നിരീക്ഷണം നടത്തിയാൽ അവക്ക് പിന്നിൽ സത്യത്തിൻെറയും ധർമ്മത്തിൻെറയും നീതിയുടെയും പാലകരായി കടന്നുപോയ പരസഹസ്രം പുണ്യപുരുഷന്മാരുടെ പാദമുദ്രകളും ധർമ്മശകലങ്ങളും നമുക്ക് കിട്ടും. ആദി മനുഷ്യനായ ആദം (അ) തൊട്ട് അന്ത്യപ്രവാചകനായ മുഹമ്മദ് (സ) വരെയുള്ള യുഗദീർഘങ്ങളിൽ ഒരു ലക്ഷത്തിലേറെ ദൈവദൂതന്മാർ ഈ ഭൂമുഖത്ത് സ്രഷ്ടാവിൻെറ സന്ദേശം പ്രബോധനം ചെയ്തുകൊണ്ട് കടന്നു പോയിട്ടുണ്ട്. നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ, മുഹമ്മദ് (അ) മുതലായവർ അവരിൽ പ്രമുഖരാണ്. എല്ലാ പ്രവാചകന്മാരും ഈലോകത്ത് പ്രബോധനം ചെയ്ത മൗലിക പ്രമേയം ഏകദൈവ വിശ്വാസമായിരുന്നു. പ്രപഞ്ച സ്രഷ്ടാവായ, ഏകനായ നാഥനെ മാത്രമേ ആരാധിക്കാൻ പാടുള്ളൂവെന്നും അവന്ന് അനിവാര്യമായും അർപ്പിക്കേണ്ടുന്ന അർപ്പണങ്ങളും അഭ്യർത്ഥനകളും പൂജകളും പ്രാർത്ഥനകളും മറ്റൊരാളോടും പാടില്ല എന്നും അത് സ്രഷ്ടാവായ ദൈവം ക്ഷമിക്കാത്ത കഠോരമായ പാപമാണെന്നുമാണ് അവരെല്ലാം പഠിപ്പിച്ചത്. അവർ മുഖേന ഈലോകത്ത് അവതരിപ്പിക്കപ്പെട്ട തൗറാത്, ഇഞ്ചീൽ, സബൂർ, ഖുർആൻ തുടങ്ങിയ ദൈവീക ഗ്രന്ഥങ്ങളിലെല്ലാം അക്കാര്യമാണ് ഊന്നിപ്പറഞ്ഞിട്ടുള്ളത്.

പക്ഷെ, വിശുദ്ധ ഖുർആന്ന് മുമ്പുള്ള ദൈവീക ഗ്രന്ഥങ്ങളിൽ തദനുയായികൾ സ്വേച്ഛാനുസാരം കൈക്രിയകൾ നടത്തുകയുണ്ടായി. സത്യവും അസത്യവും അവ്യക്തമായിത്തീർന്നു. ദൈവീകവും ദൈവീകമല്ലാത്തതും ഏതെന്ന് മനസ്സിലാക്കാൻ വിഷമമുണ്ടായി. സ്രഷ്ടാവായ ഏകദൈവത്തെ വിട്ട് മറ്റാരെയും ആരാധിക്കാൻ പാടില്ലെന്ന് പഠിപ്പിച്ച പ്രവാചകന്മാരെപ്പോലും ആരാധിക്കാൻ ആളുകൾ തുനിഞ്ഞു. യേശുവിനെ ദൈവപുത്രനും അവിടെനിന്ന് ദൈവത്തിൻെറതന്നെ പദവിയിലേക്കും ഉയർത്തിക്കൊണ്ട് ക്രൈസ്ത്വാ

നികൾ നികൃഷ്ടമായ "ത്രിയേകത്വം" അവതരിപ്പിച്ചു. ആകപ്പാടെ പവിത്ര ഗ്രന്ഥങ്ങൾ അവയുടെ പവിത്രത കളഞ്ഞുകുളിച്ചു. അപ്പോ ളാണ് സ്രഷ്ടാവിന്റെ മഹാകാരുണ്യമായി, ലോകത്തിനാകമാനം അനുഗ്രഹമായി അന്ത്യപ്രവാചകൻ മുഹമ്മദ് (സ) വിശുദ്ധ ഖുർആ നുമായി നിയോഗിക്കപ്പെടുന്നത്.

അന്യൂനവും അജയ്യവുമായി അന്ത്യനാൾ വരെ നിലനിൽക്കു മെന്ന് സ്രഷ്ടാവായ അല്ലാഹു വാഗ്ദത്തംചെയ്ത മഹൽ ഗ്രന്ഥ മാണ് വിശുദ്ധഖുർആൻ. അതു മാത്രമാണിന്ന് മാനവ കുലത്തിന് സന്മാർഗം കണ്ടെത്താൻ സഹായകമായി നിലകൊള്ളുന്നത്. അതി ന്റെ സന്ദേശം ഉൾകൊണ്ട് ജീവിതം നയിക്കുന്നവന് മാത്രമേ മര ണാനന്തരം മോക്ഷം നേടാനൊക്കൂ. വിശുദ്ധഖുർആനിന്റെ ദൗത്യം ലഭിച്ചിട്ടും അതിൽ നിന്ന് വിമുഖരായി, ദേഹേച്ഛക്ക് വിധേയരാ യി ജീവിതം നയിക്കുന്ന ആളുകൾക്കെല്ലാം തന്നെ ഭയാനകമായ ശിക്ഷയായിരിക്കും മരണാനന്തരം ലഭിക്കുക.

മുഹമ്മദ് നബി (സ) യുടെ നിയോഗമനം മാനവ കുലത്തിനാ കമാനമുള്ള ദൈവത്തിന്റെ സന്ദേശമാണ്. അന്ത്യനാൾ വരെ യുള്ള എല്ലാജനതക്കും മാർഗദർശകമാണ് വിശുദ്ധ ഖുർആൻ. മ തവിശ്വാസികളും മതരഹിതരുമെന്നല്ല അഖില മനുഷ്യരും ഖുർആ നിന്റെയും മുഹമ്മദ് നബിയുടെയും പ്രബോധനത്തിൽ വിശ്വസി ക്കാൻ ബാധ്യസ്ഥരാണ്. പ്രപഞ്ച സ്രഷ്ടാവ് നിയോഗിച്ച സത്യത്തി ന്റെ അവസാനത്തെ സന്ദേശമാണത്.

> **"ഓ മനുഷ്യരേ, നിശ്ചയം ഞാൻ നിങ്ങളിലേക്ക് ഒന്നടങ്ക മുള്ള അല്ലാഹുവിന്റെ ദൂതനാണെന്ന് നബിയേ താങ്കൾ പറയുക"** *(വിശുദ്ധ ഖുർആൻ, 7:158)*
>
> **"തങ്ങളുടെ പക്കലുള്ള തൗറാതിലും ഇഞ്ചീലിലും പ്രസ്താ വിക്കപ്പെട്ട നിരക്ഷരനായ പ്രവാചകനായ, ദൂതനെ അനു ധാവനം ചെയ്യുന്നവർ. അദ്ദേഹം അവരോട് നന്മ കൽപി ക്കുകയും തിന്മ വിരോധിക്കുകയും അവർക്ക് നല്ലവസ്തു ക്കളെ അനുവദിക്കുകയും ചീത്ത വസ്തുക്കളെ വിരോധി ക്കുകയും അവരുടെമേൽ ഉണ്ടായിരുന്ന വിലങ്ങുകളും ഭാ രവും അദ്ദേഹം ഇറക്കിവക്കുകയും ചെയ്യുന്നു. അതുകൊ ണ്ട് അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബഹു**

മാനിക്കുകയും സഹായിക്കുകയും അദ്ദേഹത്തിന് അവത രിപ്പിക്കപ്പെട്ട · പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവരാ രോ അവരത്രെ വിജയികൾ". *(ഖുർആൻ, 7 : 157)*

വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നതു പോലെ മുഹമ്മദ് നബി തിരുമേനിയുടെ നിയോഗമനത്തെ പറ്റി പൂർവ്വവേദങ്ങളിൽ ഇന്നും നിലനിൽക്കുന്ന വളരെ വ്യക്തമായ സുവിശേഷങ്ങളുണ്ട്. വിശിഷ്യ ബൈബിൾ കൃതികളിൽ നമുക്ക് കാണാവുന്നതാണ്. സ്രഷ്ടാ വിൻെറ ഏകത്വവും അവന്നുള്ള ആരാധനയിലെ നിഷ്കളങ്കതയും യേശുവിൻെറ പ്രവാചകത്വവും സ്ഥാപിക്കുകയും അദ്ദേഹം ദൈ വപുത്രനാണെന്നും ദൈവപദവി നൽകപ്പെട്ടവനാണെന്നുമെല്ലാ മുള്ള ക്രൈസ്തവ സങ്കൽപങ്ങളെ ബൈബിളിൻെറ തന്നെ വെളി ച്ചത്തിൽ തകർക്കുകയും ചെയ്യുന്ന ഒരുത്തമകൃതിയാണ് എച്ച്.എം. ബാഅഖിൽ. എം.ഡി. എഴുതിയ "കൃസ്ത്യൻ-മുസ്‌ലിം സംവാദം". ക്രൈസ്തവതയുടെ മിഥ്യയായ വാദങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്ന ഈ കൃതിക്ക് ദീർഘമായ സംവാദത്തിൻെറ ഒരു പശ്ചാത്തലമുണ്ട്. തികച്ചും രചനാത്മകവും സൗഹൃദ പൂർവ്വ കവുമായ ശൈലിയാണ് ഗ്രന്ഥകാരൻ ഈ കൃതിയിലുടനീളം സ്വീകരിച്ചിട്ടുള്ളത്.

ഇതിൽ ഉദ്ധരിക്കപ്പെട്ട ബൈബിൾ വചനങ്ങൾ അധികവും മ ലയാള ബൈബിൾ പതിപ്പുമായി ഒത്തുനോക്കി ശരിപ്പെടുത്തിയവ യാണ്. എങ്കിലും ചിലയിടങ്ങളിൽ ഉദ്ധൃത വചനങ്ങൾക്ക് മലയാ ളം പതിപ്പിൽ പദഭേദങ്ങൾ കാണുന്നുണ്ട്. ഉദാഹരണമായി പേജ് 24ൽ കൊടുത്ത II.ശാമുവേൽ (8:4) "a thousand chariots and seven hundred horsemen" എന്നതിന് "ആയിരത്തെഴുനൂറ് കുതിര ച്ചേകവരെയും" എന്നാണ് കൊടുത്തിരിക്കുന്നത്. പേജ 69ൽ കൊ ടുത്ത ഉൽപത്തി (49:10) തുടങ്ങുന്നത് "ഷിലോ" എന്നതിനു പ കരം "അവകാശമുള്ളവൻ" എന്നും അതുപോലെ പേജ്70ൽ കൊ ടുത്ത സങ്കീർത്തനങ്ങൾ (84:6) തുടങ്ങുന്നത് "ബക്ക താഴ്‌വര" എ ന്നതിനു പകരം "കണ്ണുനീർ താഴ്‌വര" എന്നും പേജ് 21ലും 72ലും കൊടുത്ത യെശയ്യാവ് (21:13) "The burden upon Arabia" എന്ന തിന് "അറബി ദേശത്തെ കുറിച്ചുള്ള പ്രവാചകം" എന്നും പേജ്

82ലെ "സാന്ത്വനക്കാരൻ" എന്നതിന് പകരം "സത്യത്തിന്റെ ആത്മാവ്" എന്നുമാണ് മലയാളം പതിപ്പിൽ കാണുന്നത്. മലയാളം പതിപ്പിന് ഇത്തരം ചില പദഭേദങ്ങളുണ്ട്.

പ്രപഞ്ച സ്രഷ്ടായ അല്ലാഹുവിന്റെ ശാശ്വതസന്ദേശം കണ്ടെത്തി ജീവിത വിജയം നേടിയെടുക്കാൻ ആഗ്രഹിക്കുന്ന, സത്യാന്വേഷികളായ ആളുകൾക്ക്മുമ്പിൽ ഞങ്ങൾ ഈകൃതി സസന്തോഷം സമർപ്പിക്കട്ടെ. ഇംഗ്ളീഷിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷ ചെയ്തു തന്ന ജ. അബൂഅൻവർ ഇബ്റാഹീം സാഹിബിന്നും ഭംഗിയായി അച്ചടിച്ചു തന്ന ഷിബു പ്രിന്റേഴ്സിനും മറ്റു സഹായ സഹകരണങ്ങൾ ചെയ്തു തന്നവർക്കും പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തട്ടെ. അല്ലാഹു അവന്റെ മാർഗത്തിലുള്ള സൽകർമമായി ഇതു സ്വീകരിക്കുമാറാകട്ടെ. (ആമീൻ)

അരീക്കോട്
31-5-1988

ഡയരക്ടർ
നിച് ഓഫ് ട്രൂത്

*ഇസ്ലാമിനെ കുറിച്ച് കൂടുതൽ പഠിക്കുവാൻ, ബന്ധപ്പെടുക.*

## നിച് ഓഫ് ട്രൂത്,

ഇടിയങ്ങര, കോഴിക്കോട്.1
കേരള, ഇന്ത്യ.
ഫോൺ:701862.
ഫാക്സ്: 91-484-380746.

പി.ബി. നമ്പർ. 4472
കൊച്ചിൻ- 682 018
ഫോൺ- 363835
കേരള, ഇന്ത്യ.

# ഗ്രന്ഥകാരൻെറ കുറിപ്പ്

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ. കൃസ്ത്യൻ പുരോഹിതന്മാരും മതവിശ്വാസികളുമായി നിരന്തരം നടത്തിയ സംവാദങ്ങളുടെ ഫലമാണ് ഈ ചെറുഗ്രന്ഥം. ഞങ്ങൾ തമ്മിലുള്ള ചർച്ചകൾ സൗഹാർദപരവും സന്തോഷപൂർവ്വകവും രചനാത്മകവുമായിരുന്നു. നേരിയ തോതിൽ പോലും ഒരു ക്രിസ്ത്യാനിയുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുവാനായിരുന്നില്ല. ഒരു പക്ഷെ ക്രിസ്തുമതത്തിന്ന് ഭീഷണവും പ്രകോപനപരവും ആയേക്കാം അത്. മതങ്ങളുടെ താരതമ്യ പഠനത്തിൽ തൽപരരായ സത്യാന്വേഷികൾക്ക് ഈ കൃതി ഏറെ സഹായകമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

H.M. BAAGIL. M.D.
January 1984

# പ്രതികരണം

ചെറുപ്പംതന്നെ ക്രൈസ്തവ സങ്കൽപങ്ങളിൽ വളർന്നു വന്ന ഒരമേരിക്കക്കാരനാണ് ഞാൻ. അല്ലാഹുവിലേക്കെത്താനുള്ള എൻെറ ആത്മാവിൻെറ അദമ്യമായ ആഗ്രഹം സഫലമാവുന്നതു വരെ ഞാൻ പല കാര്യങ്ങളും സത്യമെന്നപോലെ കരുതിപ്പോന്നിരുന്നു. അനേകം ചർച്ചകളിലൂടെയും "കൃസ്ത്യൻ-മുസ്‌ലിം സംവാദം" എന്ന ഈ ഗ്രന്ഥത്തിൻെറ വീണ്ടും വീണ്ടുമുള്ള പാരായണത്തിലൂടെയും പിന്നീട് അതിലെ ബൈബിൾ-ഖുർആൻ ഉദ്ധരണികളുടെ സൂക്ഷ്മമായ പരിശോധനയിലൂടെയുമാണ് ഞാൻ ഇന്നുള്ള ഈ ധാരണയിൽ എത്തിച്ചേർന്നത്. അവസാനം ഞാൻ എൻെറ സത്യസാക്ഷ്യം (ശഹാദത്) പ്രഖ്യാപിക്കുകയാണ്. "അല്ലാഹുവല്ലാതെ യാതൊരാരാധ്യനുമില്ല, അവൻ ഏകനും യാതൊരു പങ്കുകാരുമില്ലാത്തവനുമാണ്. മുഹമ്മദ് അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു". ലഘുവായ ഈ സാക്ഷ്യപ്രസ്താവനയിലൂടെ അനേകം ആളുകൾ തങ്ങളെ അല്ലാഹുവിന്ന് സമർപ്പിക്കുക തന്നെ ചെയ്യും.

സരളമായ ഈ ലഘുകൃതി ലോകമൊട്ടാകെ വായിക്കപ്പെടുകയും സത്യാന്വേഷികളെയും ശാന്തിയും സംതൃപ്തിയും തേടുന്ന മനഃസാക്ഷികളെയും അത് ആകർഷിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

Roy Earl Johnson.

# പ്രഥമ സംഭാഷണം

ക്രി: "കഴിഞ്ഞ ദശാബ്ദത്തിൽ ക്രിസ്ത്യാനികളും മുസ്ലിംകളും തമ്മിൽ ഏറെ ചർച്ചകൾ ഉണ്ടാവാനെന്താണ് കാരണം?"

മു: ഞാൻ മനസ്സിലാക്കുന്നത് നമുക്കിടയിൽ പൊതുവായ പലതുമുണ്ടെന്നാണ് അതിനു കാരണം. അനേകം പ്രവാചകരെ നിയോഗിച്ച ഒരേ ഒരു സ്രഷ്ടാവിൽ നാം വിശ്വസിക്കുന്നു. ജൂദന്മാർ നിഷേധിക്കുന്ന യേശുവിനെ ഞങ്ങൾ മസീഹയായും ദൈവത്തിന്റെ "കലിമ"യായും അംഗീകരിക്കുന്നു. പരിശുദ്ധ ഖുർആൻ പറയുന്നത് നോക്കൂ:

> **മലക്കുകൾ പറഞ്ഞ സന്ദർഭം (ഓർക്കുക). ഓ മർയം ! അല്ലാഹു അവങ്കൽ നിന്നുള്ള ഒരു വചനത്തെ കുറിച്ച് നിനക്ക് സുവിശേഷം അറിയിക്കുന്നു. അവന്റെ പേര്, മർയമിന്റെ മകൻ മസീഹ് ഈസാ (എന്നത്രെ) ഇഹത്തിലും പരത്തിലും പ്രമുഖനായും (ദൈവ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനായും കൊണ്ട്. . .** *(ഖുർആൻ- 3:45)*

യൂറോപ്, കനഡ, അമേരിക്കൻ ഐക്യനാടുകൾ, ആസ്ത്രേലിയ എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളിൽവച്ചും വത്തിക്കാനിൽവച്ചു തന്നെയും സംവാദങ്ങൾ ഏറെ നടന്നിട്ടുണ്ട്. വത്തിക്കാനിലെ ദൈവശാസ്ത്രജ്ഞരും ഈജിപ്തിലെ മുസ്ലിം പണ്ഡിതരുമായി 1970ൽ റോമിൽവച്ചും 1974ലും 1978ലുമായി കയ്റോവിൽ വച്ചും സംവാദങ്ങൾ നടന്നിട്ടുണ്ട്. വത്തിക്കാൻ ദൈവശാസ്ത്രജ്ഞരും സുഊദി മുസ്ലിം പണ്ഡിതരുമായി റോമിൽവച്ച് 1974ൽ ഒരു സംവാദവും നടന്നിട്ടുണ്ട്. കൊളംബോയിൽ വച്ച് ഇസ്ലാമിനെപ്പറ്റി സംസാരിക്കാൻ ചർച്ചുകൾ പലവുരു മുസ്ലിംകളെ ക്ഷണിച്ചിരുന്നുവെന്നതും ശ്രദ്ധേയമാണ്.

ക്രി: ക്രിസ്തു മതത്തിന് രണ്ടായിരവും ഇസ്ലാം മതത്തിന് ആയിരത്തി നാനൂറും വർഷങ്ങൾ പഴക്കമുണ്ടായിട്ടും നൂറ്റാണ്ടുകൾക്ക് മുമ്പ് എന്തുകൊണ്ട് ഇത്തരം സംവാദങ്ങളുണ്ടായില്ല?

മു: മുസ്ലിം ആധിപത്യമുണ്ടായിരുന്ന പല ഏഷ്യനാഫ്രിക്കൻ നാടുകളും കഴിഞ്ഞ മൂന്നു നാലു നൂറ്റാണ്ടുകളിൽ ബ്രിട്ടൻ, ഫ്രാൻസ്, ഹോളണ്ട്, ബെൽജിയം, സ്പെയിൻ, പോർച്ചുഗൽ മുതലായ രാ

ഷ്ട്രങ്ങളുടെ കോളനികളായി. ഭക്ഷണം, വസ്ത്രം, വൈദ്യസഹായം, ദരിദ്രർക്ക് ജോലി തുടങ്ങി തങ്ങളാലാവുന്ന മാർഗങ്ങളിലൂടെയെല്ലാം ക്രിസ്ത്യൻ മിഷനറികൾ മുസ്ലിംകളെ കൃസ്തീയവൽകരിക്കാനുള്ള ശ്രമംനടത്തുകയുണ്ടായി. എങ്കിലും വളരെ കുറച്ചുപേർ മാത്രമേ മതപരിവർത്തനത്തിന് സന്നദ്ധമായുള്ളൂ. തങ്ങളുടെ സാംസ്കാരികവും വൈജ്ഞാനികവുമായ പുരോഗതിക്ക് പാതയൊരുക്കിയത് ക്രിസ്തുമതമാണെന്ന ദുർധാരണ നിമിത്തം ബുദ്ധിജീവികളിൽ ഒരുവിഭാഗം ക്രിസ്തു മതമാശ്ളേഷിച്ചു. യൂറോപ്പിൽ ചർച്ചിനെ രാജ്യഭരണത്തിൽ നിന്ന് പൂർണ്ണമായി വ്യവഛേദിച്ചതോടെയാണ് പ്രസ്തുത പുരോഗതിയുണ്ടായതെന്നും അവർക്ക് ധാരണയുണ്ടായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഏഷ്യനാഫ്രിക്കൻ നാടുകളിൽ നിന്ന് അനേകം മുസ്ലിംകൾ ജോലിക്കു വേണ്ടിയും മറ്റും പാശ്ചാത്യ നാടുകളിലേക്ക് കുടിയേറിപ്പാർത്തു. ഇത് അവർക്ക് ക്രിസ്ത്യാനികളുമായി ബന്ധപ്പെടുവാനുള്ള അവസരമൊരുക്കി. അവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളാകട്ടെ ഇസ്ലാമിനെ പരിചയപ്പെടാൻ തൽപരരുമായിരുന്നു.

ക്രി: ബന്ധപ്പെട്ട മിഷനുകൾ തന്നെ ഏറെ സംവാദങ്ങളിൽ ഏർപ്പെടുന്നതിന് മറ്റുവല്ല കാരണങ്ങളും കാണുന്നുണ്ടോ ?

മു: ഇരു മതങ്ങൾക്കിടയിലുമുള്ള വിടവ് കുറഞ്ഞു വരുന്നത് കാരണം പരസ്പര സഹിഷ്ണുത കാണിക്കപ്പെടുന്നതായി ഞാൻ മനസ്സിലാക്കുന്നു. പക്ഷെ, ഇരുവിഭാഗവും കൂടുതൽ മതപരിവർത്തനങ്ങളിൽ മത്സരിക്കുന്നു. എന്റെ ക്രിസ്ത്യൻ അദ്ധ്യാപകൻ *"മുഹമ്മദ് കൃത്രിമക്കാരനും സ്വപ്നജീവിയും അപസ്മാര രോഗിയുമായിരുന്നു"*വെന്ന് പറഞ്ഞിരുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. ഇപ്പോൾ ഇസ്ലാമിനെ സംബന്ധിച്ച് വളരെ അപൂർവ്വം എഴുത്തുകാർ മാത്രമേ അങ്ങനെ പറയുകയുള്ളുവെന്ന് താങ്കൾക്കറിയാമല്ലോ".

ഞങ്ങൾ മുസ്ലിംകൾക്ക് മറ്റുള്ളവരെക്കാൾ ക്രിസ്ത്യാനികളോടാണ് ഏറെ അടുപ്പം. വിശുദ്ധ ഖുർആൻ തന്നെ അക്കാര്യം പ്രസ്താവിക്കുന്നുണ്ട്.

**"നിശ്ചയം, മനുഷ്യഗണത്തിൽ സത്യവിശ്വാസികളോട് ഏറ്റവും ശത്രുതയുള്ളവർ യഹൂദികളും, ശിർക് ചെയ്യുന്നവരുമാണെ**

**ന്ന് നിനക്ക് കാണാം. നിശ്ചയം, സത്യവിശ്വാസികളോട് ഏറ്റ വും അടുത്ത സ്നേഹബന്ധമുള്ളവർ ഞങ്ങൾ നസ്രാനികളാ ണെന്ന് പറയുന്നവരാണെന്നും നിനക്ക് കാണാം. കാരണം, അ വരിൽ ചില പണ്ഡിതാചാര്യന്മാരും പുരോഹിതന്മാരും ഉണ്ടെ ന്നുള്ളതും അവർ അഹംഭാവം നടിക്കുന്നില്ലെന്നതുമാണ്".** *(ഖുർ ആൻ- 5.82)*

ചരിത്രത്തിലാദ്യമായി ചില കൃസ്ത്യൻ വിഭാഗങ്ങൾ ഇപ്പോൾ വളരെയധികം മുമ്പോട്ട് വന്നു, മുഹമ്മദ്നബി (സ) ഇസ്മാഈൽ (അ) ൻെറ രണ്ടാമത്തെ മകൻ കേദറിൻെറ സന്താന പരമ്പരയിൽ പെട്ടവനാണെന്നു സമ്മതിച്ചിട്ടുണ്ട്. പ്രസ്ബിറ്റേറിയൻ ചർച്ചിൻെറ ആഭിമുഖ്യത്തിലുള്ള ക്രിസ്ത്യൻ വിദ്യാഭ്യാസ ബോർഡ് 1980ൽ പ്ര സിദ്ധപ്പെടുത്തിയ ഡാവീസിൻെറ "ബൈബിൾ ഡിക്ഷനറി"യിൽ "കേദാർ" എന്നപദത്തിൻെറ വിശദീകരണമായി "ഇസ്മാഈലിൻെറ സന്തതികളായ ഒരുഗോത്രം" *(ആവർത്തന പുസ്തകം 25.13)* എന്നു തുടങ്ങി "ആ ഗോത്രത്തിൽ നിന്നാണ് അന്തിമമായി, മുഹമ്മദ് വന്ന ത്" എന്നുവരെ പറഞ്ഞിട്ടുണ്ട്. (പ്ളിനി തൻെറ ഗ്രന്ഥത്തിൽ 'Cedrai' എന്നാണിവിടെ ഉപയോഗിച്ചത്.)

ഇൻറർനാഷണൽ സ്റ്റാൻേറർഡ് ബൈബിൾ എൻസൈക്ലോ പീഡിയാ A.S. Fulton ൽ നിന്ന് ഇങ്ങനെയും ഉദ്ധരിക്കുന്നുണ്ട്- "ഇ സ്മാഈലീ ഗോത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കേദറിൻെറ ഗോത്രമായതിനാൽ പിന്നീട് മരുഭൂമിയിലെ എല്ലാഗോത്രങ്ങൾക്കും ഈപേർ പറയപ്പെട്ടു. കേദറിൽ (ഖൈദാർ) കൂടിയാണ് മുസ്‌ലിം ച രിത്രകാരന്മാർ ഇസ്മാഈലുമായി മുഹമ്മദിനെ ബന്ധിപ്പിക്കുന്നത്.

"സ്മിത്തി"ൻെറ ബൈബിൾ ഡിക്ഷനറിയും ഇതിനോട് യോ ജിക്കുന്നുണ്ട്. കേദാർ (കറുത്തവൻ)- ഇസ്മാഈലിൻെറ ദ്വിദീയ പുത്രൻ. *(ഉൽപത്തി 25.13)*

കേദാറിൽ നിന്നുണ്ടായ പ്രസിദ്ധരായ ഖുറൈശികളിലൂടെ മു ഹമ്മദ്, തൻെറ പരമ്പര ഇബ്റാഹിമിലെത്തിക്കുന്നു. ഹിജാസിലെ അറബികൾ "ബനിഹർബ്" (യുദ്ധ തൽപരർ) എന്നു വിളിക്കപ്പെടു ന്നു. അവർ ഇസ്മാഈലികളാകുന്നു. തുടക്കം മുതൽ തന്നെ അ വരുടെ ഭാഷ വളരെ സംശുദ്ധമാണ്. പാൾഗ്രെവ് (palgrave) പ റയുന്നു: "ഖുർആൻ ഇറങ്ങിയ കാലത്തെതു പോലെത്തന്നെ നൂറ്റാ

ണ്ടുകൾക്ക്ശേഷവും അത് സംശുദ്ധമായി നിലനിൽക്കുന്നുവെന്നത് പൗരസ്ത്യ സ്വഭാവങ്ങളുടെ സ്ഥിരതക്ക് തെളിവാണ്". മുസ്‌ലിം കുടിയേറ്റക്കാർ പാശ്ചാത്യനാടുകളിലേക്ക് കൊണ്ടുവന്ന ഏറ്റവും വലിയ ധനം, അവരുടെ മനുഷ്യശക്തിയല്ല; പ്രത്യുത, ഇസ്‌ലാമാണ്. അതിപ്പോൾ അവിടെ വേരോടിക്കഴിഞ്ഞു. അവിടെ ഇസ്‌ലാമിക കേന്ദ്രങ്ങളും പള്ളികളും ഒട്ടേറെ സ്ഥാപിക്കപ്പെട്ടു. കുറെയെണ്ണം വീണ്ടും ഇസ്‌ലാമീകരിക്കപ്പെടുകയും ചെയ്തു. ഇസ്‌ലാം സ്വീകരിച്ചു എന്നതിനുപകരം വീണ്ടും ഇസ്‌ലാമീകരിക്കപ്പെട്ടു എന്ന് പ്രയോഗിക്കാൻ കാരണം, എല്ലാവരും ജനിക്കുന്നത് അല്ലാഹുവിന്ന് കീഴടങ്ങുന്നവരായിയട്ടാണ്. അഥവാ ഏവരും മുസ്‌ലിമായാണ് ജനിക്കുന്നത്; പിന്നീട് അവനെ ജൂദനോ, ക്രിസ്ത്യാനിയോ, നാസ്തികനോ, മറ്റെങ്കിലും വിശ്വാസക്കാരനോ ആക്കിമാറ്റുന്നത് അവരുടെ മാതാപിതാക്കളും സമൂഹവുമാണ്.

ഇസ്‌ലാമിൻെറ പ്രചാരണം വാളുകൊണ്ടായിരുന്നില്ല എന്നതിന് ഇതുതന്നെ പ്രകടമായ നിദർശനമാകുന്നു. ഇസ്‌ലാം പ്രചരിക്കുന്നത് മുസ്‌ലിം സംഘടനകളുടെയും വ്യക്തികളുടെയും പ്രബോധന പ്രവർത്തനങ്ങൾ കൊണ്ടാണ്. ഞങ്ങൾക്ക് ക്രിസ്ത്യൻ മിഷനുകൾ പോലെ സംഘടിതമായ മിഷ്യനുകളില്ല.

1934 നും 1984നുമിടയിൽ ലോകജനസംഖ്യ 136% വർദ്ധിച്ചപ്പോൾ ക്രിസ്തു മതത്തിന് 47% വും ഇസ്‌ലാമിന് 235% വും വർദ്ധനവുണ്ടായി. (Plain truth: Feb 1984, സുവർണ്ണ ജൂബിലി പതിപ്പ്; ഉദ്ധരണി: "World Al manac" 1935 Readers Digest, Al manac 1983)

ക്രി: ക്രിസ്തുമതം, ജൂദായിസം, ഇസ്‌ലാം മതം ഇവമൂന്നും ഒരേ സ്രഷ്ടാവിൽ നിന്നാണ് വന്നതെങ്കിൽ എന്തു കൊണ്ടാണ് അവ തമ്മിൽ വ്യത്യാസങ്ങൾക്ക് കാരണം ?

മു: "സമ്പൂർണ്ണമായി മനുഷ്യൻ അല്ലാഹുവിന് സമർപ്പിക്കുക" എന്നതാണ് ആദം മുതൽ മുഹമ്മദ് (സ) വരെയുള്ള എല്ലാ പ്രവാചകരുടെയും സന്ദേശം, ഈഅടിയറവിനാണ് അറബിയിൽ ഇസ്‌ലാം എന്നു പറയുന്നത്. ഇസ്‌ലാം എന്നാൽ, "സമാധാനം" എന്നും അർത്ഥമുണ്ട്. അഥവാ സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ സമാധാനം. ജൂദമതം, ക്രിസ്തുമതം എന്നിവയിൽ നിന്ന് ഭിന്നമായി ഇസ്‌ലാം എന്ന പേർ സ്രഷ്ടാവായ അല്ലാഹു തന്നെ നൽകിയതാണ്.

**"ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെമതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തരികയും ചെയ്തിരിക്കുന്നു".** *(ഖുർആൻ. 5:3)*

ജൂദായിസം എന്നപേരോ ക്രിസ്തുമതം എന്നപേരോ ബൈബിളിൽ കാണാൻ കഴിയുകയില്ല. ഒരു ബൈബിൾ ഡിക്ഷനറിയിൽ പോലും അത് കാണുകയില്ല. ഒരു ഇസ്രാഈലീ പ്രവാചകനും ജൂദായിസം എന്നപദം ഉപയോഗിച്ചിട്ടില്ല. "ഭൂമിയിൽ ക്രിസ്തുമതം സ്ഥാപിക്കുമെന്ന് യേശു ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. അദ്ദേഹം ഒരിക്കലും തന്നെപറ്റി ക്രിസ്ത്യൻ എന്നു വിളിച്ചിട്ടില്ല. ക്രിസ്ത്യൻ എന്നപദം പുതിയ നിയമത്തിൽ മാത്രം മൂന്നുപ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ട്. യേശു ഭൂമിയിൽനിന്നു വിട്ടുപോയി വളരെകാലത്തിനു ശേഷം- എ.ഡി.43ൽ- ആദ്യമായി അവിശ്വാസികളും അന്ത്യോക്യയിലെ ജൂദന്മാരും കൂടി "ക്രിസ്ത്യാനി" എന്ന പേരിട്ടു. "ആദ്യം അന്ത്യോക്യയിൽവച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനി എന്നപേർ ഉണ്ടായി". *(അപ്പോ.പ്രവൃത്തികൾ 11:26)*

"പിന്നീട് അഗ്രിപ്പ രാജാവ് പൗലോസിനോട് ഞാൻ ക്രിസ്ത്യാനി ആയിത്തീരാൻ നീ എന്നെ അൽപംകൊണ്ട് സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു". *(അപ്പോ.പ്രവൃത്തികൾ 26:28)*


ചുരുക്കത്തിൽ "ക്രിസ്ത്യൻ" എന്നപേർ നൽകിയത് സ്നേഹിതരല്ല, ശത്രുക്കളാണ് എന്ന് വ്യക്തമാണ്. അവസാനമായി പീറ്റർ വിശ്വാസിയെ സാന്ത്വനപ്പെടുത്താനായി അയച്ച തന്റെ കത്തിൽ ഇപ്രകാരം പറയുന്നത് കാണു- "ക്രിസ്ത്യാനിയായി കഷ്ടം സഹിക്കേണ്ടി വന്നാലും ലജ്ജിക്കരുത്". *(പീറ്റർ 4:16)*

ഭൂമിയിലെ ആദ്യത്തെ മുസ്ലിം മുഹമ്മദല്ല. അബ്രഹാമാണ്. അദ്ദേഹം പൂർണ്ണമായും അല്ലാഹുവിന് അടിയറവ്പറഞ്ഞു. ആദം,നൂഹ് മുതലായ അബ്രഹാമിന്റെ മുമ്പുള്ള പ്രവാചകന്മാർക്കും ഇസ്ലാം ജീവിതമാർഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ ഇസ്ലാം മനുഷ്യസമൂഹത്തിന്റെ മുഴുവൻ ജീവിത മാർഗമാണെന്ന് വരുന്നു.

ക്രി: എങ്ങനെയാണ് അബ്രഹാം ഒരു മുസ്ലിമാകുന്നത്; അദ്ദേഹം ഒരു ജൂതനായിട്ടാണല്ലോ അറിയപ്പെടുന്നത് ?

മു: "ജൂതനെന്നോ? ആരാണ് നിങ്ങളോടത് പറഞ്ഞത്?
ക്രി: "അങ്ങനെയാണ് ഞങ്ങൾ പഠിപ്പിക്കപ്പെട്ടത്. ബൈബിളും അതിനെ ശരിവെച്ചേക്കും".
മു: അദ്ദേഹം ഒരു ജൂദനായിരുന്നുവെന്ന് ബൈബിളിൽ എവിടെയാണ് പറയുന്നത്? നിങ്ങൾക്കത് കാണാൻ കഴിയുകയില്ല. ഞാൻ നിങ്ങളെ സഹായിക്കാം. (ഉൽപത്തി 11:31) വായിച്ചു നോക്കുക.
ക്രി: "തേരഹ് തൻെറ മകനായ അബ്രഹാമിനെയും ഹാരാൻെറ മകനായ തൻെറ പൗത്രൻ ലോത്തിനെയും തൻെറ മകനായ അബ്രഹാമിൻെറ ഭാര്യയായി മരുമകളായ സാറായിയെയും കൂടി കൽദയരുടെ പട്ടണമായ "ഊരി"ൽ നിന്നു കനാൻ ദേശത്തേക്ക് പോകുവാൻ പുറപ്പെട്ടു. അവർ ഹാരാൻ വരെ വന്നു അവിടെ പാർത്തു". (ഉൽപത്തി 11:31.)
മു: അതിനാൽ ചാൽഡിസിലെ "ഊരി"ൽ ജനിച്ച അബ്രഹാം ഒരു ജൂതനാകാൻ തരമില്ല. ഒന്നാമതായി ചാൽഡീസ്, മെസൊപൊട്ടേമിയയിലായിരുന്നു. അതിപ്പോൾ ഇറാഖിൻെറ ഭാഗമാണ്. അതിനാൽ അദ്ദേഹം ജൂദനാകുന്നതിനെക്കാൾ "അറബി"യാകാനാണ് സാദ്ധ്യത. രണ്ടാമതായി ജൂതനെന്ന പേർ വരുന്നത് "ജൂദാ"-അബ്രഹാമിൻെറ പൗത്രൻെറ മകൻ- വന്നതിനു ശേഷമാണ്. (പേജ്14ലെ ചാർട്ട് നോക്കുക.)
ക്രി: "ഹാരാനിൽനിന്നു പുറപ്പെടുമ്പോൾ അബ്രഹാമിന്നു 75വയസ്സായിരുന്നു- അങ്ങനെ അവർ കാനാൻ ദേശത്തേക്ക് വന്നു" (ഉൽപത്തി 12:4,5)
മു: അങ്ങനെ അബ്രഹാം കാനാനിലേക്ക് കുടിയേറിപ്പാർത്തു. അപ്പോൾ അദ്ദേഹത്തിനു 75 വയസ്സായിരുന്നു. അദ്ദേഹം അവിടെ ഒരപരിചിതനായിരുന്നുവെന്ന് ബൈബിൾ വളരെ വ്യക്തമായി പറയുന്നുണ്ട്.

"ഞാൻ നിനക്കും നിൻെറശേഷം നിൻെറസന്തതിക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കാനാൻദേശം ഒക്കെയും ശാശ്വതാവകാശമായി തരും. ഞാൻ അവർക്ക് ദൈവവുമായിരിക്കും". (ഉൽപത്തി 17:8.) ഇനി ഉൽപത്തി (14:13) വായിക്കുക.
ക്രി: "ഓടിപ്പോന്ന ഒരുത്തൻ വന്നു. എബ്രായനായ അബ്രഹാമിനെ അറിയിച്ചു". (ഉൽപത്തി 14:13.)




ഉൽപത്തി 16:16, 21:5, 25:25, 26, 25:12. ദിനവൃത്താന്തം 2:2-5. പുറപ്പാട് 1:1-5, 6:16-20.

മു: അബ്രഹാമിനെ എങ്ങനെയാണ് ജൂദൻ എന്നു വിളിക്കുക? ബൈബിളിൽതന്നെ അദ്ദേഹത്തെ ഹിബ്രു എന്നാണ് വിളിക്കുന്നത്. ഹിബ്രു എന്നതിൻെറ അർത്ഥം, യൂപ്രട്ടീസ് നദിയുടെ മറുകരയിൽ നിന്നുള്ള ആൾ എന്നും, "എബർ" എന്നയാളുമായി ബന്ധപ്പെട്ടവൻ എന്നുമാകുന്നു. ഷേമിൻെറ പിൻഗാമിയാകുന്നു എബർ. "ജാകബ്" എന്ന പേരിന് മാലാഖയുമായി മൽപിടുത്തം നടത്തിയ ശേഷം എന്തു സംഭവിച്ചു എന്ന് (ഉൽപത്തി 32:28) വായിക്കുക.
ക്രി: "നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചത് കൊണ്ട് നിൻെറ പേർ ഇനി യാകോബ് എന്നല്ല; യിസ്രയേൽ എന്നു വിളിക്കപ്പെടും എന്ന് അവർ പറഞ്ഞു". (ഉൽപത്തി 32:28)
മു:ആകയാൽ അബ്രഹാം ഒരുഹിബ്രൂവായിരുന്നു. യാക്കോബിൻെറ പിൻഗാമികൾ ഇസ്രാഈലികൾ ആയിരുന്നു. അവർ 12 ഗോത്രങ്ങളായിരുന്നു. യൂദക്ക് ജൂദൻ എന്ന രണ്ടാം പേരുണ്ടായി. അങ്ങനെ യൂദയുടെ മക്കൾ മാത്രമാണ് ജൂദന്മാർ എന്ന് തുടക്കത്തിൽ വിളിക്കപ്പെട്ടത്. യഥാർത്ഥത്തിൽ മോശെ ആരായിരുന്നു വെന്ന് മനസ്സിലാക്കാൻ പുറപ്പാട് (6:16-20) വായിക്കുക.
ക്രി: "വംശപാരമ്പര്യ പ്രകാരം ലേവിയുടെ പുത്രന്മാരുടെ പേരുകൾ ഇവ; ഗേർശോൻ, കഹാത്, മെരാരി . . കഹാത്തിൻെറ പുത്രന്മാർ; അമ്രാം. . . അങ്ങനെ അമ്രാം തൻെറ പിതാവിൻെറ സഹോദരിയായ യാഖോബേദിനെ വിവാഹം കഴിച്ചു. അവൾ അവന്നു അഹരോനെയും മോശെയെയും പ്രസവിച്ചു". (പുറപ്പാട് 6:16-20.)
മു: മോശെ ഒരു ജൂതനായിരുന്നില്ല. കാരണം, അദ്ദേഹം ജൂദയിൽ നിന്നുള്ള സന്തതിയല്ല. അദ്ദേഹം ഒരു ലേവിയനായിരുന്നു. മോശെയായിരുന്നു ഇസ്രാഈൽ സന്തതികൾക്ക് നിയമദാതാവ്. ("തോറാ" എത്തിച്ചു കൊടുത്ത ആൾ എന്നർത്ഥം).
ക്രി: താങ്കൾക്ക് അതൊന്ന് വിശദീകരിക്കാമോ?
മു: ഞങ്ങൾ വിശുദ്ധ ഖുർആൻ ഒരു മാനദണ്ഡമായി സ്വീകരിക്കുന്നു. ജൂദ-ക്രിസത്യൻ പക്ഷപാതങ്ങളൊഴിവാക്കി ഖുർആൻ അനുസരിച്ച് ബൈബിളിനെ നിങ്ങൾക്ക് വ്യാഖ്യാനിക്കാം. ഒരിക്കലും മായം ചേർക്കപ്പെടാത്ത, കൈകടത്തലുകളില്ലാത്ത, അവസാനത്തെ വേദഗ്രന്ഥമാകുന്നു ഖുർആൻ. അതിൻെറ ഉള്ളടക്കം സുരക്ഷിതമായി സൂക്ഷിക്കുമെന്ന് അല്ലാഹു തന്നെ ഉറപ്പ് നൽകുന്നുണ്ട്.

"അതാണ് വേദഗ്രന്ഥം, അതിൽ യാതൊരു സംശയവുമില്ല". *(ഖുർആൻ 2 : 2)*

"നാമാണ് ഖുർആൻ അവതരിപ്പിച്ചത്. നിശ്ചയം, നാം തന്നെ അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്". *(ഖുർആ ൻ 15 : 9)*

"മനുഷ്യ സമൂഹത്തോടുള്ള ഒരു വെല്ലുവിളിയാണിത്. ഒരുപദം പോലും മാറ്റം വരാതെ 14 നൂറ്റാണ്ടുകളായി ഖുർആൻ നിലനിൽക്കുന്നു എന്നത് വളരെ വ്യക്തമായ ഒരു വസ്തുതയാണ്. അവിശ്വാസികൾ സർവ്വ ശക്തിയുമുപയോഗിച്ച് അതിൽ മാറ്റം വരുത്താൻ ശ്രമിച്ചിട്ടും ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. "നാം തന്നെ അത് കാത്തു സൂക്ഷിക്കുന്നതാണ്" എന്ന വിശുദ്ധ സൂക്തമനുസരിച്ച് അല്ലാഹു അത് കാത്തു രക്ഷിച്ചിട്ടുണ്ട്. അതെ സമയം ഇതര "പവിത്ര ഗ്രന്ഥ"ങ്ങളായ തോറയും, സങ്കീർത്തനങ്ങളും, സുവിശേഷങ്ങളുമെല്ലാം തന്നെ വികൃതമാക്കപ്പെട്ടു. അവയിൽ നി ന്ന് ചോർത്തിയും ചേർത്തിയുമെല്ലാം അതിലെ മൗലികത വികലമാക്കപ്പെടുകയുണ്ടായി.

ക്രി: മോശെയെയും അബ്രഹാമിനെയും പറ്റി ബൈബിൾ വിവരണത്തെക്കാളേറെ ഖുർആൻ എന്തു പറയുന്നു?

മു: "അല്ലയോ വേദക്കാരെ (ജൂദരും ക്രിസ്ത്യാനികളും) നിങ്ങൾ എന്തിനാണ് ഇബ്രാഹീമിനെ സംബന്ധിച്ച് തർക്കിക്കുന്നത്? അദ്ദേഹത്തിനു ശേഷമാണല്ലോ തൗറാത്തും ഇഞ്ചീലും ഇറക്കപ്പെട്ടത്തന്നെ. എന്താണ് നിങ്ങൾ ചിന്തിക്കുന്നില്ലേ? *(ഖുർആൻ 3:65)*

"ഇബ്റാഹീം ഒരു യഹൂദനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല. അദ്ദേഹം ഒരു ശുദ്ധമനസ്കനും കീഴൊതുങ്ങിയവനും (മുസ്ലിം) ആയിരുന്നു. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല". *(ഖുർആൻ 3:67)*

"നിശ്ചയം ഇബ്രാഹീമും ഇസ്മാഈലും ഇസ്ഹാഖും യഅ്ഖൂബും സന്തതികളും യഹൂദികളോ നസ്രാണികളോ ആയിരുന്നുവെന്ന് നിങ്ങൾ പറയുന്നുണ്ടോ? (എന്നാൽ) നീ പറയുക, നിങ്ങളാണോ ഏറ്റവും അറിയുന്നവർ, അതോ അല്ലാഹുവോ? തൻെറപക്കലുള്ള വല്ല സാക്ഷ്യവും അല്ലാഹുവിൻെറ അടുത്ത് മറച്ചു വക്കുന്നവനെക്കാൾ വലിയ

**അക്രമി ആരുണ്ട്? നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി അല്ലാഹു അശ്രദ്ധനൊന്നുമല്ല".** *(ഖുർആൻ 2:140)*

അപ്പോൾ, അവർ ജൂദന്മാരോ ക്രിസ്ത്യാനികളോ ആയിരുന്നില്ല. ജൂദൻ എന്നപേര് ജൂദാക്കു ശേഷമാണ് വന്നത്. ക്രിസ്ത്യാനി എന്ന പേരാകട്ടെ യേശുവിൻെറ വളരെ കാലത്തിനു ശേഷവും.

ക്രി: "അല്ലാഹു" എന്ന പേർ അപരിചിതമായി തോന്നുന്നല്ലോ. എന്താണ് നിങ്ങൾ ദൈവം എന്ന പേർ ഉപയോഗിക്കാത്തത്?

മു: അതെ, അല്ലാഹു എന്ന പേർ അമുസ്ലിംകൾക്ക് വളരെ അപരിചിതമാണ്. പക്ഷെ, ആദം മുതൽ മുഹമ്മദ് (അ) വരെയുള്ള എല്ലാ പ്രവാചകന്മാരും ഉപയോഗിച്ച പദമാണത്. "അൽ" എന്നും ഇലാഹ് എന്നും കൂട്ടിച്ചേർന്നതാണത്. (യഥാർത്ഥ ആരാധ്യൻ എന്നർത്ഥം) "ഇലാഹ്"ലെ ആദ്യക്ഷരം (ا) ഉപേക്ഷിച്ചു, ചേർത്തിപ്പറയുമ്പോൾ "അല്ലാഹു" എന്ന പദം കിട്ടും. അറബി ഭാഷയിൽ ഒരു വാചകത്തിലായിരിക്കുമ്പോൾ ഈ പദത്തിൻെറരൂപം "അല്ലാഹ്" എന്നായിരിക്കും. ഇത് ഹിബ്രുവിലെ "എലൊഹ" (സ്രഷ്ടാവ്) എന്നതിൻെറ വളരെ അടുത്ത പദമാണ്. പക്ഷെ, ജൂദന്മാർ ഇതിൻെറ ബഹുവചനമായ "എലൊഹിം" എന്നാണ് ഉപയോഗിക്കുന്നത്. ഒന്നിലധികം ദൈവങ്ങളെ അത് സൂചിപ്പിക്കുന്നു. "അല്ലാഹ്" എന്ന പദമാണ് യേശു ഉപയോഗിച്ച അറമിക് പദത്തോട് (അലാഹ) ഏറ്റവും അടുത്തു വരുന്നത്. (Encyclopaedia Britanica-1980, Allah, Elohim എന്നിവ നോക്കുക.) അങ്ങനെ അല്ലാഹു എന്നപദം അമുസ്ലിംകൾക്ക് അപരിചിതമാണെങ്കിലും ആദം മുതൽക്കുള്ള ഒരു പ്രവാചകനും അത് അപരിചിതമല്ല. കാരണം, അ വരെല്ലാം, പ്രചരിപ്പിച്ചത് അടിസ്ഥാനപരമായി ഒരേ "ഇസ്ലാ"മാണ്. -അഥവാ അല്ലാഹുവിന് സമ്പൂർണ്ണമായ സമർപ്പണം. "അല്ലാഹു" എന്നത് അത്യുന്നതമായ ഒരു ശക്തിയെ -ദൈവത്തെ- സൂചിപ്പിക്കുന്നു. അത് ബഹുത്വമോ ലിംഗഗുണമോ ഉൾകൊള്ളുന്നില്ല. അതുകൊണ്ട് തന്നെ, "ദൈവ"ങ്ങളും ദേവീ ദേവന്മാരും ഉള്ളതുപോലെ ഒന്നിലധികം "അല്ലാഹു"മാരില്ല; സ്ത്രീ പുരുഷ അല്ലാഹു മാരുമില്ല. ഇംഗ്ളീഷിലെ God എന്നപദം ഉപയോഗിക്കുന്നതിലും അപാകതയുണ്ട്. കാരണം, ഇംഗ്ളീഷ് സംസാരിക്കുന്ന പല ക്രിസ് ത്യാനികളും യേശുവിനെ God ആയി കാണുന്നു. "സ്രഷ്ടാവ്" എന്നപദം പോലും കുഴപ്പമുണ്ടാക്കു

ന്നു. കാരണം, പല ക്രിസ്ത്യാനികളും യേശുവിനെ ലോകസ്രഷ്ടാവായി കാണുന്നുണ്ട്.

അല്ലാഹു എന്ന പദം മാത്രമല്ല അമുസ്ലിംകൾക്ക് അപരിചിതമായിട്ടുള്ളത്. അല്ലാഹുവിനുള്ള ആരാധനയും അതിൻെറ രൂപവും, (ദേഹശുദ്ധി വരുത്തൽ, കുമ്പിടൽ, മുട്ടുകുത്തൽ, സുജൂദ് ചെയ്യൽ, നോമ്പനുഷ്ഠിക്കൽ മുതലായവ) അമുസ്ലിംകൾക്ക് അപരിചിതമാണ്. പക്ഷെ, പ്രവാചകർക്ക് ഒരിക്കലും അവ അപരിചിതമായിരുന്നില്ല. പ്രാർത്ഥനക്കു മുമ്പുള്ള ദേഹശുദ്ധീകരണം (മുഖവും കൈകാലുകളും കഴുകുകയും തല തടവുകയും ചെയ്യൽ) പുത്തൻ ക്രിസ്ത്യാനികൾ കയ്യൊഴിച്ചിരിക്കുന്നു. എന്നാൽ മുസ്ലിംകൾ അതിപ്പോഴും ആവശ്യമായി കാണുന്നു. പൂർവ്വ പ്രവാചകരും അങ്ങനെ തന്നെയായിരുന്നുവെന്ന് ബൈബിളിൽ കാണാം.

"മോശെയും അഹരോനും അവൻെറ പുത്രന്മാരും അതിൽ കയ്യും കാലും കഴുകി. അവർ സമാഗമന കൂടാരത്തിൽ കടക്കുമ്പോഴും യാഗപീഠത്തിൽ ചെല്ലുമ്പോഴും കൈകാലുകൾ കഴുകും. യഹോവ മോശെയോടു കൽപിച്ചത് പോലെത്തന്നെ".(പുറപ്പാട് 40:30-32)

സെൻറ്പോൾ യേശുവിൻെറ അദ്ധ്യാപനങ്ങളിൽ അനേകം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ശുദ്ധീകരണത്തെ സംബന്ധിച്ച നിർദ്ദേശം അദ്ദേഹം വിശ്വസ്തമായി നിലനിർത്തിയിട്ടുണ്ട്.

"അങ്ങനെ പൗലോസ് ആ പുരുഷന്മാരെ കൂട്ടിക്കൊണ്ടു പിറ്റേന്നാൾ അവരോടു കൂടെത്തന്നെ ശുദ്ധിവരുത്തി ദേവാലയത്തിൽ ചെന്നു. . . " (അപ്പോ:പ്രവൃത്തികൾ 21:26)

മുസ്ലിം സ്ത്രീകൾ അവരുടെ പ്രാർത്ഥനകൾ നിർവ്വഹിക്കുന്നത് തലമറച്ചു കൊണ്ടാണ്. (1.കൊരിന്ത്യർ 11:5, 6-13ൽ പറഞ്ഞതു പോലെ.)

"മൂടുപടമില്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏത് സ്ത്രീയും തൻെറ തലയെ അപമാനിക്കുന്നു. അത് അവൾ ക്ഷൗരം ചെയ്യിച്ചതു പോലെയല്ലോ. സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്ക് ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ. .
നിങ്ങൾ തന്നെ വിധിപ്പിൻ, സ്ത്രീ മൂടുപടമിടാതെ ദൈവത്തോട്

പ്രാർത്ഥിക്കുന്നത് യോഗ്യമോ?" (കൊരിന്ത്യർ 11: 5,6-13)

മുസ്ലിംകൾ പൂർവ്വപ്രവാചകന്മാർ ചെയ്തതു പോലെ കുനിഞ്ഞ്, മുട്ടുകുത്തി, സാഷ്ടാംഗം ചെയ്ത് പാദരക്ഷയണിയാതെ പ്രാർത്ഥിക്കുന്നു. സങ്കീർത്തനം (95:6) നോക്കുക.

"വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക". (സങ്കീർത്തനങ്ങൾ 95:6)
"അപ്പോൾ യോശുവ സാഷ്ടാംഗം വീണു നമസ്കരിച്ചു". (യോശുവ 5:14)

"ഏലിയാവോ കർമ്മേൽ പർവ്വതത്തിന്റെ മുകളിൽ കയറി നിലത്തു കുനിഞ്ഞ് മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വച്ചു". (1 രാജാക്കന്മാർ 18:42)

"എന്നാറെ മോശെയും അഹറോനും സഭയുടെ മുമ്പിൽ നിന്ന് സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ ചെന്ന് കവിണ്ണുവീണു. യഹോവയുടെ തേജസ്സ് അവർക്ക് പ്രത്യക്ഷമായി". (സംഖ്യാപുസ്തകം 20:6)

"അപ്പോൾ അബ്രാം സാഷ്ടാംഗം വീണു; ദൈവം അവനോട് അരുളിച്ചെയ്തതെന്തെന്നാൽ. . ." (ഉൽപത്തി 17:3)

"അപ്പോൾ അവൻ ഇങ്ങോട്ടു അടുക്കരുത്. നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽനിന്ന് ചെരുപ്പ് അഴിച്ചുകളക എന്ന് കൽപിച്ചു". (പുറപ്പാട് 3:5)

മുസ്ലിംകൾ ഇന്നു നിർവ്വഹിക്കുന്ന ഹജ്ജും തീർത്ഥാടന യാത്രയും മക്കയിൽ കഅ്ബക്ക് ചുറ്റുമുള്ള പ്രദക്ഷിണവുമെല്ലാം തന്നെ ഇസ്രാഈലീ പ്രവാചകന്മാരടക്കമുള്ള അനേകം പ്രവാചകന്മാർ ചെയ്തിരുന്നുവെന്ന് കേൾക്കുന്ന ക്രിസ്ത്യാനിക്ക് അമ്പരപ്പുളവാക്കും.

ക്രി:"ഹജ്ജിനെപ്പറ്റിയോ പുണ്യശിലയെപ്പറ്റിയോ ബൈബിളിൽ ഞാൻ വായിച്ചിട്ടില്ല".

:മു:വളരെ വ്യക്തമായി ബൈബിളിൽ ഇക്കാര്യങ്ങൾ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, ബൈബിൾ വായനക്കാർ അതു കാണാതെ പോവുകയാണ്.

1-യാകൂബ് തന്റെ പദാൻ അറാമിലേക്കുള്ള വഴിമദ്ധ്യേ ഒരു സ്വപ്നം കണ്ടു; പിറ്റെദിവസം രാവിലെ ഒരു ശിലാസ്തംഭമുണ്ടാക്കി

അതിനു "ബെത്-എൽ, -ദൈവഭവനം- എന്നു പേരിട്ടു". (ഉൽപത്തി 28:18,19 നോക്കുക)

2-കൊല്ലങ്ങൾക്കു ശേഷം അതേ പ്രവാചകൻ യാക്കൂബ് തന്നെ വീണ്ടും "ബെത്-എലിൽ" പോകാൻ കൽപിക്കപ്പെട്ടു. (ഉൽപത്തി 35: 1-4,14-15 നോക്കുക). അവിടേക്കു പോകുന്നതിനു മുമ്പ് തന്നെ എല്ലാ അപരിചിത ദേവന്മാരെയും നീക്കിക്കളഞ്ഞു. പിൽകാലത്ത് മുഹമ്മദ് (സ) മക്കയിലെ കഅ്ബയിലെ എല്ലാ ബിംബങ്ങളെയും ഒഴിവാക്കി.

3-മറ്റൊരു സ്തൂപം യാക്കൂബും അദ്ദേഹത്തിൻെറ ഭാര്യാപിതാവ് ലാബനും കൂടി നിർമ്മിച്ചു. (ഉൽപത്തി 31: 45-49 നോക്കുക.)
"യാക്കൂബ് ഒരു കല്ലെടുത്തു ഒരു തൂണായി നിർത്തി. കല്ലു കൂട്ടുവിൻ എന്ന് യാക്കൂബ് തൻെറ സഹോദരന്മാരോട് പറഞ്ഞു. അവർ കല്ലെടുത്തു കൂമ്പാരമുണ്ടാക്കി. ആ കൂമ്പാരത്തിന്മേൽ വെച്ചു അവർ ഭക്ഷണം കഴിച്ചു. ലാബാൻ അതിന് യെഗർ-സഹദൂഥാ (സാക്ഷ്യത്തിൻെറ കൂമ്പാരം) എന്നുപേരിട്ടു; ഈകൂമ്പാരം ഇന്ന് എനിക്കും നിനക്കും മദ്ധ്യേ സാക്ഷി എന്ന് ലാബാൻ പറഞ്ഞു. അതു കൊണ്ട് അതിനു ഗലേദ് എന്നും മിസ്പാ (കാവൽ മാടം) എന്നും പേരായി. നാം തമ്മിൽ അകന്നിരിക്കുമ്പോൾ യഹോവ എനിക്കും നിനക്കും നടുവെ കാവലായിരിക്കട്ടെ. . ." (ഉൽപത്തി 31:45-49)

4-യിഫ്താഹും അമ്മോന്യരും തമ്മിൽ ഒരു യുദ്ധമുണ്ടായി. താൻ ജയിക്കുകയാണെങ്കിൽ തൻെറ ഏകമകളെ ബലിയർപ്പിക്കാമെന്ന് യിഫ്താഹ് ഗിലെയാദിലെ "മിസ്പ"യിൽ നിന്നു യഹോവയോട് വാഗ്ദത്തം ചെയ്തു. അദ്ദേഹം ജയിച്ചു. തൻെറ മകളെ ജീവനോടെ ബലിയർപ്പിച്ചു. (ന്യായാധിപന്മാർ 11:29-39 നോക്കുക.)

5-4ലക്ഷം ഭടന്മാർ ഇസ്രാഈലിൻെറ 11ഗോത്രങ്ങളിലും നിന്ന് മിസ്പയിൽ വെച്ച്, ബെഞ്ചമിൻ ഗോത്രത്തെ ഉന്മൂലനം ചെയ്യാമെന്നു ദൈവത്തോടു ശപഥം ചെയ്തു. (ന്യായാധിപന്മാർ: 20,21 അദ്ധ്യായങ്ങൾ നോക്കുക.)

6-ശ്യാമുവേലിൻെറ നേതൃത്വത്തിൽ ഇസ്രാഈൽ മക്കൾ, "മിസ്പ"യിൽ വെച്ച് ഫിലിസ്ത്യന്മാരെ പരാജയപ്പെടുത്താൻ സാധിച്ചാൽ എല്ലാബിംബങ്ങളെയും നശിപ്പിക്കാമെന്നു ശപഥംചെയ്തു. (1 ശ്യാമുവേൽ : 7 നോക്കുക.)

7-ഇസ്രാഈൽ ജനങ്ങൾ മുഴുവൻ "മിസ്പ"യിൽ സമ്മേളിച്ചു, ശമുവേലിനെ ഇസ്രാഈലിൻെറ രാജാവായി നിശ്ചയിച്ച സന്ദർഭത്തിൽ. (ശമുവേൽ: 10 നോക്കുക.)

ലോകത്ത് പുണ്യനഗരമായ മക്കയിലൊഴിച്ചു ഒരിടത്തും ഒരു "മിസ്പ"യും (Mizpah) അവശേഷിക്കുന്നില്ലെന്നത് വളരെ വ്യക്തമാണ്. മക്കയിൽ അബ്രഹാമും അദ്ദേഹത്തിൻെറ മകൻ ഇസ്മാഈലും നിർമ്മിച്ചതാണത്. അവരുടെ പരമ്പരയിൽ നിന്നാണ് അന്ത്യപ്രവാചകൻ മുഹമ്മദ് (സ) നിയുക്തനായത്. പ്രവാചകന്മാരുടെയെല്ലാം യഥാർത്ഥ അനുയായികൾ മുസ്ലിംകളാണ്. ഇസ്ലാമിനെയും മുസ്ലിംകളെയും മുഹമ്മദ് നബി (സ) യെയും സംബന്ധിച്ച് ബൈബിളിലുള്ള മറ്റുപലതും ഞാൻ പറഞ്ഞുതരാം. പക്ഷെ, താങ്കൾ സത്യാന്വേഷിയല്ലെങ്കിൽപ്പിന്നെ അതു കൊണ്ടെന്ത് പ്രയോജനം?

ക്രി: ഒരു ക്രിസ്ത്യാനിയെന്ന നിലക്ക് എനിക്ക് എൻെറ മതത്തിൽ വിശ്വാസമുണ്ട്. പക്ഷെ, ഇരു മതങ്ങളെ പറ്റിയും കൂടുതലറിയാൻ എനിക്ക് അതിയായ അന്തർദാഹമുണ്ട്. മുസ്ലിംകളാൽ വിരചിതമായ കൃതികൾ വായിക്കുമ്പോൾ ഒരു ക്രിസ്ത്യാനിയെന്ന നിലക്ക് ഞാൻ സ്വയം പരിഹാസ്യനായിത്തീരുന്നതായി എനിക്ക് തോന്നാറുണ്ട്.

മു: താങ്കളുടെ മതജീവിതത്തിൽ അത് സ്വാധീനിച്ചിട്ടുണ്ടോ?

ക്രി: അതെ, മുമ്പത്തെപ്പോലെ ഞാനിപ്പോൾ ചർച്ചിൽ പോകാറില്ല. മുസ്ലിംകൾ എഴുതിയ പുസ്തകങ്ങൾ രഹസ്യമായി ഞാൻ വായിക്കുന്നു. എനിക്കു മനസ്സിലാകാത്ത കാര്യങ്ങളെപ്പറ്റി പല മുസ്ലിംകളോടും ഞാൻ ചോദിക്കാറുണ്ട്. പക്ഷെ, അതിൽ ഞാൻ തൃപ്തിയടയാറില്ല. അന്ധമായി അംഗീകരിക്കേണ്ടതില്ലാത്ത, ശാസ്ത്രീയമായി സ്വീകരിക്കാവുന്ന, മനഃശാന്തി പകരുന്ന, ആലംബമായി ആശ്രയിക്കാവുന്ന ഒരു വിശ്വാസത്തിന് വേണ്ടി അന്വേഷണ നിരതനാണ് ഞാൻ.

മു: ശരി, അതു തന്നെയാണ് വേണ്ടത്. താങ്കളുടെ നിലപാടിൽ എനിക്ക് മതിപ്പുണ്ട്. പക്ഷെ, ആരെയും പ്രലോഭിപ്പിക്കുവാൻ ഞങ്ങൾക്കനുവാദമില്ല. ഞങ്ങൾ പറയുന്നത് ശ്രദ്ധിക്കുന്നവരിലാണ് ഞങ്ങൾ പ്രചാരണം നടത്തുന്നത്.

ക്രി:"ഇഷ്ടപ്പെട്ട ഏതു വിശ്വാസവും തെരഞ്ഞെടുക്കുവാൻ എനിക്ക് സ്വാതന്ത്ര്യമുണ്ട്. ആർക്കും എന്നെ തടയാനാവില്ല".

**മു: "അതെ, മതകാര്യങ്ങളിൽ യാതൊരു നിർബന്ധവും പാടില്ല".**

ക്രി: എന്നാൽ മുസ്ലിംകൾ എന്തിനാണ് തങ്ങളുടെ വിശ്വാസം സ്വീകരിക്കുവാൻ വേണ്ടി മറ്റുള്ളവരെ ക്ഷണിക്കുന്നത്?

മു: യേശുവിനെ മെസീഹയായി അംഗീകരിക്കണമെന്ന് ജൂദന്മാരോട് ക്രിസ്ത്യാനികൾ ആവശ്യപ്പെടുന്നതു പോലെ ഞങ്ങൾ, മുസ്ലിംകൾ ക്രിസ്ത്യാനികളോടും ജൂദന്മാരോടും അഖില മനുഷ്യരോടും മുഹമ്മദിനെ അന്ത്യപ്രവാചകനായി അംഗീകരിക്കുവാൻ ആവശ്യപ്പെടുന്നു. "ഒരു ഖുർആൻ സൂക്തമെങ്കിലും നിങ്ങൾ എന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുക" എന്ന് ഞങ്ങളുടെ പ്രവാചകൻ മുഹമ്മദ് (സ) പ്രസ്താവിച്ചിട്ടുണ്ട്.

യെശയ്യാവ് 21:13ൽ "The burden upon Arabia" എന്ന് പറഞ്ഞതിന്റെതാൽപര്യം, മുസ്ലിം അറബികളുടെ ഉത്തരവാദിത്തം അഥവാ "ഇസ്ലാം പ്രചരിപ്പിക്കുവാനുള്ള എല്ലാ മുസ്ലിംകളുടെയും ഉത്തരവാദിത്ത"മാണ്. ഒട്ടകങ്ങളുടെയും കഴുതകളുടെയും രഥങ്ങൾ ഒരു ദർശനത്തിൽ കണ്ട ശേഷമാണ് യെശയ്യാവ് ഇക്കാര്യം പ്രസ്താവിച്ചത്.

"ഈരണ്ടീരണ്ടായി വരുന്ന കുതിരപ്പടയെയും കഴുതപ്പടയെയും കാണുമ്പോൾ അവൻ ബഹുശ്രദ്ധയോടെ ശ്രദ്ധിക്കട്ടെ എന്ന് കൽപിച്ചു". (യെശയ്യാവ് 21:7)

കഴുതകളുടെ രഥം എന്നത് യേശു ജറൂസലേമിൽ പ്രവേശിക്കുന്നതായിരുന്നു. (യോഹന്നാൻ 12:14, മത്തായി 21:6,7ൽ നോക്കുക.) പിന്നെ ആരാണ് ഒട്ടക രഥക്കാരൻ? അത് മുഹമ്മദ് (സ) അല്ലാതെ മറ്റാരാണ്? മെസിഹയുടെ സമാഗമത്തിന്റെ ഏകദേശം 600 കൊല്ലങ്ങൾക്കു ശേഷം വന്നയാളാണ് മുഹമ്മദ് (സ). ഇതു സ്വീകാര്യമല്ലെങ്കിൽ പിന്നെ ഈ ബൈബിൾ പ്രവചനം ഇതുവരെ പൂർത്തികരിക്കപ്പെട്ടിട്ടില്ല എന്നു വരും.

ക്രി: ബൈബിൾ പുനഃപരിശോധിക്കാൻ താങ്കളുടെ വിശദികരണം എന്നെ പ്രേരിപ്പിക്കുന്നു. താങ്കളുമായി കൂടുതൽ സംവദിക്കാൻ എനിക്ക് താൽപര്യമുണ്ട്.

മു: അതെ, ഇഹലോകത്ത് താങ്കൾ വിജയിയാണെങ്കിൽ അതൊരി

ക്കലും പരലോകത്ത് വിജയിയായിരിക്കുമെന്നതിന്റെ യാതൊരു സൂചനയുമല്ല. പരലോകമെന്നത് ഇഹലോകത്തെക്കാൾ സമുന്നതവും ശാശ്വതവുമാണ്. ഇക്കാലത്ത് ജനങ്ങൾ അധികവും ഭൗതികതൽപരരും മതരഹിതരുമായിത്തീർന്നിട്ടുണ്ട്. മുൻധാരണകളില്ലാതെ നമുക്കൊത്തുകൂടി പലപ്പോഴായി അഭിപ്രായ ഭിന്നതകളെപറ്റി തുറന്ന മനസ്സോടെ ചർച്ചചെയ്യാം. നിങ്ങൾ വെറുതെയങ്ങ് ഇസ്ലാം സ്വീകരിക്കേണ്ടതില്ല. ബുദ്ധിയിലധിഷ്ഠിതമായ മതമാണിസ്ലാം. നിങ്ങളുടെ ബൈബിൾ പറയുന്നതും അതാണല്ലോ.

"സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ". (1. തെസ്സലോനിക്യർ 5:21)

ക്രി: ഒട്ടകരഥത്തെ കുറിച്ച് നിങ്ങളിപ്പോൾ ഉദ്ധരിച്ചുവല്ലോ. അത് മുഹമ്മദാണെന്ന് നിങ്ങൾ തീരുമാനത്തിലെത്തുകയും ചെയ്തു. അദ്ദേഹത്തെ സംബന്ധിച്ച് ബൈബിളിൽ പറഞ്ഞിട്ടുണ്ടോ?

മു: "തീർച്ചയായും"

ക്രി: പഴയ നിയമത്തിലോ പുതിയ നിയമത്തിലോ?

മു: രണ്ടിലും ഉണ്ട്. പക്ഷെ, ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നതുവരെ ബൈബിളിൽ താങ്കൾക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിയില്ല. അതായത് "വിശുദ്ധത്രിത്വം" (Trinity), "യേശുവിന്റെ ദിവ്യത്വം", "ദൈവപുത്ര പദവി", "പൂർവ്വപാപം", "പാപമോചനം" മുതലായ സങ്കൽപങ്ങളിൽ വിശ്വസിച്ചു കൊണ്ട് അത് മനസ്സിലാക്കാൻ പ്രയാസമാണെന്നർത്ഥം. ഈ സങ്കൽപങ്ങളെല്ലാം തന്നെ മനുഷ്യനിർമ്മിതങ്ങളാണ്. ജനങ്ങൾ മനുഷ്യ നിർമ്മിത സങ്കൽപങ്ങളിൽ വിശ്വസിക്കുകയും വ്യർത്ഥമായ നിലയിൽ അവർ തന്നെ ആരാധിക്കുകയും ചെയ്യുമെന്ന് യേശു തന്നെ പ്രവചിച്ചിട്ടുണ്ട്.

"മനുഷ്യ കൽപനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നത്കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു". (മത്തായി 15:9)

## ബൈബിളിന്റെ പവിത്രത

മു: ബൈബിൾ പവിത്രമാണെന്ന് താങ്കൾക്ക് ഉറപ്പുണ്ടോ?

ക്രി: അതെ, എനിക്കുറപ്പുണ്ട്. അത് ദൈവത്തിന്റെ വചനമാണ്.

മു: എന്നാൽ ലൂക്കോസ് (1:2,3) തന്റെ റിക്കാഡിംഗിനെപ്പറ്റി പറഞ്ഞത് വായിച്ചു നോക്കൂ.

ക്രി: "ശ്രീമാനായ തെയോഫിലോസേ, ആദി മുതൽ കണ്ട സാക്ഷികളും വചനത്തിൻെറ ശുശ്രൂഷകന്മാരുമായവർ നമ്മെ ഭരമേൽപിച്ചതു പോലെ, നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചു വരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരുചരിത്രം ചമപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ട് നിനക്ക് ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന് അത് ക്രമമായി എഴുതുന്നത് നന്നെന്ന് ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിക്കുന്നു". (ലൂക്കോസ് 1:1-4)
മു: താനൊരു ദൃക്സാക്ഷിയല്ലെന്നും ഞാൻ ശേഖരിച്ച വിജ്ഞാനം ദൈവം അറിയിച്ചവയല്ലെന്നും പ്രത്യുത ദൃക്സാക്ഷികളിൽ നിന്നുള്ളതാണെന്നും ലൂക്കോസ് തന്നെ പറഞ്ഞ സ്ഥിതിക്ക് ബൈബിൾ ദൈവവചനങ്ങളാണെന്നു താങ്കൾക്ക് ഇനിയും വിശ്വാസമുണ്ടോ?
ക്രി: "ഒരുപക്ഷെ, ഈ ഭാഗം മാത്രം ദൈവ വചനമല്ലായിരിക്കാം.
മു: കാലാകാലങ്ങളിലായി ബൈബിളിൽ പല മാറ്റങ്ങളും വന്നിട്ടുണ്ടെന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. 1052ലെയും 1071ലെയും പരിഷ്കൃത പതിപ്പുകളും അമേരിക്കൻ ബൈബിളും മറ്റും ജെയിംസ് രാജാവിൻെറ ബൈബിൾ പതിപ്പിൽ നിന്ന് പലതും നീക്കിക്കളഞ്ഞിട്ടുണ്ട്. റീഡേഴ്സ് ഡൈജസ്റ്റിൻെറ ബൈബിളിൽ പഴയ നിയമത്തിൻെറ അമ്പത് ശതമാനവും പുതിയ നിയമത്തിൻെറ ഇരുപത്തഞ്ച് ശതമാനവും ചുരുക്കിക്കളഞ്ഞിട്ടുണ്ട്. കുറച്ചു കൊല്ലങ്ങൾക്കു മുമ്പ് ക്രിസ്ത്യൻ മതപണ്ഡിതന്മാർ ബൈബിളിനെ "ഡിസെക്സ്" (Desex) ചെയ്യാൻ ആഗ്രഹിച്ചു. "പവിത്രം" എന്നതു കൊണ്ടുദ്ദേശിക്കുന്നത് തെറ്റില്ലാത്ത ബൈബിൾ എന്നാണോ?
ക്രി: അതെ, അങ്ങനെത്തന്നെയാണ്. ഏതു വിധം തെറ്റാണ് താങ്കൾ ഉദ്ദേശിക്കുന്നത്?
മു: "ഒരുവ്യക്തി തൻെറ 55-ാം വയസ്സിൽ മരിച്ചു" എന്ന് ഒരിടത്തു പറയുമ്പോൾ മറ്റൊരിടത്ത് അതേവ്യക്തി തന്നെ 60-ാം വയസ്സിൽ മരിച്ചു എന്നു പറയുന്നു. ഇത് രണ്ടുംകൂടി സത്യമാകുമോ?
ക്രി: "ഇല്ല. അവ രണ്ടുംകൂടി ഒരിക്കലും സത്യമാകാനിടയില്ല. ഏതെങ്കിലും ഒന്ന് ശരിയാകാം, അല്ലെങ്കിൽ രണ്ടും തെറ്റുമാകാം".
മു: ഒരു "പവിത്ര ഗ്രന്ഥം" പരസ്പര വിരുദ്ധമായ പ്രസ്താവന ഉ

ൾകൊള്ളുന്നുവെങ്കിൽ അതിനെ താങ്കൾ പവിത്രമായി ഗണിക്കുമോ?

ക്രി: ഒരിക്കലുമില്ല. പവിത്ര ഗ്രന്ഥമെന്നത് ദൈവത്തിൽ നിന്നുള്ള അരുളപ്പാടുകളാണ്. അതുകൊണ്ട് തന്നെ അതിൽ ഒരിക്കലും തെറ്റു വന്നുകൂടാ. പരസ്പര വൈരുദ്ധ്യം ഉണ്ടായിക്കൂടാ.

മു: "അപ്പോൾ അതു പവിത്ര ഗ്രന്ഥമല്ലെന്നർത്ഥം".

ക്രി: അതെ, അത് പവിത്ര ഗ്രന്ഥമല്ലാതായിത്തീരുന്നു.

മു: അങ്ങനെയെങ്കിൽപ്പിന്നെ താങ്കൾക്കത് നൂറുശതമാനവും വിശ്വസിക്കാവതല്ലല്ലോ. എന്താണ് അങ്ങനെ വരാൻ കാരണം?

ക്രി: അത് റിക്കാഡ് ചെയ്തപ്പോഴുള്ള പിഴവുകളായിരിക്കാം. അല്ലെങ്കിൽ എഴുത്തുകാർ മനഃപൂർവ്വംവരുത്തിയ തെറ്റുകളായിരിക്കാം.

മു:ബൈബിളിൽ പരസ്പര വിരുദ്ധങ്ങളായ വാക്യങ്ങൾ ഉണ്ടെങ്കിൽ താങ്കൾ അതിനെ ഇനിയും പവിത്രമായി ഗണിക്കുമോ?

ക്രി: ബൈബിൾ പവിത്ര ഗ്രന്ഥമല്ലെന്ന് എനിക്ക് വിശ്വാസമില്ല. ഞാൻ അതിൽ യാതൊരു വൈരുദ്ധ്യവും ദർശിക്കുന്നില്ല.

മു: "അതിൽ ഒട്ടേറെ വൈരുദ്ധ്യങ്ങളുണ്ട്".

ക്രി: "പുതിയ നിയമത്തിലോ പഴയ നിയമത്തിലോ?"

മു: "രണ്ടിലുമുണ്ട്. നോക്കൂ, ഇതാ ചില ഉദാഹരണങ്ങൾ".

| II .ശാമുവൽ 8:4 | I. ദിനവൃത്താന്തം 18:4 |
|---|---|
| "അവൻെറ വക ആയിരത്തെഴുന്നൂറ് കുതിരച്ചേവകരെയും ഇരുപതിനായിരം കാലാളുകളെയും ദാവീദ് പിടിച്ചു". | "അവൻെറവക ആയിരം രഥങ്ങളെയും ഏഴായിരം കുതിരപ്പടയാളികളെയും ഇരുപതിനായിരം കാലാളുകളെയും ദാവീദ് പിടി ച്ചു". |

ചോദ്യം: എഴുനൂറോ ഏഴായിരമോ ഏതാണ് ശരി?

| II .ശാമുവൽ 8:9,10 | I. ദിനവൃത്താന്തം 18:9,10 |
|---|---|
| "ദാവീദ് ഹദദേസരിൻെറ സർവ്വസൈന്യത്തെയും തോൽപിച്ചു എന്നു ഹമാത്ത്രാജാവായ തോയി കേട്ടപ്പോൾ ദാവീദ്രാജാവി | "എന്നാൽ ദാവീദ് സോബാരാജാവായ ഹദദേസറിൻെറ സൈന്യത്തെയെല്ലാം തോൽപിച്ചുകളഞ്ഞു എന്ന ഹമാത്ത് രാജാവായ തോവു കേട്ടപ്പോൾ |

നോട് കുശലംചോദിപ്പാനും അവൻ ഹദദേസറിനോട് യുദ്ധംചെയ്ത് അവനെ തോൽപിച്ചതുകൊണ്ടു അവനെ അഭിനന്ദിപ്പാനും തോയി തൻെറ മകൻ യോരാമിനെ രാജാവിൻെറ അടുക്കൽ അയച്ചു; ഹദദേസരിന്ന് തോയിയോട് കൂടെക്കൂടെ യുദ്ധമുണ്ടായിരുന്നു. യോരാം വെള്ളി, പൊന്ന്, താമ്രം എന്നിവ കൊണ്ടുള്ള സാധ നങ്ങളെ കൊണ്ടുവന്നു.

അവൻ ദാവീദ് രാജാവിനോട് കുശലം ചോദിപ്പാനും അവർ ഹദദേസരിനോട് യുദ്ധം ചെയ്തു അവനെ തോൽപിച്ചതു കൊണ്ട് അവനെ അഭിനന്ദിപ്പാനും തൻെറ മകനായ ഹദോരാമിനെ അയച്ചു. ഹദദേസറും തോവൂവും തമ്മിൽ കൂടെക്കൂടെ യുദ്ധം ഉ ണ്ടായിരുന്നു. അവൻ പൊന്ന്,വെള്ളി, താമ്രം മുതലായ സകലവിധ സാധനങ്ങളേയും കൊണ്ടു വന്നു".

ചോദ്യം: തോയി, തോവ്, യോരാം, ഹദോരാം എന്നിങ്ങനെ കാണുന്ന വ്യത്യാസം എന്താണ്?

**II .ശാമുവൽ 10:18**

"അരാമ്യർ യിസ്രായേലിൻെറ മുമ്പിൽ നിന്ന് ഓടിപ്പോയി. ദാവീദ് അരാമ്യരിൽ 700 തേരാളികളെയും 40,000കുതിരപ്പടയാളികളെയും കൊന്നു, അവരുടെ സേനാപതിയായ ശോബക്കിനെയും വെട്ടിക്കൊന്നു".

**I. ദിനവൃത്താന്തം 19:18**

"എന്നാൽ അരാമ്യർ യിസ്രായേലിൻെറ മുമ്പിൽനിന്ന് ഓടി; ദാവീദ് ആരാമ്യരിൽ ഏഴായിരം തേരാളികളെയും നാൽപതിനായിരം കാലാളുകളെയും നിഗ്രഹിച്ചു. സേനാപതിയായ ശോഫക്കിനെയും കൊന്നു കളഞ്ഞു".

ചോദ്യം: എഴുനൂറ് തേരാളികൾ, ഏഴായിരം തേരാളികൾ; നാൽപതിനായിരം കുതിരപ്പടയാളികൾ, നാൽപതിനായിരം കാലാളുകൾ; ശോബക്ക്, ശോഫക്ക് - ഏതാണ് ശരി?

**II രാജാക്കന്മാർ 8:26**

അഹസ്യാവു വാഴ്ച തുടങ്ങിയപ്പോൾ അവന്ന് ഇരുപത്തിരണ്ട് വയസ്സായിരുന്നു.

**I. ദിനവൃത്താന്തം 22:2**

"അഹസ്യാവ് വാഴ്ച തുടങ്ങിയപ്പോൾ അവന്ന് 42 വയസായിരുന്നു"

ചോദ്യം: 22 വയസ്സ്, 42 വയസ്സ്- ഏതാണ് ശരി?

| II രാജാക്കന്മാർ 24:8 | I. ദിനവൃത്താന്തം 36:9 |
|---|---|
| "യെഹോയാഖീൻ വാഴ്ച തുടങ്ങിയപ്പോൾ അവന്ന് പതിനെട്ട് വയസ്സായിരുന്നു. അവൻ യറുശലേമിൽ മൂന്നുമാസം വാണു". | "യഹോയാഖീൻ വാഴ്ച തുടങ്ങിയപ്പോൾ അവന്ന് എട്ടുവയസ്സായിരുന്നു. അവൻ മൂന്ന് മാസവും പത്തു ദിവസവും യറുശലേമിൽ വാണു". |

ചോദ്യം: 18 വയസ്സ്, 8 വയസ്സ്, മൂന്നു മാസം, മൂന്നു മാസവും പത്തു ദിവസവും - ഏതാണ് ശരി?

| II .ശാമുവൽ 10:18 | I. ദിനവൃത്താന്തം 11:11 |
|---|---|
| "ദാവീദിന് ഉണ്ടായിരുന്ന വീരന്മാരുടെ പേരുകളാവിത്, തഹ്കെമോന്യൻ, യോശേബ് ബശ്ശേബത്ത്, അവൻ നായകന്മാരിൽ തലവൻ; എണ്ണൂറു പേരെ ഒരെസമയത്ത് അക്രമിച്ചു കൊന്ന ഏസ്ന്യൻ അദിനോ ഇവൻ തന്നെ". | "ദാവീദിന് ഉണ്ടായിരുന്ന വീരന്മാരുടെ സംഖ്യയാവിത്. പ്രധാനിയായി ഒരു ഹഖമോന്യന്റെ മകനായ യശോബയാ അവൻ മുന്നൂറുപേരെ നേരെ കുന്തം ഓങ്ങി ഒരെ സമയത്ത് അവരെ കൊന്നു കളഞ്ഞു". |

ചോദ്യം: തഹ്കെമോന്യൻ, ഹഖ്മോന്യൻ, എണ്ണൂറ്, മുന്നൂറ്- ഏതാണ് ശരി ?

| II .ശാമുവൽ 24:1 | I. ദിനവൃത്താന്തം 21:1 |
|---|---|
| "യഹോവയുടെ കോപം വീണ്ടും ഇസ്രായേലിന്റെ നേരെ ജ്വലിച്ചു. നീ ചെന്ന് ഇസ്രായേലിനെയും യഹൂദയെയും എണ്ണുക; എന്നിങ്ങനെ അവർക്ക് വിരോധമായി ദാവീദിനെ തോന്നിച്ചു". | "അനന്തരം സാത്താൻ യിസ്രായേലിന്ന് വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിനെ തോന്നിച്ചു". |

ചോദ്യം:ദാവീദിന്റെ യഹോവയും സാത്താനും ! എന്താണ് ശരി?

| II .ശാമുവൽ 6:23 | II .ശാമുവൽ 21:8 |
|---|---|
| "എന്നാൽ ശൗലിന്റെ മകളായ മീഖളിന്നു ജീവപര്യന്തം ഒരു കുട്ടി | അയ്യാവിന്റെ മകൾ രിസ്പാശൗലിന്നു പ്രസവിച്ച രണ്ടു പുത്രന്മാരായ അമ്മോനിയെയും മെഫിബോ |

യും ഉണ്ടായില്ല".

ശെത്തിനെയും ശൗലിൻെറ മകളായ മീഖൾ മെഹോലാത്യൻ ബർസില്ലായിയുടെ മകനായ അദ്രിയാലിന്നു പ്രസവിച്ച അഞ്ചു പുത്രന്മാരെയും രാജാവ് പിടിച്ചു".

ചോദ്യം: മീഖളിന്നു കുട്ടികളുണ്ടോ ഇല്ലേ?

(കുറിപ്പ്: ജെയിംസിൻെറ ബൈബിളിൽ ഇപ്പോഴും ഇതുണ്ട്. 1973 ലെ പുതിയ അമേരിക്കൻ ബൈബിളിലാകട്ടെ മീഖൽ എന്നത് മെറാബ് എന്നാക്കി മാറ്റിയിട്ടുണ്ട്.)

ക്രി: ഇവയൊന്നും ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഇനിയും ധാരാളമുണ്ടോ?

മു: ഇനിയും വേണോ? ബൈബിളിൻെറ പവിത്രതക്ക് കളങ്കം ചാർത്താൻ ഇത് തന്നെ പോരേ? ഇനിയും നോക്കൂ.

"അപ്പോൾ യഹോവ: മനുഷ്യനിൽ എൻെറ ആത്മാവ് സദാകാലവും വാദിച്ചു കൊണ്ടിരിക്കയില്ല. അവൻ ജഡം തന്നെയല്ലോ. എങ്കിലും അവൻെറ കാലം നൂറ്റിരുപത് സംവൽസരമാകും എന്ന് അരുളിച്ചെയ്തു". (ഉൽപത്തി 6 : 3)

എന്നാൽ നോഹ മരിക്കുമ്പോൾ അദ്ദേഹത്തിന് എത്ര വയസ്സുണ്ടായിരുന്നു? 120 ലധികം വയസ്സുണ്ടായിരുന്നു. ഉൽപത്തി തന്നെ പറയുന്നത് നോക്കൂ:

"നോഹയുടെ ആയുഷ്കാലം ആകെ തൊള്ളായിരത്തമ്പതു സംവത്സരമായിരുന്നു, പിന്നെ അവൻ മരിച്ചു". (ഉൽപത്തി 9:29)

ചില ക്രിസത്യൻ ദൈവ ശാസ്ത്രജ്ഞന്മാർ പറയുന്നത്, മനുഷ്യൻെറ പരമോന്നത പ്രായം 120 ആണെന്നല്ല അതിന്നർത്ഥം. പ്രത്യുത 120 കൊല്ലത്തിനിടക്ക് നാശകരമായ പ്രളയമുണ്ടാകുമെന്നാണ്. വാസ്തവത്തിൽ ഇതും ശരിയല്ല. പ്രളയ ഘട്ടത്തിൽ നൂഹിന് 620 വയസ്സായിട്ടുണ്ടാവണം. പക്ഷെ, ബൈബിൾ പറയുന്നത് 60 വയസ്സ് എന്നാണ്. ഈ വാക്യങ്ങൾ ശ്രദ്ധിക്കുക.

"നോഹക്ക് അഞ്ഞൂറു വയസ്സായ ശേഷം.. . . "(ഉൽപത്തി 5:32)

"ഭൂമിയിൽ ജലപ്രളയമുണ്ടായപ്പോൾ നോഹക്ക് അറുന്നൂറു വയസ്സായിരുന്നു". (ഉൽപത്തി 7 : 6)

ക്രിസ്തുമതം പറയുന്നത് ദൈവം തൻെറ പ്രതിബിംബമായി വെളുത്തും കറുത്തും പല നിറത്തിലും, ആണും പെണ്ണും ഒക്കെയായി മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ്.

"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക". (ഉൽപത്തി 1 : 26)

എന്നാൽ യെശയ്യാവ് (40 : 18) (40 : 25) സങ്കീർത്തനങ്ങൾ (89: 6) യിരമ്യാവ് (10:6,7) തുടങ്ങിയ വചനങ്ങൾക്ക് കടകവിരുദ്ധമാണിത്.

"ആകയാൽ നിങ്ങൾ ദൈവത്തെ ആരോടുപമിക്കും ? ഏതു പ്രതിമയെ നിങ്ങൾ അവനോട് സദൃശമാക്കും?" (യെശയ്യാവ് 40 :18)

ആകയാൽ നിങ്ങൾ എന്നെ ആരോടു സദൃശമാക്കും? ഞാൻ ആരോടു തുല്യനാകും . . .?" (യെശയ്യാവ് 40:25)

"സ്വർഗ്ഗത്തിൽ യഹോവയോടു സദൃശ്യനായവൻ ആർ. ദേവപുത്രന്മാരിൽ യഹോവക്ക് തുല്യനായവൻ ആർ". (സങ്കീർത്തനങ്ങൾ 89:6)

"യഹോവേ, നിന്നോട് തുല്യനായവൻ ആരുമില്ല. നീ വലിയവനും. . . നിന്നോട് തുല്യനായവൻ ആരുമില്ല". (യിരമ്യാവ് 10:6,7)

ക്രി: പക്ഷെ, നിങ്ങൾ ഈ പറഞ്ഞതെല്ലാം പഴയ നിയമത്തിലെ കാര്യമല്ലേ?

മു: ശരി, നമുക്ക് പുതിയ നിയമത്തിലേക്ക് കടക്കാം.

| യോഹന്നാൻ 5:37 | യോഹന്നാൻ 14:9 |
|---|---|
| "നിങ്ങൾ അവൻെറ ശബ്ദം ഒരുനാളും കേട്ടിട്ടില്ല. അവൻെറ രൂപം കണ്ടിട്ടില്ല". | "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു". |
| **യോഹന്നാൻ 5:41** | **യോഹന്നാൻ 8:14** |
| "ഞാൻ എന്നെകുറിച്ചു തന്നെ സാക്ഷ്യംപറഞ്ഞാൽ എൻെറ സാക്ഷ്യം സത്യമല്ല". | "ഞാൻ എന്നെ കുറിച്ചു തന്നെ സാക്ഷ്യം പറഞ്ഞാലും എൻെറ സാക്ഷ്യം സത്യമാകുന്നു". |

പുതിയ നിയമത്തിലെ പരസ്പര വൈരുദ്ധ്യങ്ങളുടെ ചില ഉദാഹരണങ്ങളാണിവ. "ത്രിത്വസങ്കൽപം", യേശുവിൻെറ ദിവ്യത്വം, യേശുവിൻെറ ദൈവപുത്ര സ്വഭാവം, ആദിപാപവും പാപമോചനവും തുടങ്ങി അഭിനവ ക്രൈസ്തവതയുടെ സങ്കൽപങ്ങൾ ഒന്നൊന്നായി ചർച്ച ചെയ്താൽ ഇനിയും എമ്പാടും വൈരുദ്ധ്യങ്ങൾ

നമുക്ക് കാണാം. പ്രവാചകന്മാർ കള്ളദേവന്മാരെ ആരാധിക്കുന്നവരായും അമ്മ പെങ്ങന്മാരെ വിവാഹം ചെയ്യുന്നവരായും വ്യഭിചാരം ചെയ്യുന്നവരായും മറ്റുമുള്ള ബൈബിളിൻെറ നികൃഷ്ടമായ ചിത്രീകരണം നമുക്കവഗണിക്കാവതല്ല.

ക്രി: "ബൈബിളിൽ എവിടെയാണതെല്ലാം ഉള്ളത്?"

മു: പ്രായപൂർത്തിയായ സ്വന്തം ആൺമക്കളുടെ സാന്നിദ്ധ്യത്തിൽ വെച്ച് നഗ്നത പ്രദർശിപ്പിക്കുമാറ് മദ്യപിച്ചതായി നോഹയെ ബൈബിളിൽ ചിത്രീകരിച്ചിരിക്കുന്നത് നോക്കു.

"സെമും യാഫെത്തും ഒരു വസ്ത്രം എടുത്തു ഇരുവരുടെയും തോളിൽ ഇട്ടു; വിമുഖരായി ചെന്നു പിതാവിൻെറ നഗ്നത മറച്ചു. അവരുടെ മുഖം തിരിഞ്ഞിരിക്കുന്നത് കൊണ്ട് അവർ പിതാവിൻെറ നഗ്നത കണ്ടില്ല. നോഹ ലഹരി വിട്ടുണർന്നപ്പോൾ തൻെറ ഇളയ മകൻ ചെയ്തത് അറിഞ്ഞു". (ഉൽപത്തി 9:23,24)

ശാലമോന്ന് (Solomon), എണ്ണമറ്റ ഭാര്യമാരുണ്ടായിരുന്നുവെന്ന് മാത്രമല്ല, അദ്ദേഹം കള്ളദേവതകളെ ആരാധിച്ചിരുന്നുവെന്നു പോലും ആരോപിക്കപ്പെട്ടിരിക്കുന്നു !

"തനിക്ക് രണ്ടുപ്രാവശ്യം പ്രത്യക്ഷനാകുകയും അന്യദേവന്മാരെ ചെന്നു സേവിക്കരുതെന്ന കാര്യത്തെ കുറിച്ചു തന്നോട് കൽപിക്കുകയും ചെയ്തിരുന്ന യഹോവയെ വിട്ടു ശാലമോൻ തൻെറ ഹൃദയം തിരിക്കുകയും കൽപിച്ചത് പ്രമാണിക്കാതിരിക്കുകയും ചെയ്ക കൊണ്ട് യഹോവ അവനോട് കോപിച്ചു". (1.രാജാക്കന്മാർ 11:9,10)

അഹരോൻ, മോശയുടെ കൂടെ ഫറോവയുടെ അടുത്തേക്ക് പോയ പ്രവാചകനാണ്. എന്നാൽ, ഇസ്രാഈലികൾക്ക് ആരാധിക്കാൻ വേണ്ടി അദ്ദേഹം സ്വർണ്ണപ്പശുക്കുട്ടിയെ ഉണ്ടാക്കി എന്ന് പുറപ്പാട് പുസ്തകത്തിൽ പറയുന്നു.

"അവൻ (അഹരോൻ) അതു അവരുടെ കയ്യിൽ നിന്നു വാങ്ങി ഒരു കൊത്തുളികൊണ്ട് ഭാഷാവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. യിസ്രായേലെ ഇതു നിന്നെ മിസ്രയേം ദേശത്തു നിന്നു കൊണ്ടുവന്ന നിൻെറ ദൈവം ആകുന്നു എന്ന് പറഞ്ഞു". (പുറപ്പാട് 32:4)

ലോത്ത് തൻെറ രണ്ടു പുത്രിമാരെ ഭോഗം ചെയ്തതായി ഉൽപത്തി പുസ്തകത്തിൽ പറയുന്നത് നോക്കു.

"ഇങ്ങനെ ലോത്തിൻെറ രണ്ടുപുത്രിമാരും അപ്പനാൽ ഗർഭം ധരിച്ചു" (ഉൽപത്തി 19:36)

മറ്റൊരു പ്രവാചകൻ, ഒരേ സമയം രണ്ടു സഹോദരിമാരെ വിവാഹം ചെയ്തതായും ഉൽപത്തിയിൽ കാണാം.

"യാക്കോബ് അങ്ങിനെ തന്നെ ചെയ്തു. അവളുടെ ആഴ്ച വട്ടം നിവർത്തിച്ചു. അവൻ തൻെറ മകൾ റാഹേലിനെയും അവന്ന് ഭാര്യയായി കൊടുത്തു". (ഉൽപത്തി 29:28)

മറ്റൊരു പ്രവാചകൻെറ പേരിൽ വ്യഭിചാരം ആരോപിക്കപ്പെട്ടതും നമുക്ക് കാണാം.

"ദാവീദ് ദൂതന്മാരെ അയച്ച് അവളെ വരുത്തി അവൾ അവൻെറ അടുക്കൽ വന്നു. അവൾക്ക് ഋതുശുദ്ധി വന്നിരുന്നതുകൊണ്ട് അവൻ അവളോട്കൂടെ ശയിച്ചു. അവൾ തൻെറ വീട്ടിലേക്ക് മടങ്ങിപ്പോയി. ആ സ്ത്രീ ഗർഭംധരിച്ചു. താൻ ഗർഭിണി ആയിരിക്കുന്നു എന്നു ദാവീദിന്ന് വർത്തമാനം അയച്ചു". (II.ശാമുവൽ 11:4,5)

വ്യഭിചാരിയായിത്തീർന്നിരിക്കെ ദാവീദിനെ എങ്ങനെ യേശു കുടുംബത്തിൽ സ്വീകരിക്കുമെന്നാണ് എനിക്ക് ചോദിക്കാനുള്ളത്? (അല്ലാഹു പൊറുക്കട്ടെ!) വ്യഭിചാരപുത്രന് അവകാശങ്ങൾ നിഷേധിക്കുന്ന ബൈബിൾ വചനവുമായി ഇത് വൈരുദ്ധ്യപ്പെടുന്നില്ലേ?

"കൌലടേയൻ യഹോവയുടെ സഭയിൽ പ്രവേശിക്കരുത്; അവൻെറ പത്താം തലമുറ പോലും യഹോവയുടെ സഭയിൽ പ്രവേശിക്കരുത് (ആവർത്തന പുസ്തകം 23:2)

സ്വന്തം സഹോദരിയെ ബലാൽകാരം ചെയ്ത മറ്റൊരു ആരോപണമിതാ. ദാവീദിൻെറ മകൻ അമ്മോണിനെ സംബന്ധിച്ചു ശാമുവലിൽ പറയുന്നത് നോക്കൂ.

"അവൾ അവനോട് എൻെറ സഹോദരാ; അരുതേ, എന്നെ അവമാനിക്കരുതെ; യിസ്രായേലിൽ ഇത് കൊള്ളരുതാത്തതല്ലോ, ഈ വഷളത്തം ചെയ്യരുതെ, എൻെറ അവമാനം ഞാൻ എവിടെ കൊണ്ടുപോയി വെക്കും? നീയും യിസ്രായേലിൽ വഷളന്മാരുടെ കൂട്ടത്തിൽ ആയിപ്പോകുമല്ലോ. എന്നാൽ അവൻ അവളുടെ വാക്കു കേൾപ്പാൻ മനസ്സില്ലാതെ അവളെക്കാൾ ബലമുള്ളവനാകകൊണ്ട് ബലാൽകാരം ചെയ്തു അവളോടുകൂടെ ശയിച്ചു". (II. ശാമുവൽ 13:12-14)

മറ്റൊരു ബലാൽകാരത്തിൻെറ കഥ ശാമുവലിൽ പറയുന്നുണ്ട്. "അങ്ങനെ അവർ അബ്ശാലോമിന്നു വെൺമാടത്തിന്മേൽ ഒരു കൂടാരം അടിച്ചു; അവിടെ അബ്ശാലോം എല്ലാ യിസ്രായേലും കാൺകേ തൻെറ അപ്പൻെറ വെപ്പാട്ടികളുടെ അടുക്കൽ ചെന്നു". (II. ശാമുവൽ 16 : 22)

ഇതെങ്ങനെ സംഭവിക്കും? ഒരിക്കലും ഇത് വിശ്വസിച്ചുകൂട. തനി കിരാതൻ പോലും ഇങ്ങിനെ ചെയ്യില്ല.)

മരുമകളെ (മകൻെറ ഭാര്യയെ) ഭോഗം ചെയ്ത മറ്റൊരു കഥ ഉൽപത്തി പുസ്തകത്തിലുണ്ട്. യഹൂദ അദ്ദേഹത്തിൻെറ മരുമകൾ താമാറിനെ ഭോഗം ചെയ്തു ഗർഭിണിയാക്കി. അദ്ദേഹം മരുമകളെ വേശ്യയായി തെറ്റിദ്ധരിച്ചാണിതു ചെയ്തതെന്ന് ഉൽപത്തി പറയുന്നു. ഭോഗം ചെയ്യുന്നതിനു മുമ്പ് തൻെറ മുദ്രമോതിരവും മറ്റും പണയമായി അവൾക്കു നൽകിയത്രെ!

"എന്തു പണയം തരേണം എന്ന് അവൻ ചോദിച്ചതിന് നിൻെറ മുദ്രമോതിരവും മോതിരച്ചരടും നിൻെറ കയ്യിലെ വടിയും എന്ന് അവൾ പറഞ്ഞു. ഇവ അവൾക്ക് കൊടുത്തു. അവൻ അവളുടെ അടുക്കൽ ചെന്നു. അവൾ ഗർഭം ധരിക്കയും ചെയ്തു". (ഉൽപത്തി 38:18)

മുസ്‌ലിംകളും ജൂദന്മാരും അന്യോന്യം കഠിന ശത്രുക്കളാണെങ്കിൽ പോലും ഇസ്രായീലീ പ്രവാചകന്മാരായ യഹൂദ, ദാവീദ്, യേശു മുതലായവരെ സംബന്ധിച്ചു വ്യഭിചാരം, ബലാൽസംഗം, സഹോദരീവേഴ്ച തുടങ്ങിയ മഹാപാപങ്ങൾ ആരോപിക്കുവാൻ ഒരൊറ്റ മുസ്‌ലിമും ധൈര്യപ്പെടുകയില്ല. (അല്ലാഹു ഈ പ്രവാചകന്മാരെ എന്നെന്നും അനുഗ്രഹിക്കട്ടെ). മനുഷ്യർക്ക് മാർഗദർശനം നൽകാൻ വേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെയെല്ലാം നിയോഗിച്ചത്. ചീത്ത ആളുകളെ അല്ലാഹു മാർഗദർശികളായി നിയോഗിക്കുമെന്ന് താങ്കൾക്ക് ധാരണയുണ്ടോ?

ക്രി: ഞാൻ അങ്ങനെ കരുതുന്നില്ല. എന്നാൽ താങ്കൾക്ക് ബൈബിളിൽ വിശ്വാസമില്ലേ?

മു: എല്ലാ പവിത്ര ഗ്രന്ഥങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നുണ്ട്. പക്ഷെ, അവയുടെ തനതായ രൂപത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നത്. എല്ലാ സമുദായത്തിനും അല്ലാഹു മുന്നറിയിപ്പുകാരെ അയ

ച്ചിട്ടുണ്ട്. ആ സമൂഹത്തിന് പ്രത്യേക മാർഗദർശനത്തിനായി അവരിൽ ചിലർക്ക് ഗ്രന്ഥങ്ങളും നൽകിയിട്ടുണ്ട്. അബ്രഹാമിന് 'സുഹുഫു'കളും മൂസക്ക് 'തൗറാതും', ദാവീദിന് 'സങ്കീർത്തനങ്ങളും' (സബൂർ), യേശുവിന് 'ഇഞ്ചീലും' (പുതിയ നിയമം) നൽകിയിട്ടുണ്ട്. അവയൊന്നും തന്നെ അവയുടെ യഥാർത്ഥ രൂപത്തിൽ ഇപ്പോൾ നിലനിൽക്കുന്നില്ല. അല്ലാഹു തൻെറ പദ്ധതിയുടെ ഭാഗമായി അന്ത്യപ്രവാചകനായി മുഹമ്മദ് (സ) നെ നിയോഗിച്ചു. അഖില ലോകത്തെയും അഖില കാലത്തെയും അഖില മനുഷ്യർ ക്കുമുള്ള മാർഗദർശനമായ പരിശുദ്ധ ഖുർആനുമായിട്ടാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. ഇസ്രാഈൽ സമൂഹത്തിന് മാത്രമായിട്ടാണ് താൻ നിയോഗിക്കപ്പെട്ടതെന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ട്.

"അതിന് അവൻ യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല". (മത്തായി 15:24)

"അവൾ ഒരുമകനെ പ്രസവിക്കും. അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്ക കൊണ്ട് നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു". (മത്തായി 1:21)

മതനിയമങ്ങളിൽ മാറ്റം വരുത്താനല്ല, പ്രത്യുത അതിൽ ചിലതുകൂടി ചേർക്കാനാണ് താൻ വന്നതെന്ന് യേശു പറഞ്ഞു.

"ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ടു ഞാൻ നിങ്ങളോട് പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും വരെ സകലവും നിവർത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല". (മത്തായി 5:17,18)

ക്രി: പക്ഷെ, യേശു പറഞ്ഞതായി മാർക്കോസിൻെറ സുവിശേഷത്തിൽ ഇങ്ങനെയുണ്ടല്ലോ?

"പിന്നെ അവൻ അവരോട്, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ". (മാർക്കോസ് 16:15)

മു: മാർക്കോസിൻെറ ഈ പ്രസ്താവം, മത്തായി (15:24), (1:21) എന്നിവയുമായി വൈരുദ്ധ്യപ്പെടുന്നുണ്ട്. മാർക്കോസിലെ (16:9-20) വ

ചനങ്ങൾ മറ്റുപല ബൈബിളുകളിലും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. പുതിയ അമേരിക്കൻ ബൈബിളിൽ അത് ബ്രാക്കറ്റിലാണ് കൊടുത്തിട്ടുള്ളത്. അതിനു ശേഷം ഒരു കുറിപ്പിൽ ഇങ്ങനെ പറയുന്നു. "ചില പഴയ കയ്യെഴുത്തു കോപ്പികളിൽ 9മുതൽ20 വരെയുള്ള ഭാഗം ഉപേക്ഷിച്ചതായി കാണാം". യഹോവയുടെ സാക്ഷികൾ ഉപയോഗിക്കുന്ന ബൈബിൾ പരിഭാഷയിൽ പറയുന്നത്; ചിലപ്രാചീന കയ്യെഴുത്തു കോപ്പികളിൽ മാർക്കോസ് 16:8 ന് ശേഷം ചില ചെറിയകാര്യങ്ങളും ചിലതിൽ നീണ്ടകാര്യങ്ങളും ചേർക്കുന്നുണ്ട്. പക്ഷെ പലതിലും 16:8 ന് ശേഷം ഒന്നുമില്ല. ബൈബിളിന്റെ പുതിയ പതിപ്പിലെ കുറിപ്പിൽ ഇങ്ങനെ പറയുന്നു; "ചില പ്രാചീന കോപ്പികൾ 16:8 ന് ശേഷം മാർക്കോസിന്റെ സുവിശേഷം അവസാനിപ്പിക്കുന്നു". യേശുവിന്റെ ഉയിർത്തെഴുന്നേൽപിനെ കുറിച്ച പ്രസ്താവമുള്ളത് മാർക്കോസ് 16:9 ലാണ്. അതുകൊണ്ട് അത് ശരിയല്ലെന്ന് വരുന്നു.

ക്രി: എന്നാൽ, "സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ" എന്ന് മത്തായിയുടെ സുവിശേഷത്തിൽ (28:19) പറയുന്നുണ്ടല്ലോ?

മു: 'സകല ജാതികളും' എന്നതു കൊണ്ടുദ്ദേശിക്കുന്നത് പന്ത്രണ്ട് ഇസ്രായീലിയൻ ഗോത്രങ്ങളാകാനേ വഴിയുള്ളൂ. അല്ലാത്ത പക്ഷം അത് മത്തായി (15:24), (1:21) എന്നിവക്ക് എതിരായിരിത്തീരും. പുതിയ അമേരിക്കൻ ബൈബിളും പുതിയ ലോകപരിഭാഷയും അതാണ് സൂചിപ്പിക്കുന്നത്. ഇപ്പോൾ ബൈബിളിനെ സംബന്ധിച്ച് താങ്കളെന്ത് കരുതുന്നു?

ക്രി: ഇപ്പോൾ അതെപ്പറ്റി എനിക്ക് സന്ദേഹമുണ്ട്.

മു: നമ്മൾ തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ ചർച്ചചെയ്തു കഴിയുമ്പോൾ ഇസ്ലാമിന്റെ ആധികാരികത താങ്കൾക്കു വ്യക്തമാകുമെന്നു എനിക്കുറപ്പുണ്ട്.

## ത്രിത്വ സങ്കൽപം

മു: താങ്കൾ ഇപ്പോഴും 'ത്രിത്വ'ത്തിൽ* വിശ്വസിക്കുന്നുണ്ടോ?

---

*പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ഭാവങ്ങളടങ്ങിയതാണ് ദൈവമെന്ന (Trinity) ക്രൈസ്തവ ഭാഷ്യമാണ് ത്രിത്വം.

ക്രി: തീർച്ചയായും. യോഹന്നാൻ എഴുതിയ പ്രഥമ ലേഖനത്തിൽ ഇങ്ങനെ കാണാം.

"അങ്ങിനെ അവിടെ സ്വർഗ്ഗത്തിൽ അധികൃതമായ മൂന്നെണ്ണമുണ്ട്. പിതാവ്, വാക്ക്, പുണ്യാത്മാവ് ഇവ മൂന്നും ഒന്നു തന്നെ. ഭൂമിയിൽ സാക്ഷ്യം വഹിക്കാൻ മൂന്നെണ്ണമുണ്ട്. ആത്മാവും വെള്ളവും രക്തവും, ഇവ മൂന്നും ഒന്നിൽ യോജിക്കുന്നു". (യോഹന്നാൻ 5:7,8)

മു: ജയിംസ് രാജാവിൻെറ 1611 ലെ അംഗീകൃത ബൈബിൾ പതിപ്പിൽ ഇതുണ്ടായിരിക്കാം. അതാണ് ത്രിത്വ സങ്കൽപത്തിൻെറ ഏറ്റവും വലിയ തെളിവ്. എന്നാൽ 'പിതാവ്, വചനം, പുണ്യാത്മാവ് ഇവമൂന്നും ഒന്നു തന്നെയാണെന്ന' ഈ ഭാഗം 1952 ലെയും 1971 ലെയും പുതുക്കിയ ബൈബിളൽ കാണില്ല. പുരാതന ഗ്രീക്ക് കോപ്പികളിൽ ഇല്ല എന്ന കാരണത്താൽ മറ്റു പല ബൈബിളുകളിൽ നിന്നും അത് നീക്കം ചെയ്യപ്പെട്ടിട്ടുണ്ട്. പുതിയ അമേരിക്കൻ ബൈബിളിൽ 1.യോഹന്നാൻ 5:7,8 വാകൃങ്ങൾ താഴെ കൊടുത്ത പ്രകാരമാണുള്ളത്. "അങ്ങിനെ ആത്മാവാണ് സാക്ഷ്യം വഹിക്കുന്നത്; കാരണം, ആത്മാവാകുന്നു സത്യം. അങ്ങനെ മൂന്നെണ്ണം സാക്ഷ്യം വഹിക്കുന്നു. ആത്മാവ്, ജലം, രക്തം എന്നിവ. ഈ മൂന്നിൻെറയും സാക്ഷ്യം ഒന്നു തന്നെ".

യഹോവ സാക്ഷികളുടെ ബൈബിളിൽ പ്രസ്തുതഭാഗം ഇങ്ങനെയാണുള്ളത്. "അങ്ങനെ മൂന്നു സാക്ഷ്യവാഹകരുണ്ട്. ആത്മാവ്, ജലം, രക്തം. അവ മൂന്നും ഇതിൽ യോജിപ്പിൽ തന്നെ".

ഈ പ്രധാനപ്പെട്ട ഭാഗം പുതിയ ബൈബിളുകളിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടെങ്കിലും അനേകം വൈദികരും, പ്രബോധകന്മാരും ഇതിൽ ബോധവാന്മാരായി കാണാത്തതിൽ ഞാൻ അദ്ഭുതപ്പെടുന്നു.

'ത്രിത്വം' എന്നത് ബൈബിളിൻെറതല്ല, അത് ബൈബിളിലോ, ബൈബിൾ ഡിക്ഷനറികളിലോ ഇല്ല. യേശു പഠിപ്പിച്ചതുമല്ല അത്. അദ്ദേഹം അതെപ്പറ്റി സംസാരിച്ചിട്ടു പോലുമില്ല. ത്രിത്വസങ്കൽപം സ്വീകരിക്കുന്നതിന് എന്തെങ്കിലും ഒരടിസ്ഥാനമോ, തെളിവോ വിശദീകരണമോ ബൈബിളിലില്ല.

ക്രി: മത്തായിയുടെ സുവിശേഷത്തിൽ നാം അത് ഇപ്പോഴും കാ

ണുന്നുണ്ടല്ലോ- "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിച്ചു കൊണ്ട് . . ." (മത്തായി 28:10)

ഈ ഭാഗം ബൈബിളിൽ നിന്ന് നീക്കിയിട്ടില്ല, ഇത് ത്രിത്വത്തിനു തെളിവല്ലേ ?

മു: ഇതിൽ ത്രിയേകത്വമില്ല. 'നിങ്ങൾ മൂന്നാളുകൾ ഒരുമിച്ചിരിക്കുന്നു, അല്ലെങ്കിൽ കൂട്ടായി ഭക്ഷണം കഴിക്കുന്നു' എന്നൊക്കെ പറഞ്ഞാൽ അവർ മൂന്നും ഒന്നു തന്നെയാണെന്നർത്ഥമുണ്ടോ ? ഇല്ല. ഒരു ഈജിപ്ഷ്യൻ പുരോഹിതനും അലക്സാൺഡ്രിയക്കാരനുമായ 'അത്നാസിയസി'ൻെറ സൃഷ്ടിയാണ് 'ത്രിത്വ സങ്കൽപം'. നികായിയൻ കൗൺസിൽ എ.ഡി. 325 ൽ അത് സ്വീകരിച്ചു. അതായത് ക്രിസ്തുവിന് ശേഷം മൂന്നു നൂറ്റാണ്ടുകൾ കഴിഞ്ഞാണത് അംഗീകരിക്കപ്പെടുന്നത്. ഈ സിദ്ധാന്തത്തിൻെറ രൂപീകരണത്തിൽ റോമൻ ബിംബാരാധനയുടെ സ്വാധീനമുണ്ട്. ത്രിമുഖ ദൈവത്വം, സാബാത് ഞായറാഴ്ചയിലേക്ക് മാറ്റൽ, സൂര്യദേവൻ മിത്രൻെറ ജന്മദിനമായ ഡിസംബർ 25 യേശുവിൻെറ ജന്മദിനമാക്കി മാറ്റൽ, ക്രിസ്തുമസ് മരങ്ങൾ അലങ്കരിക്കൽ ഇവയിലെല്ലാം തന്നെ ഈ സ്വാധീനം ദൃശ്യമാണ്. ക്രിസ്മസ് മരങ്ങളുണ്ടാക്കലും അവയെ അലങ്കരിക്കലുമെല്ലാം വളരെ വ്യക്തമായി ബൈബിൾ നിരോധിച്ചിട്ടുണ്ട്. യിരമ്യാവു 10 ൽ പറയുന്നത് നോക്കൂ.

"ഇതര ജാതികളുടെ വഴി പഠിക്കരുത്, ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കരുത്. ഇതര ജാതികൾ അല്ലോ അത് കണ്ടു ഭ്രമിക്കുന്നത്. ഇവരുടെ ചട്ടങ്ങൾ മിഥ്യയാകുന്നു. അതായത് കാട്ടിൽ നിന്ന് ഒരു മരം ഒരുവൻ വെട്ടുന്നു. മഴുകൊണ്ട് മറ്റൊരു പണിക്കാരൻ അതിന്മേൽ പ്രവർത്തിക്കുന്നു. അവിടെ ഈ മരത്തെ പൊന്നുകൊണ്ടും വെള്ളികൊണ്ടും അലങ്കരിക്കുന്നു. ആണികളിൽ ചുറ്റിക പ്രയോഗിച്ചു അവർ അതിനെ ഉറപ്പിച്ചു നിർത്തുന്നു. അവ കുത്തനെ നിൽക്കുന്ന പനമരങ്ങൾപോലെ. പക്ഷെ അവ സംസാ രിക്കുന്നതല്ല. അവയെ മറ്റുള്ളവർ ചുമക്കണം. അവക്ക് ഒന്നും നിങ്ങൾക്ക് ദോഷമായി ചെയ്യാൻ പറ്റില്ല. നന്മയും അതു പോലെത്തന്നെ". (യിരെമ്യാവു 10:2-5)

ക്രിസ്തുമതം, യേശുവിൻെറ അദ്ധ്യാപനത്തിൽ നിന്ന് ബഹുദൂരം വ്യതിചലിച്ചു പോയി. അപ്പോൾ അല്ലാഹു തൻെറ പദ്ധതി പ്രകാരം അന്ത്യപ്രവാചകൻ മുഹമ്മദി (സ) നെ യഥാർത്ഥ മതം പുനഃസ്ഥാ

പിക്കാനായി നിയോഗിച്ചു. ക്രിസ്തു വർഷമായി ക്രിസ്ത്യാനികൾ റോമൻ ജൂലിയൻ കലണ്ടർ അവതരിപ്പിച്ചു, പന്നിമാംസം അനുവദനീയമാക്കി, പരിച്ഛേദനം വേണ്ടെന്ന് വെച്ചു, പൗലോസാണിത് ചെയ്തത്.

"ശ്രദ്ധിക്കുക. നിങ്ങൾ പരിച്ഛേദന ഏറ്റാൽ ക്രിസ്തുവിനെ ക്കൊണ്ട് നിങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല എന്ന് പൗലോസായ ഞാൻ നിങ്ങളോട് പറയുന്നു". (ഗലേന്യർ 5:2)

പരിശുദ്ധ ഖുർആൻ മുന്നറിയിപ്പു നൽകുന്നത് നോക്കുക:-

**"അല്ലാഹു മൂവരിൽ മൂന്നാമനാണ് എന്ന് പറഞ്ഞവർ നിശ്ചയം, സത്യനിഷേധികളായിരിക്കുന്നു. ഒരെ ഒരു ആരാധ്യനല്ലാതെ മറ്റൊരു ഇലാഹുമില്ല തന്നെ. തങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്നതിൽ നിന്നു അവർ വിരമിക്കുന്നില്ലെങ്കിൽ അവരിൽപെട്ട അവിശ്വാസികളെ വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെചെയ്യും".** *(ഖുർആൻ 5:73)*

യേശു ഒരിക്കലും പഠിപ്പിച്ചിട്ടില്ലാത്ത ത്രിത്വസങ്കൽപത്തിൽ ഇനിയും താങ്കൾ വിശ്വസിക്കുന്നുണ്ടോ?

ക്രി: പക്ഷെ, ദൈവവും യേശുവും ഒന്നുതന്നെ. "ഞാൻ പിതാവിലും പിതാവ് എന്നിലും എന്നു എന്നെ വിശ്വസിപ്പീൻ". (യോഹന്നാൻ 14:11)

മു: യോഹന്നാൻ 17:11 വായിക്കുക.

ക്രി: "നീ എന്നെ അയച്ചിരിക്കുന്നു എന്നും ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടിയിരിക്കുന്നു. പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിന്നുതന്നെ. . . " (യോഹന്നാൻ 17:21)

മു: ദൈവവും യേശുവും ഒന്നാണെന്ന് വ്യക്തമായത് പോലെത്തന്നെ യേശുവിലും ദൈവത്തിലും കൂടി അനുയായികളും ഒന്നുതന്നെ. യേശു ദൈവത്തിലായതിനാൽ ദൈവമായി എങ്കിൽ അനുയായികളും എന്തുകൊണ്ട് ദൈവമല്ല? ദൈവവും യേശുവും പരിശുദ്ധാത്മാവും ത്രിയേകത്വത്തിലെ ഒരു ഘടകമെങ്കിൽ അനുയായികളും കൂടിയായാൽ അവരെല്ലാം കൂടി പതിനഞ്ചംഗങ്ങളുള്ള ഒരു ദൈവ ഘടകമായല്ലോ !

ക്രി: യോഹന്നാൻ 14:9 പ്രകാരവും യേശു ദൈവമാകുന്നു.

"ഞാൻ ഇത്രകാലം നിങ്ങളുടെ കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു". (യോഹന്നാൻ 14:9)

യേശു എങ്ങനെയാണ് അനുയായികൾക്ക് ദൈവത്തെ കാണിക്കുക? അത് അസാധ്യമാണെന്ന് ഫിലിപ്പോസിനെ അറിയിക്കുകയാണ്. സൂര്യചന്ദ്രാദികളടങ്ങിയ ദൈവത്തിന്റെ മുഴുവൻ സൃഷ്ടികളിൽ കൂടിയും യേശുവിന്റെ സൃഷ്ടിപ്പിൽ കൂടിതന്നെയും ദൈവത്തെ മനസ്സിലാക്കി അവനിൽ വിശ്വസിക്കുക.

'ദൈവം ആത്മാവാകുന്നു' (യോഹന്നാൻ 4:24).

" . . . നിങ്ങൾ അവന്റെ ശബ്ദം ഒരു നാളും കേട്ടിട്ടില്ല, അവന്റെ രൂപം കണ്ടിട്ടില്ല". (യോഹന്നാൻ 5:37).

നിങ്ങൾക്കെങ്ങനെ ഒരു ആത്മാവിനെ കാണാനാകും? യേശുവിനെ മാത്രമാണ് അവർ കണ്ടത്, ദൈവത്തെയല്ല. ബൈബിൾ പറയുന്നു.

". . .മനുഷ്യർ ആരും കാണാത്തവനും കാൺമാൻ കഴിയാത്തവനുമായവൻ. . ." (I. തിമൊഥെയൊസ് 6:16)

അതുകൊണ്ട് നിങ്ങൾക്ക് കാണാൻ കഴിയുന്നവൻ ഒരിക്കലും ദൈവമല്ല.

ഖുർആൻ പറയുന്നു:

**"ദൃഷ്ടികൾ അവനെ കണ്ടെത്തുകയില്ല. പക്ഷെ, അവൻ എല്ലാ ദൃഷ്ടികളെയും കാണുന്നു. അവൻ സൂക്ഷ്മ ദൃക്കും സൂക്ഷ്മജ്ഞാനിയുമത്രെ".** *(ഖുർആൻ 6:103)*

ക്രി: 'സത്യം പറഞ്ഞാൽ ഞങ്ങൾക്ക് ചെറുപ്പത്തിൽ പഠിപ്പിക്കപ്പെട്ടത് നിഷേധിക്കുക എന്നത് വലിയ വിഷമമുള്ള കാര്യമാണ്.

മു: ത്രിത്വത്തെപ്പറ്റി (Trinity) കൂടുതൽ മനസ്സിലാക്കാൻ ഒരുപക്ഷെ, എന്റെ ചോദ്യങ്ങൾ താങ്കൾക്ക് ഏറെ സഹായകമായിരിക്കും. എന്താണ് ഈ 'പരിശുദ്ധാത്മാവ്'?

ക്രി: പരിശുദ്ധാത്മാവ് എന്നത്, ദൈവം തന്നെയാണ്. ഇങ്ങനെയാണ് ഞങ്ങൾ പഠിച്ചത്- "പിതാവ് ദൈവമാകുന്നു, പുത്രൻ ദൈവമാകുന്നു, പരിശുദ്ധാത്മാവും ദൈവമാകുന്നു". മൂന്നു ദൈവങ്ങൾ എന്നു പറയാൻ ഞങ്ങൾ ഒരിക്കലും അനുവദിക്കപ്പെട്ടിട്ടില്ല. പിന്നെയോ, ഒരു ദൈവം മാത്രം.

മു: മത്തായി 1:18 വായിച്ചു നോക്കുക.

ക്രി: "എന്നാൽ യേശുക്രിസ്തുവിൻെറ ജനനം ഈ വണ്ണം ആയിരുന്നു. അവൻെറ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരും മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു". (മത്തായി 1:18)

മു: ലൂക്കോസിൻെറ (1:26,27) വചനങ്ങളുമായി ഇത് താരതമ്യപ്പെടുത്തി നോക്കുക.

ക്രി: "ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസാറത്ത് എന്ന ഗലീല പട്ടണത്തിൽ, ദാവീദ് ഗൃഹത്തിലുള്ള യോസേഫ്എന്ന ഒരുപുരുഷന്ന് വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു". (ലൂക്കോസ് 1:26,27).

മു: അങ്ങനെ യേശുവിൻെറ അദ്ഭുതകരമായ ജനന സംഭവത്തിൽ, മത്തായി പരിശുദ്ധാത്മാവ് എന്നും ലൂക്കോസ് ഗബ്രിയേൽ ദൂതൻ എന്നും പറയുന്നു. അപ്പോൾ ആരാണ് പരിശുദ്ധാത്മാവ്?

ക്രി: പരിശുദ്ധാത്മാവ് ഗബ്രിയേൽ ദൂതനാകുന്നു.

മു: ഇനിയും താങ്കൾ ത്രിത്വത്തിൽ വിശ്വസിക്കുന്നുണ്ടോ?

ക്രി: അപ്പോൾ ദൈവം ദൈവം തന്നെ, പരിശുദ്ധാത്മാവ് ഗബ്രിയേൽ, പിന്നെ യേശു. . . ?

മു: യേശു ഒരു പ്രവാചകനാണ്, മേരിയുടെ മകൻ.

ക്രി: നിങ്ങൾ എങ്ങനെയാണ് ഈ വിഷമം പരിഹരിക്കുന്നത്?

മു: ഞങ്ങൾ വിശുദ്ധ ഖുർആനിൻെറ സഹായത്തോടെ, പൂർവ്വവേദങ്ങളിലുള്ള മനുഷ്യകൃതിപ്പുകളെ മനസ്സിലാക്കി തിരുത്തുന്നു. ഇപ്പോൾ, ഒരെയൊരു ദൈവത്തിലും, മേരിയുടെ മകനായ യേശു ഒരു പ്രവാചകനാണെന്നും വിശ്വസിക്കാമെങ്കിൽ ഒരടികൂടി മുമ്പോട്ടുപോയി മുഹമ്മദ് അന്ത്യപ്രവാചകനാണെന്നു കൂടി അംഗീകരിക്കാൻ താങ്കൾക്ക് വിഷമമുണ്ടാവില്ല. ഇപ്പോൾ താങ്കൾക്ക് 'ശഹാദത്ത്' ചൊല്ലുന്നതിനും വിരോധമുണ്ടാവില്ല.

ക്രി: അല്ലാഹുവിന്ന് പങ്കുകാരില്ലെന്നും അവൻ ഒഴികെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് അവൻെറ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു- ***'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാ വഹ്ദഹു ലാശരീക ലഹു, വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു'***

പക്ഷെ, എൻെറ പ്രപിതാക്കന്മാരെപ്പറ്റി എന്തു ചെയ്യും? അവരുടെ കൂടെത്തന്നെ നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവരൊക്കെ ക്രിസ്ത്യാനികളായിരുന്നു.

മു: തനിക്ക് സത്യം (ഇസ്‌ലാം) അവതീർണ്ണമായപ്പോൾ ഇബ്രാഹീം (അ) തൻെറ മാതാപിതാക്കളെയും പ്രപിതാമഹന്മാരെയുമെല്ലാം ഉപേക്ഷിച്ചുകളഞ്ഞു. എല്ലാവർക്കും സ്വന്തം ഉത്തരവാദിത്വമുണ്ട്. ഒരു പക്ഷെ, താങ്കൾക്കിപ്പോൾ വന്നു കിട്ടിയതായ സത്യം താങ്കളുടെ പിതാമഹന്മാർക്ക് മനസ്സിലാക്കാൻ സൗകര്യപ്പെട്ടു കാണുകയില്ല.

ഖുർആൻ പറയുന്നത് നോക്കൂ:-

"ആര് നേർമാർഗം സ്വീകരിക്കുന്നുവോ തനിക്ക് വേണ്ടി മാത്രമാണവൻ നേർവഴി നടക്കുന്നത്. ആരു പിഴച്ചു നടക്കുന്നുവോ തനിക്കെതിരായി തന്നെയാണ് അവൻ പിഴച്ചു പോകുന്നത്. പാപഭാരമേറ്റ ഒരാളും തന്നെ മറ്റൊരുത്തൻെറ പാപഭാരമേൽക്കുകയില്ല. (മുന്നറിയിപ്പ് നൽകാനായി) ഒരു ദൂതനെ നിയോഗിക്കാതെ നാം ആരെയും ശിക്ഷിക്കുകയില്ല തന്നെ". *(ഖുർആൻ 17 : 15)*

ഇപ്പോൾ സത്യം താങ്കൾക്ക് എത്തിയിരിക്കുന്നു. താങ്കൾ തന്നെയാണ് ഇതിൽ തീരുമാനമെടുക്കേണ്ടത്.

ക്രി: ക്രിസ്തുമതവും ഇസ്‌ലാമും ഒരുമിച്ചു സ്വീകരിച്ചുകൂടേ?

മു: മതത്തിൽ യാതൊരു നിർബന്ധവുമില്ല. താങ്കൾക്ക് ഇഷ്ടമുള്ളത് ചെയ്യാം. രണ്ടു വിശ്വാസങ്ങളും ഒരുമിച്ചു സ്വികരിച്ചാൽ താങ്കൾ താങ്കളെ അല്ലാഹുവിന് സമർപ്പിക്കുന്നില്ല. താങ്കൾ അപ്പോഴും ഒരു അവിശ്വാസി തന്നെയായിരിക്കും. ഖുർആൻ പറയുന്നത് നോക്കൂ:-

"നിശ്ചയം അല്ലാഹുവിനെയും അവൻെറ ദൂതന്മാരെയും വേർപിരിച്ചു കാണാൻ ഉദ്ദേശിക്കുകയും "ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു, ചിലരിൽ ഞങ്ങൾ അവിശ്വസിക്കുന്നു" എന്ന് പറയുകയും അതിന്നിടയിൽ ഒരുമാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവർ, ഇങ്ങനെ ചെയ്യുന്നവർ യഥാർത്ഥ അവിശ്വാസികൾ തന്നെയാണ്, തീർച്ച. അവിശ്വാസികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിലും അവൻെറ ദൂതന്മാരിലും വിശ്വസിക്കുകയും അവർക്കിടയിൽ ആരിലും വ്യത്യാസം കൽപിക്കാതിരിക്കുകയും

**ചെയ്തവരാകട്ടെ അവർക്ക് അവരുടെ പ്രതിഫലങ്ങൾ അവൻ പിന്നീട്ന ൽകുന്നതാണ്. അല്ലാഹു വളരെയേറെ പൊറുക്കുന്ന വനും കരുണാനിധിയും ആകുന്നു.** *(ഖുർ ആൻ 4 , 150-152)*

കുറെകൂടി ചർച്ചചെയ്യുമ്പോൾ താങ്കൾ എന്നോട് യോജിച്ചേക്കും.

ക്രി: നാം എന്തെങ്കിലും സമ്മതിച്ചു ശഹാദത്ത് ചൊല്ലാതിരിക്കുന്ന താണ് നല്ലത്. അങ്ങനെയായാൽ നമുക്ക് നിഷ്പക്ഷമായി കാര്യ ങ്ങൾ വിലയിരുത്താം. അതല്ലെ നല്ലത്?

മു: താങ്കൾക്ക് പ്രായപൂർത്തിയെത്തുകയും, മാനസികമായ പക്വത യുണ്ടാവുകയും ചെയ്താൽ പിന്നെ താങ്കൾ ശഹാദത്ത് ചൊല്ലിയാ ലും ഇല്ലെങ്കിലും താങ്കൾക്ക് എല്ലാം ബാധ്യതയായിത്തീർന്നു. അ ല്ലാഹു ഈ ലോകത്തെ സൃഷ്ടിച്ചത് വെറുതെയല്ല. നന്മതിന്മകൾ തിരിച്ചറിയാനുള്ള കഴിവ് താങ്കൾക്ക് അല്ലാഹു നൽകിയിട്ടുണ്ട്. വ ളരെയധികം പ്രവാചകന്മാരെ അവൻ മുന്നറിയിപ്പുകാരായി നിയോ ഗിച്ചിട്ടുണ്ട്. അല്ലാഹുവിനെ ആരാധിക്കുകയാണ് നമ്മുടെകടമ. ഈ ലോകത്ത് നമുക്ക് നന്മ ചെയ്യുന്നതിൽ പരസ്പരം മത്സരിക്കാം. ഖു ർആൻ പറയുന്നു:-

> **"ഞങ്ങളുടെ രക്ഷിതാവേ, ഇതൊന്നും നീ വെറുതെ, നി രർത്ഥകമായി സൃഷ്ടിച്ചതല്ല. നിനക്ക് സ്തുതി. നീയ ത്രെ പരിശുദ്ധൻ ! നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ".** *(ഖുർആൻ 3 , 191)*

ഖുർആൻ മറ്റൊരിടത്ത് പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്:-

> **"മനുഷ്യന് നാം രണ്ടുകണ്ണുകൾ നൽകിയിട്ടില്ലേ? ഒരു നാവും രണ്ടു ചുണ്ടുകളും. (എന്നിട്ട്) രണ്ടു വഴികളും നാം അവന് കാണിച്ചുകൊടുത്തു".** *(ഖുർആൻ 90:8,9)*

> **"എന്നെ (മാത്രം) ആരാധിച്ചു വണങ്ങുന്നതിന് വേണ്ടി യല്ലാതെ ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ് ടിച്ചിട്ടില്ല".** *(ഖുർആൻ 51:56)*

അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെയ്യുന്ന ഏതുകാര്യവും ആ രാധന തന്നെയാണ്*.

**"ഭൂതലത്തിലുള്ളതെല്ലാം നാം ഒരു അലങ്കാരമാക്കി. അവരിൽ**

* ആരാധനക്ക് പ്രവാചകന്റെ മാതൃകയുണ്ടായിരിക്കണം.

ആരാണ് ഏറ്റവും നല്ല പ്രവൃത്തി ചെയ്യുന്നവൻ എന്ന് പരിശോധിക്കുവാൻ വേണ്ടി". *(ഖുർആൻ 18:7)*

# യേശുവിൻെറ ദിവ്യത്വം

മു: യേശു ദൈവമാണോ?

ക്രി: അതെ, യോഹന്നാൻ സുവിശേഷത്തിൽ അങ്ങനെ കാണാം. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോട് കൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു". (യോഹന്നാൻ 1:1)

മു: ഒരു ദൈവിക ഗ്രന്ഥത്തിൽ പരസ്പര വൈരുദ്ധ്യം പാടില്ലെന്ന് നാം അംഗീകരിച്ചിട്ടുണ്ടല്ലോ. രണ്ടു വചനങ്ങൾ പരസ്പര വിരുദ്ധങ്ങളാണെങ്കിൽ അതിൽ ഏതെങ്കിലും ഒന്നു മാത്രമേ ശരിയാവൂ. രണ്ടും ഒരേസമയം സത്യമാവുകയില്ല. അല്ലെങ്കിൽ രണ്ടും അസത്യമായിരിക്കും. യോഹന്നാൻ സുവിശേഷം (1:1) പ്രകാരം യേശു ദൈവമാണെങ്കിൽ അപ്പോൾ എത്ര ദൈവങ്ങളാണുള്ളത്? നന്നേച്ചുരുങ്ങിയത് രണ്ടെണ്ണമുണ്ട്. എന്നാൽ, ബൈബിളിലെ പലവചനങ്ങൾക്കും എതിരാണത്. ആവർത്തന പുസ്തകം കാണുക:-

"ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നെ ദൈവം. മറ്റൊരുത്തനുമില്ല എന്നു നീ അറിഞ്ഞു മനസ്സിൽ വെച്ചു കൊൾക". (ആവർത്തന പുസ്തകം 4:39)

"യിസ്രായേലേ കേൾക്ക്, യഹോവ നമ്മുടെ ദൈവമാകുന്നു,
യഹോവ ഏകൻ തന്നെ" (ആവർത്തന പുസ്തകം 6:4).

(". . . എനിക്ക് മുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല. എൻെറ ശേഷം ഉണ്ടാകുകയുമില്ല; ഞാൻ, ഞാൻ തന്നെ യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല". (യെശയ്യാവ് 43 :10,11)

"ഞാൻ ആദ്യനും അന്ത്യനും ആകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല". (യെശയ്യാവ് 44:6).

"ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു- അവൻ തന്നെ ദൈവം; അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി. അവൻ അതിനെ ഉറപ്പിച്ചു. വ്യർത്ഥമായിട്ടല്ല അവൻ അതിനെ സൃഷ്ടിച്ചത്. പാർപ്പിന്നത്രെ അതിനെ നിർമ്മിച്ചത്- ഞാൻ തന്നെ യഹോവ. വേറൊരുത്തനും ഇല്ല". (യെശയ്യാവ് 45:18)

സ്രഷ്ടാവ് ദൈവം മാത്രമായിരുന്നുവെന്നും, മറ്റു യാതൊരാളുമല്ല

യേശുപോലും സൃഷ്ടിയിൽ പങ്കെടുത്തിട്ടില്ല എന്നും തെളിയാൻ ഈ വചനം (യെശയ്യാവ് 45:18) മാത്രം മതി.

വേണമെങ്കിൽ അനേകം തെളിവുകൾ ഇനിയുമുണ്ട്. ആവർത്തന പുസ്തകം 4:35, പുറപ്പാട് 8:10, II. ശാമുവൽ 7:22, രാജാക്കന്മാർ 8:23, I.ദിനവൃത്താന്തം 17:20, സങ്കീർത്തനങ്ങൾ 88:8, 89:6, 113:5, ഹോശേയ 13:4, സെഖര്യാവ് 14:9 എന്നിവ നോക്കുക. ഇവയെല്ലാം മുകളിൽ കൊടുത്ത കാര്യങ്ങൾ ശക്തിയായി ആവർത്തിക്കുന്നത് കാണാം.

ക്രി: പക്ഷെ, ഇതെല്ലാം പഴയ നിയമത്തിൽ നിന്നല്ലേ? പുതിയ നിയമത്തിൽ അങ്ങനെ വല്ലതും കണ്ടോ?

മു: ശരി, മാർക്കോസിന്റെ സുവിശേഷം വായിച്ചു നോക്കൂ- യേശു തന്നെ പറയുന്നതെന്താണ്?

"യിസ്രായേലേ കേൾക്ക്, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. . . " (മാർക്കോസ് 12:29)

"വിഗ്രഹാർപ്പിതങ്ങളെ തിന്നുന്നതിനെക്കുറിച്ചോ, ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു". ( I. കൊരിന്ത്യർ 8:4)

"ദൈവം ഒരുവനല്ലോ, ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ.. . മനുഷ്യനായ ക്രിസ്തു യേശു തന്നെ". (I.തിമോഥെയോസ് 2:5)

ഇവിടെ "മനുഷ്യനായ ക്രിസ്തു" എന്നത് പ്രത്യേകം ശ്രദ്ധിക്കുക. അതിനാൽ ഇതോ യോഹന്നാൻ 1:1 ലെ ഉപര്യുക്ത വചനമോ ഏതാണ് ശരിയെന്ന് താങ്കൾക്ക് തീരുമാനിക്കാവുന്നതാണ്.

ക്രി: 'അതു തീരുമാനിക്കാൻ പ്രയാസമുണ്ട്'.

മു: നമുക്ക് ഖുർആനിക വീക്ഷണം പരിശോധിക്കാം. ബൈബിളിൽ; യേശു തന്നെ പ്രസ്താവിച്ചതിന് സമമാണത്. യേശു അല്ലാഹുവിൽ നിന്നുള്ള ഒരു 'വചനമാ'ണെന്ന് ഖുർആൻ പലവുരു പ്രസ്താവിച്ചിട്ടുണ്ട്.

> "എന്നിട്ടു അദ്ദേഹം (സകരിയ്യാ) മിഹ്റാബിൽ നമസ്കരിച്ചുകൊണ്ടിരിക്കെ മലക്കുകൾ അദ്ദേഹത്തോട് വിളിച്ചു (പറഞ്ഞു): യഹ്‌യാ (എന്ന കുട്ടി) യെ കുറിച്ച് അല്ലാഹു നിനക്ക് സന്തോഷ വാർത്തയറിയിക്കുന്നുവെന്ന്, അല്ലാ

ഹുവിങ്കൽ നിന്നുള്ള ഒരു 'വചന'ത്തെ സത്യപ്പെടുത്തുന്നവ നും, നേതാവും, ആത്മനിയന്ത്രകനും, സദ്വൃത്തന്മാരിൽ പെട്ട പ്രവാചകനുമായിക്കൊണ്ട്". *(ഖുർആൻ 3:39)*

പ്രസ്തുത അദ്ധ്യായത്തിൽ തന്നെ വീണ്ടും പറയുന്നു:

"മലക്കുകൾ പറഞ്ഞ സന്ദർഭം (ഓർക്കുക): ഓ ! മർയം, നിശ്ചയം അല്ലാഹു, അവങ്കൽ നിന്നുള്ള ഒരു 'വചന' ത്തെ കുറിച്ച് നിനക്ക് സുവിശേഷം അറിയിക്കുന്നു; അവ ൻെറ പേര് മർയമിൻെറ മകൻ ഈസാ എന്ന 'മസീഹാ' കുന്നു. ഇഹത്തിലും പരത്തിലും പ്രമുഖനായും, സാമീപ്യം സിദ്ധിച്ചവരിൽപ്പെട്ടവനായും കൊണ്ട്".*(ഖുർആൻ 3:45)*

ഈ രണ്ടു ഖുർആൻ സൂക്തങ്ങളിലും യേശുവിനെ 'അല്ലാഹുവിൽ നിന്നുള്ള ഒരുവചന'മെന്നും 'അല്ലാഹുവിൻെറ വചന'മെന്നുമാ ണ് പറഞ്ഞിരിക്കുന്നത്.

**I. കൊരിന്ത്യനിലെ പ്രസ്താവം നോക്കുക:**

"നിങ്ങളോ ക്രിസ്തുവിന്നുള്ളവർ, ക്രിസ്തു ദൈവത്തിന്നുള്ളവൻ". (I. കൊരിന്ത്യർ 3:23)

അതു പോലെ യോഹന്നാൻ 1:1 ൽ 'വചനം ദൈവമായിരു ന്നു' എന്നതിനു പകരം "വചനം ദൈവത്തിനുള്ളതാണ്" എന്നായി രുന്നു വേണ്ടിയിരുന്നത്. അറാമിക് ഭാഷയിൽ നിന്ന് ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ വന്ന തെറ്റോ, അല്ലെങ്കിൽ മനഃപൂർവ്വം വരുത്തിയ മാറ്റമോ ആകാം ഇത്. ഗ്രീക്ക് ഭാഷയിൽ Theos എന്നാ ൽ God (ദൈവം) എന്നാണർത്ഥം. Theou എന്നാൽ God's (ദൈ വത്തിൻെറ) എന്നും. ഒരേയൊരക്ഷരത്തിൻെറ മാറ്റം വരുത്തിയ അ നന്തര ഫലങ്ങൾ എത്ര വിപുലമാണ് !

(Greek Dictionary, Greek Bible, അല്ലെങ്കിൽ Muhammad in the Bible- By Prof: Abdul Ahad dawud- P: 16 നോക്കുക)

ക്രി: ഇവിടെ രണ്ടു വേദഗ്രന്ഥങ്ങളിലും എന്തുകൊണ്ടാണ് യേശു വിനെ 'ദൈവത്തിൻെറ വചനം' എന്ന് വിളിച്ചിരിക്കുന്നത്?

മു: മേരിയുടെ ഗർഭപാത്രത്തിൽ യേശുവിനെ സൃഷ്ടിച്ചത് ബീജ ത്തിൻെറ സഹായത്തോടെയായിരുന്നില്ല; പ്രത്യുത, 'ഉണ്ടാവുക' എ ന്ന അല്ലാഹുവിൻെറ ഒരാജ്ഞ കൊണ്ടു മാത്രമാണ്; ഖുർആൻ പ

റയുന്നത് കാണുക.

**"അവൾ (മർയം) പറഞ്ഞു: 'എന്റെ റബ്ബേ, എനിക്കെങ്ങനെ കുട്ടിയുണ്ടാകും? എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ലല്ലോ !' അവൻ പറഞ്ഞു: 'അങ്ങനെത്തന്നെയാണ് (കാര്യം), അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. (അതെ) അവൻ ഒരുകാര്യം തീരുമാനിച്ചാൽ അതിനോട് 'ഉണ്ടാവുക' എന്ന്മാത്രം പറയുന്നു. അപ്പോഴേക്കും അതുണ്ടായിത്തീരുന്നു".** *(ഖുർആൻ 3:47)*

ക്രി: യേശു ദൈവമാണ്; കാരണം, അദ്ദേഹത്തിൽ പരിശുദ്ധാത്മാവ് കുടികൊള്ളുന്നു.

മു: എന്നാൽ, പരിശുദ്ധാത്മാവ് കുടികൊള്ളുന്ന, മറ്റുള്ളവർക്ക് നിങ്ങളെന്താണ് ദിവ്യത്വം കൽപിക്കാത്തത്?

"അവൻ (ബർന്നബാസ്) നല്ല മനുഷ്യനും, പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു". (അപ്പോ: പ്രവൃത്തികൾ 11:24)

"ഈ വസ്തുതെക്ക് ഞങ്ങളുടെ ദൈവം തന്നെ അനുസരിക്കുന്നവർക്ക് നൽകിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്ന് ഉത്തരം പറഞ്ഞു". (അപ്പോ: പ്രവൃത്തികൾ 5:32)

(അപ്പോ: പ്രവൃത്തികൾ 16:5, II. പത്രോസ് 1:21, II. തിമോഥിയോസ് 1:14, I. കൊരിന്ത്യർ 2:16, ലൂക്കോസ് 1:41 ഇവയെല്ലാം തന്നെ ഇപ്രകാരം പ്രസ്താവിക്കുന്നത് കാണാം).

ക്രി: പക്ഷെ, യേശു തന്റെ അമ്മയുടെ ഗർഭപാത്രത്തിലായിരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ കുടികൊണ്ടിട്ടുണ്ട്.

മു: യോഹന്നാനെ സംബന്ധിച്ചും ഇക്കാര്യം ശരിയാണല്ലോ.

"ദൂതൻ അവനോട് പറഞ്ഞത്: സെഖര്യാവ് ഭയപ്പെടേണ്ട നിന്റെ പ്രാർത്ഥനക്ക് ഉത്തരമായി നിന്റെ ഭാര്യ എലിശബത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും. അവന്നു യോഹന്നാൻ എന്നു പേരിടണം. നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും. അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും. അമ്മയുടെ ഗർഭത്തിൽ വെച്ച് തന്നെ പരിശുദ്ധാത്മാവ് കൊണ്ട് നിറയും". (ലൂക്കോസ് 1:13-15).

ക്രി:എന്നാൽ യേശുവിന് അദ്ഭുതങ്ങൾചെയ്യാൻ കഴിയുമായിരുന്നു

5000 ആളുകളെ 5 കഷ്ണം റൊട്ടിയും രണ്ടു മത്സ്യവും കൊണ്ട് അവൻ തീറ്റി.

മു: ഇതേകാര്യം തന്നെ എലീശായും എലിജയും ചെയ്തിട്ടുണ്ടല്ലോ. ബാർലിയുടെ ഇരുപത് അപ്പങ്ങളും മലരും കൊണ്ട് എലീശാ നൂറ് പേരെ തീറ്റിയിട്ടുണ്ട്.

"ജനത്തിന് അത് തിന്മാൻ കൊടുക്ക; എന്ന് അവൻ കൽപിച്ചു. അതിന് അവൻെറ ബാല്യക്കാരൻ; ഞാൻ ഇത് നൂറ് പേർക്ക് എങ്ങനെ വിളമ്പും. . . അങ്ങിനെ അവൻ അവർക്ക് വിളമ്പിക്കൊടുത്തു. യഹോവയുടെ വചന പ്രകാരം അവർ തിന്നുകയും ശേഷിപ്പിക്കയും ചെയ്തു". (II. രാജാക്കന്മാർ 4:44)

"എലീശാ ഒരു വിധവയുടെ എണ്ണ വർദ്ധിപ്പിച്ചു കൊടുത്തു. അദ്ദേഹം അവളോട് പറഞ്ഞു- "നീ പോയി എണ്ണ വിറ്റു കടംവീട്ടി ശേഷിപ്പു കൊണ്ട് നീയും മക്കളും ഉപജീവനം കഴിച്ചു കൊൾക എന്നു പറഞ്ഞു" (II. രാജാക്കന്മാർ 4:7).

"യഹോയ എലിയാവ് മുഖാന്തിരം അരുളിച്ചെയ്ത വചനപ്രകാരം കലത്തിലെ മാവ് തീർന്നു പോയില്ല. ഭരണിയിലെ എണ്ണ കുറഞ്ഞു പോയതുമില്ല". (I. രാജാക്കന്മാർ 4:16).

"കാക്ക അവന്ന് (എലീശാക്ക്) രാവിലെ അപ്പവും ഇറച്ചിയും വൈകുന്നേരത്ത് അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുക്കും". (I.രാജാക്കന്മാർ 17:16).

ക്രി: എന്നാൽ, യേശു കുഷ്ഠരോഗം മാറ്റിയല്ലോ?

മു: എലീശായും അത് ചെയ്തിട്ടുണ്ട്. നയമാൻ എന്ന കുഷ്ഠരോഗിയെ ഏഴു പ്രാവശ്യം ജോർദ്ദാൻ നദിയിൽ കുളിക്കാൻ കൽപിച്ചു കുഷ്ഠം സുഖപ്പെടുത്തിയിട്ടുണ്ട്.

"അപ്പോൾ അവൻ ചെന്നു ദൈവപുരുഷൻെറ വചനപ്രകാരം യോർദ്ദാനിൽ ഏഴുപ്രാവശ്യം മുങ്ങി. അവൻെറ ദേഹം ചെറിയ ബാലൻെറ ദേഹം പോലെയായി. അവൻ ശുദ്ധനായിത്തീർന്നു". (II. രാജാക്കന്മാർ 5:14)

ക്രി: യേശു ഒരന്ധനെ കാഴ്ചയുള്ളവനാക്കിയല്ലോ?

മു: അങ്ങിനെ എലീശായും ചെയ്തിട്ടുണ്ട്.

"പിന്നെ എലീശാ പ്രാർത്ഥിച്ചു; യഹോവ, ഇവൻ കാണത്തക്ക

വണ്ണം ഇവന്റെ കണ്ണു തുറക്കേണമേ എന്നു പറഞ്ഞു. യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു. . . ". (II. രാജാക്കന്മാർ 6:17)

"ശമര്യയിൽ എത്തിയപ്പോൾ എലീശാ: യഹോവേ കാണത്തക്ക വണ്ണം ഇവരുടെ കണ്ണു തുറക്കേണമേ എന്നു പറഞ്ഞു. യഹോവ അവരുടെ കണ്ണു തുറന്നു. അവർ നോക്കിയപ്പോൾ തങ്ങൾ ശമര്യയുടെ നടുവിൽ നിൽക്കുന്നത് കണ്ടു". (II.രാജാക്കന്മാർ 6:20)

അന്ധത വരുത്താൻ വേണ്ടിയും എലീശായോട് ആവശ്യപ്പെട്ടിട്ടുണ്ട്.

"അവർ അവന്റെ അടുക്കൽ വന്നപ്പോൾ എലീശാ യഹോവയോട് പ്രാർത്ഥിച്ചു: ഈ ജാതിയെ അന്ധത പിടിപ്പിക്കേണമേ എന്നു പറഞ്ഞു. എലീശായുടെ അപേക്ഷ പ്രകാരം അവൻ അവരെ അന്ധത പിടിപ്പിച്ചു". (II. രാജാക്കന്മാർ 6:17).

ക്രി: മരിച്ചവരെ ഉയിർത്തെഴുന്നേൽപിക്കാൻ യേശുവിന്ന് സാധിച്ചിട്ടുണ്ട്.

മു: ഏലിയാവ് ചെയ്തത് നോക്കൂ-

"യഹോവ ഏലിയാവിന്റെ പ്രാർത്ഥന കേട്ടു; കുട്ടിയുടെപ്രാണൻ അവനിൽ മടങ്ങി വന്നു. അവൻ ജീവിച്ചു". (I.രാജാക്കന്മാർ 17:22)

ഇപ്രകാരം തന്നെ എലീശായുടെതുമുണ്ട്.

"യഹോവയോട് പ്രാർത്ഥിച്ചു. പിന്നെ അവൻ (എലീശാ) കയറി ബാലന്റെ മേൽ കിടന്നു. തന്റെ വായ് ബാലന്റെ വായ്മേലും തന്റെ കണ്ണു അവന്റെ കണ്ണിന്മേലും തന്റെ ഉള്ളം കൈകൾ അവന്റെ ഉള്ളൻ കൈകളിന്മേലും വച്ചു അവന്റെമേൽ കവിണ്ണു കിടന്നപ്പോൾ ബാലന്റെ ദേഹത്തിന് ചൂടുപിടിച്ചു". (II.രാജാക്കന്മാർ 4:34)

എലീശായുടെ ജീവനില്ലാത്ത എല്ലുകൾ കൊണ്ടു സ്പർശിച്ചപ്പോൾ ഒരു മരിച്ച ശരീരത്തിന് ജീവൻ കിട്ടി.

"ചിലർ ഒരു മനുഷ്യനെ അടക്കം ചെയ്യുമ്പോൾ ഒരു പടകൂട്ടത്തെ കണ്ടിട്ട്. അയാളെ എലീശാവിന്റെ കല്ലറയിൽ ഇട്ടു. അവൻ അതിൽ വീണു. എലീശായുടെ അസ്ഥികളെ തൊട്ടപ്പോൾ ജീവിച്ചു കാലൂന്നി എഴുന്നേറ്റു". (II. രാജാക്കന്മാർ 13:21)

ക്രി: എന്നാൽ യേശു വെള്ളത്തിനു മുകളിൽ കൂടി നടന്നിട്ടുണ്ട്.

മു: മോശെ കടലിന്മേൽ കൈനീട്ടി.

"യിസ്രായേൽ മക്കൾ കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തു കൂടി നടന്നു പോയി". (പുറപ്പാട് 14:22)

ക്രി: പക്ഷെ, യേശുവിന് പിശാചുക്കളെ പുറന്തള്ളാൻ സാധിച്ചിട്ടുണ്ട്.

മു: മറ്റുള്ളവർക്കും അത് സാധിക്കുമെന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ട്.

"ഞാൻ ബെയെത്സെബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു. എങ്കിൽ നിങ്ങളുടെ മക്കൾ ആരെക്കൊണ്ട് പുറത്താക്കുന്നു". (ലൂക്കോസ് 11:19), (മത്തായി 12:27). ശിഷ്യന്മാർക്കും പിശാചുക്കളെ പുറത്താക്കാൻ കഴിയുമെന്ന് യേശു പറയുന്നു.

"കർത്താവെ, കർത്താവെ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും". (മത്തായി 7:22).

കള്ളപ്രവാചകന്മാരും അദ്ഭുതങ്ങൾ ചെയ്യുമെന്ന് യേശു പ്രവചിച്ചിട്ടുണ്ട്.

"കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അദ്ഭുതങ്ങളും കാണിക്കും". (മത്തായി 24:24)

ക്രി: എലിയാവും എലീശായും അദ്ഭുതങ്ങൾ പ്രവർത്തിച്ചത് ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടാണ്.

മു: യേശുവും അദ്ഭുതങ്ങൾ പ്രവർത്തിച്ചത് ദൈവസഹായം കൊണ്ടാണ്. യേശു പറയുന്നു.

"എനിക്ക് സ്വന്തംനിലക്കു ഒന്നുംചെയ്യാൻ കഴിയുകയില്ല". (യോഹന്നാൻ 5:30)

"എന്നാൽ ദൈവത്തിന്റെ ശക്തികൊണ്ടു ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം". (ലൂക്കോസ് 11:20)

യേശു ചെയ്ത എല്ലാ അദ്ഭുതകൃത്യങ്ങളും പൂർവ്വികരായ പ്രവാചകരും ചെയ്തിട്ടുണ്ട്. അവരുടെ അനുയായികളും ശിഷ്യന്മാരും, അവിശ്വാസികൾ പോലും അവ ചെയ്തിട്ടുണ്ട്. യേശുവിന്

വീര്യപ്രവൃത്തികളൊന്നും അവിശ്വാസികളുടെ മേൽ ചെയ്യാൻ കഴിഞ്ഞില്ല.

"ഏതാനും ചില രോഗികളുടെ മേൽ കൈവെച്ചു സൗഖ്യം വരുത്തിയത് അല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നു ചെയ്‌വാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു. അവൻ ചുറ്റുമുള്ള ഊരുകളിൽ ഉപദേശിച്ചു കൊണ്ട് സഞ്ചരിച്ചു പോന്നു". (മാർക്കോസ് 6:5,6)

ക്രി: എന്നാൽ, മരിച്ച മൂന്നാം ദിവസം യേശു ഉയിർത്തെഴുന്നേൽക്കുകയുണ്ടായല്ലോ?

മു: ഇതിനെ സംബന്ധിച്ചു നമുക്ക് പിന്നീട് സംസാരിക്കാം. അദ്ദേഹത്തെ ക്രൂശിച്ചതിനെപ്പറ്റിയുള്ള പ്രസ്താവങ്ങളിൽ പല വൈരുദ്ധ്യങ്ങളുമുണ്ട്. പോളിന്റെ സുവിശേഷമാണത്. അദ്ദേഹം ജീവനോടെ യേശുവിനെ കണ്ടിട്ടേയില്ല.

"ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശു ക്രിസതുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ സുവിശേഷം". (II. തിമോഥിയോസ് 2:8)

മാർക്കോസിലുള്ള (16:9-20) ഉയിർത്തെഴുന്നേൽപിന്റെ സുവിശേഷം പല ബൈബിളുകളിൽ നിന്നും നീക്കപ്പെട്ടിട്ടുണ്ട്. അത് നിലനിർത്തപ്പെട്ട ചില ബൈബിളുകളിൽ തന്നെ ബ്രാക്കറ്റിൽ ഇടുകയോ ചെറിയ അക്ഷരങ്ങളിൽ കൊടുക്കുകയോ ആണ് ചെയ്തിട്ടുള്ളത്. ഞാനൊന്നു ചോദിക്കട്ടെ; 'താൻ ദൈവമാണെന്നോ തന്നെ ആരാധിക്കണമെന്നോ യേശു വല്ലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ടോ?

ക്രി: "ഇല്ല. പക്ഷെ, അദ്ദേഹം ദൈവവും മനുഷ്യനും ആണ്.

മു: "അദ്ദേഹത്തിന് അങ്ങനെ വാദം ഉണ്ടോ?

ക്രി: ഇല്ല.

മു: എന്നാൽ ജനങ്ങൾ തന്നെ വെറുതെ ആരാധിക്കുമെന്നും, ദൈവീകമല്ലാത്ത, മനുഷ്യ നിർമ്മിതങ്ങളായ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുമെന്നും അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്.

"മാനുഷ കൽപനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതു കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു". (മത്തായി 15:9)

അഭിനവ ക്രൈസ്തവരുടെ എല്ലാ സിദ്ധാന്തങ്ങളും- ത്രിഏകത്വം,

യേശുവിൻെറ ദൈവപുത്ര പദവി, യേശുവിൻെറ ദിവ്യത്വം, ആദി പാപം, പാപമോചനം എന്നിവയെല്ലാം തന്നെ- മനുഷ്യ നിർമ്മിതങ്ങ ളാണ്. പുതിയ നിയമത്തിലുള്ള യേശുവിൻെറ സ്വന്തം വാചകങ്ങ ളിൽ അദ്ദേഹം ഒരിക്കലും ദിവ്യത്വം വാദിക്കുകയോ തന്നെ ദൈവ തുല്യനായി കണക്കാക്കുകയോ ചെയ്തിട്ടില്ലെന്ന് കാണാം.

"ഞാൻ സ്വന്തമായി ഒന്നും പ്രവർത്തിക്കുന്നില്ല". (യോഹന്നാൻ 8:28)

"എൻെറപിതാവ് എന്നെക്കാളും ഉന്നതനാണ്".(യോഹന്നാൻ 14:28)

"നമ്മുടെ ദൈവമായ രക്ഷിതാവ്, ഒരു ദൈവമാകുന്നു". (മാർ ക്കോസ് 12:29)

"എൻെറ ദൈവമെ, എൻെറ ദൈവമെ, നീ എന്തിന്നു എന്നെ ഉപേക്ഷിച്ചു". (മാർക്കോസ് 15:24)

"പിതാവെ നിൻെറ കൈകളിലേക്ക് എൻെറ ആത്മാവിനെ ഞാൻ ഏൽപിക്കുന്നു". (ലൂക്കോസ് 23:46)

"ആ നാളും, നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആ രും; സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല". (മാർ ക്കോസ് 13:32)

യേശു, ആദ്യം പ്രവാചകൻ എന്നായിരുന്നു വിളിക്കപ്പെട്ടിരുന്ന ത്. ദൈവത്തിൽ നിന്നുള്ള അദ്ധ്യാപകൻ, അവൻെറ അടിമ, മസീ ഹ്, അങ്ങനെ അത് 'ദൈവപുത്രനി'ലേക്കും അവിടെനിന്ന് 'ദൈവ' ത്തിലേക്ക് തന്നെയും വഴുതിപ്പോയി.

ഇവിടെ നാം നമ്മുടെ വിവേകം പ്രയോഗിക്കേണ്ടതുണ്ട്. ഒരു സൃഷ്ടിയിൽ നിന്ന് എങ്ങനെയാണ് ഒരു ദൈവം ജനിക്കുക?

യേശു ഉറങ്ങിയിരുന്നു. പക്ഷെ, ദൈവം ഒരിക്കലും ഉറങ്ങു ന്നില്ല.

"നിന്നെ കാക്കുന്നവൻ മയങ്ങുകയില്ല. യിസ്രായേലിൻെറ പരി പാലകൻ മയങ്ങുകയില്ല; ഉറങ്ങുകയുമില്ല. യഹോവ നിൻെറ പരി പാലകൻ". (സങ്കീർത്തനങ്ങൾ 121:4,5)

ദൈവം സർവ്വശക്തനായിരിക്കും. പിന്നെ എങ്ങനെ ജനങ്ങൾ ക്ക് അവനെ തുപ്പാനാകും? എങ്ങനെ അവനെക്രൂശിക്കും? ഇതര സൃഷ്ടികളെപ്പോലെ യേശുവും ദൈവത്തെ ആരാധിച്ചുവെങ്കിൽ പിന്നെ എങ്ങനെ യേശു ദൈവമാകും?

"അവനോ നിർജ്ജന ദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചു കൊണ്ടിരുന്നു". (ലൂക്കോസ് 5:16)

നാൽപത് നാളുകളോളം പിശാച് യേശുവിനെ പരീക്ഷിക്കുകയുണ്ടായി.

"പിശാച് അവനെ നാൽപത് ദിവസം പരീക്ഷിച്ചു കൊണ്ടിരുന്നു". (ലൂക്കോസ് 4:1)

എന്നാൽ ദൈവമോ?

"ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു" (യാക്കോബ് 1:13)

അപ്പോൾ പിന്നെ യേശു എങ്ങനെ ദൈവമായിത്തീരും? അതിനാൽ നമുക്ക് വിവേകമുപയോഗിച്ച് കാര്യങ്ങൾ അപഗ്രഥിക്കാം.

ക്രി: ശരിയാണ്, എനിക്കത് മനസ്സിലാക്കാൻ പറ്റിയില്ല. പക്ഷെ, ഞങ്ങൾ അന്ധമായി അതംഗീകരിക്കുന്നു.

മു: ഈ നിലപാട് ബൈബിളിന്നു തന്നെ എതിരല്ലേ? ഏതു കാര്യവും തെളിവിൻെറ അടിസ്ഥാനത്തിൽ സ്വീകരിക്കണമെന്നാണല്ലോ ബൈബിൾ പറയുന്നത്.

സകലവും ശോധനചെയ്തു നല്ലത് മുറുകെപിടിപ്പിൻ". (I.തെസ്സലൊനികൂർ 5:21)

ക്രി: 'ആകപ്പാടെ അങ്കലാപ്പു തന്നെ!'

മു: പക്ഷെ, ബൈബിൾ പറയുന്നത് നോക്കൂ:-

"ദൈവം കലക്കത്തിൻെറ ദൈവമല്ല; സമാധാനത്തിൻെറ ദൈവമത്രെ". (I.കൊരിന്ത്യർ 14:33)

മനുഷ്യ നിർമ്മിതമായ സിദ്ധാന്തങ്ങളാണ് അങ്കലാപ്പുണ്ടാക്കുന്നത്.

# ദൈവപുത്ര സങ്കൽപം

മു: യേശു ദൈവപുത്രനാണോ?

ക്രി: അതെ, മത്തായിയുടെ സാവിശേഷം നോക്കുക- യോഹന്നാൻ യേശുവിനെ സ്നാനം ചെയ്തപ്പോൾ; "ഇവൻ എൻെറ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം ഉണ്ടായി". (മത്തായി 3:17)

മു: 'പുത്രൻ' എന്ന പദം താങ്കൾ അക്ഷരാർത്ഥത്തിൽ സ്വീകരിക്കരുത്. അനേകം പ്രവാചകന്മാരെയും, നമ്മളെപ്പോലെയുള്ള സാധാരണ ജനങ്ങളെയും ബൈബിളിൽ പുത്രന്മാരെന്നോ, ദൈവത്തിൻെറ മക്കളെന്നോ വിളിച്ചതായി കാണാൻകഴിയും. പുറപ്പാട് 4:22 വായിച്ചുനോക്കൂ

ക്രി: "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; യിസ്രായേൽ എന്റെ പുത്രൻ; എന്റെ ആദ്യജാതൻ തന്നെ". (പുറപ്പാട് 4:22)
മു: യാക്കൂബിനെ (യിസ്രായേൽ) പ്പറ്റിയും 'ആദ്യജാതൻ' എന്നു പറഞ്ഞതായി കാണാം. II.ശാമുവൽ 7:13,14, I.ദിനവൃത്താന്തം 22:10 എന്നിവ നോക്കുക.
ക്രി: "അവൻ (സോളമൻ) എന്റെ നാമത്തിന്നു ഒരു ആലയം പണിയും. ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും. ഞാൻ അവന്നു പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും. . . ". ( II.ശാമുവൽ 7:13,14)
മു:യിരെമ്യാവ് (31:9) വായിച്ചു നോക്കൂ. അവിടെ ഒരുകുഴപ്പം കാണാം.
". . . ഞാൻ യിസ്രായേലിന്നു പിതാവും എഫ്രയീം എന്റെ ആദ്യജാതനുമല്ലോ". (യിരെമ്യാവ് 31:9).
പുറപ്പാട് പുസ്തകത്തിൽ ഇസ്രായേലിനെ 'ആദ്യജാതൻ' എന്നു വിളിച്ചത് നാം കണ്ടുവല്ലോ. യഥാർത്ഥത്തിൽ ആരാണ് ആദ്യജാതൻ- യിസ്രായേലോ എഫ്രയീമോ? ആവർത്തന പുസ്തകം (14:1) വായിക്കൂ- സാധാരണ ജനങ്ങളെപ്പറ്റിയും 'ദൈവപുത്ര'ന്മാരായി സങ്കൽപിക്കപ്പെട്ടത് കാണാം.
ക്രി: "നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവക്ക് മക്കൾ ആകുന്നു". (ആവർത്തന പുസ്തകം 14:1).
മു: റോമർ (8:29) നോക്കൂ- സാധാരണ ജനങ്ങളെപ്പറ്റി തന്നെ 'ആദ്യജാതൻ' എന്ന് വിളിക്കപ്പെട്ടത് കാണാം.
ക്രി: "അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു". (റോമർ 8:29)
മു: എല്ലാവരും 'ആദ്യജാത'രാണെങ്കിൽപ്പിന്നെ യേശു എന്താണ്?
ക്രി: അദ്ദേഹം ദൈവത്തിന്റെ 'ജനിപ്പിച്ച' ഏക മകനാണ്.
മു: യേശു ജനിക്കുന്നതിനു വളരെ മുമ്പ് ദൈവം ദാവീദിനോട് ഇപ്രകാരം പറഞ്ഞു-
"ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു. ഞാൻ ഒരുനിർണ്ണയം പ്രസ്താവിക്കുന്നു. യഹോവ എന്നോട് അരുളിചെയ്തത്; നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു". (സങ്കീർത്തനങ്ങൾ 2:7)

അങ്ങനെ ദാവീദും ദൈവത്തിന്റെ 'ജനിപ്പിച്ച' മകനാകുന്നു.

അതിനാൽ 'ദൈവപുത്രൻ' എന്നതിന്റെ ഭാഷാർത്ഥം എടുക്കരുത്; അത് ആലങ്കാരിക പ്രയോഗമാണ്. ദൈവം വളരെ ഇഷ്ടപ്പെട്ട ആൾ എന്നാണതിന്റെ താൽപര്യം. ദൈവം തന്റെ മാത്രമല്ല, എല്ലാവരുടെയും പിതാവാണെന്ന് യേശു തന്നെ പറയുന്നുണ്ട്. മത്തായി (5:45-48) നോക്കുക.

ക്രി: "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നേ. . . " ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണ പൂർണ്ണൻ ആയിരിക്കുന്നത് പോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ". (മത്തായി 5:45-48)

മു: അതിനാൽ ബൈബിളിലെ അനേകം വാക്യങ്ങളിൽ 'ദൈവപുത്രൻ' എന്നത് ദൈവത്തിന്റെ സാമീപ്യവും സ്നേഹവും കാണിക്കാൻ വേണ്ടി യേശുവിനോട് മാത്രമല്ലാതെ പൊതുവായി പ്രയോഗിക്കപ്പെട്ട പദമാണ്. 'ദൈവത്തിന്റെ ആൺമക്കളും പെൺമക്കളും' എന്ന പ്രയോഗം തന്നെ താങ്കൾക്ക് കാണാവുന്നതാണ്.

"എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും". (II. കൊരിന്ത്യർ 6:17)

ഈ വചനത്തിന്റെ ഇതര ബൈബിൾ വചനങ്ങളുടെയും അടിസ്ഥാനത്തിൽ; യേശുവിനെ സാക്ഷാൽ ദൈവപുത്രനായി ഭാഷാർത്ഥത്തിൽ തന്നെ പരിഗണിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

ക്രി: പക്ഷെ, അദ്ദേഹത്തിന് പിതാവില്ലല്ലോ. അതു കൊണ്ടാണ് അദ്ദേഹത്തെ ദൈവ പുത്രനായി പരിഗണിക്കുന്നത്.

മു: എന്നാൽ, എന്തുകൊണ്ട് നിങ്ങൾ ആദമിനെ ദൈവപുത്രനായി പരിഗണിക്കുന്നില്ല? അദ്ദേഹത്തിന് പിതാവും മാതാവുമില്ലല്ലോ. അദ്ദേഹത്തെപ്പറ്റിയും ബൈബിളിൽ 'ദൈവപുത്രൻ' എന്ന് വിളിക്കപ്പെട്ടിട്ടുണ്ട്.

". . . ശേത്ത് ആദാമിന്റെ പുത്രൻ, ആദാം ദൈവത്തിന്റെ മകൻ". (ലൂക്കോസ് 3:38) ബൈബിളിൽ എബ്രായർ വായിക്കുക.

ക്രി: "അവന്നു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല. അവൻ ദൈവ പുത്രന് തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു". (എബ്രായർ 7:3)

മു: ആരാണിദ്ദേഹമെന്നല്ലേ? എബ്രായറിൽ തന്നെ മറുപടിയുണ്ട്.

"ശാലേം രാജാവും അത്യുന്നതനായ ദൈവത്തിൻെറ പുരോഹിതനുമായ ഈ മൽകീ സേദക്ക്. . . അബ്രഹാമിനെ എതിരേറ്റു അനുഗ്രഹിച്ചു". (എബ്രായർ 7:1)

ഇദ്ദേഹം യേശുവിനെക്കാളും ആദമിനെക്കാളും യോഗ്യനാണ്. എന്നിട്ടും എന്തുകൊണ്ട് അദ്ദേഹത്തെ ദൈവപുത്രനാക്കിയില്ല? എന്തുകൊണ്ട് ദൈവ സ്ഥാനത്തേക്കുയർത്തിയില്ല?

ക്രി: പിന്നെ യേശുവിനെ നിങ്ങൾ എന്തു വിളിക്കും?

മു: ഞങ്ങൾ, മുസ്‌ലിംകൾ അദ്ദേഹത്തെ 'മർയമിൻെറ മകൻ യേശു' എന്നു വിളിക്കുന്നു.

ക്രി: അത് ആരും നിഷേധിക്കുകയില്ല.

മു: ശരി, വളരെ എളുപ്പമാണത്. ആരും അത് നിഷേധിക്കുകയില്ല. താൻ മനുഷ്യ പുത്രനാണെന്നാണ് യേശു തന്നെ പറഞ്ഞത്. തന്നെ ദൈവപുത്രനെന്ന് വിളിക്കരുതെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ലൂക്കോസ് (4:41) നോക്കുക.

ക്രി: "പലരിൽ നിന്നും ഭൂതങ്ങൾ, നീ ദൈവപുത്രനായ ക്രിസ്തു എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടു പുറപ്പെട്ടു പോയി; താൻ ക്രിസ്തു എന്നു അവ അറിക കൊണ്ടു മിണ്ടുവാൻ അവൻ സമ്മതിക്കാതെ അവയെ ശാസിച്ചു". (ലൂക്കോസ് 4:41)

മു: തന്നെപ്പറ്റി 'ദൈവപുത്രൻ' എന്നു വിളിക്കുന്നത് അദ്ദേഹം വിലക്കിയിട്ടുണ്ടെന്നത് വളരെ വ്യക്തമാണ്. ലൂക്കോസിൽ തന്നെ ഇനിയും നോക്കൂ.

ക്രി: "അവൻ അവരോട്; എന്നാൽ നിങ്ങൾ എന്നെ ആരെന്നു പറയുന്നു എന്നു ചോദിച്ചതിന്നു ദൈവത്തിൻെറ ക്രിസ്തു എന്നു പത്രോസ് ഉത്തരം പറഞ്ഞു. ഇത് ആരോടും പറയരുതെന്ന് അവൻ അവരോട് അമർച്ചയായി കൽപിച്ചു". (ലൂക്കോസ് 9:20,21)

മു: പ്രതീക്ഷിക്കപ്പെട്ട മെസീഹ, ഒരു പ്രവാചൻ എന്നതിൽ നിന്നെല്ലാം യേശു 'ദൈവപുത്രൻ' എന്ന സ്ഥാനത്തേക്കും അവസാനം ദൈവത്തിൻെറ പദവിയിലേക്ക് തന്നെയും വഴുതിപ്പോയി !

"അവൻ രാത്രിയിൽ അവൻെറ അടുക്കൽ വന്നു അവനോട്; റബ്ബീ, നീ ദൈവത്തിൻെറ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു". (യോഹന്നാൻ 3:2)

"അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ടു; ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു". (യോഹന്നാൻ 6:14)

യോഹന്നാൻ 7:40, മത്തായി 21:11, ലൂക്കോസ് 7:16, 24:19 ഇവയെല്ലാം തന്നെ യേശുവിനെ 'പ്രവാചകൻ' എന്നു വിളിച്ചിരിക്കുന്നു. പൗലോസാണ് പിന്നീടത് മാറ്റം വരുത്തിയത്.

"യേശു തന്നെ ദൈവപുത്രൻ എന്നു ജൂതപള്ളികളിൽ അവൻ (പൗലോസ്) പ്രസംഗിച്ചു. കേട്ടവർ എല്ലാം വിസ്മയിച്ചു". (അപ്പോ: പ്രവൃത്തികൾ 9:20)

ആദ്യകാല ക്രിസ്ത്യാനികൾ ജൂതപള്ളികൾ തന്നെയായിരുന്നു തങ്ങളുടെ ആരാധനാലയമായി ഉപയോഗിച്ചിരുന്നതെന്നും, പിന്നീട് യേശു ഉപദേശിച്ചതിൽ നിന്നു മാറി, ക്രിസ്തുമതം പുതിയ രൂപമെടുത്തതിനു ശേഷമാണ് സ്വന്തം ചർച്ചുകൾ സ്ഥാപിച്ചതെന്നും, മതവിരുദ്ധമായ കാര്യങ്ങൾ പ്രസംഗിച്ചു എന്നതിന്റെ പേരിലാണ് പൗലോസ്, ബർണ്ണബാസ് മുതലായവരെ ജൂതപള്ളികളിൽ നിന്നു പുറത്താക്കിയത് എന്നും ഇതിൽ നിന്നു മനസ്സിലാക്കാം. (അപ്പോ: പ്രവൃത്തികൾ 13:50,17:18,21:28 എന്നിവ നോക്കുക.

"കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു". (ലൂക്കോസ് 2:11)

ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു". (യോഹന്നാൻ 1:1)

# യേശു കുരിശിലേറിയോ?

മു: യേശു കുരിശിലേറിയിട്ടില്ലെന്നാണ് പരിശുദ്ധ ഖുർആൻ പറയുന്നത്.

> "നിശ്ചയം, അല്ലാഹുവിന്റെ ദൂതനായ മർയമിന്റെ മകൻ ഈസാ 'മസീഹി'നെ ഞങ്ങൾ കൊലപ്പെടുത്തിയിരിക്കുന്നു എന്ന് അവർ പറഞ്ഞതു കൊണ്ടും (അവർ ശപിക്കപ്പെട്ടിരിക്കുന്നു) (വാസ്തവത്തിൽ) അവർ അദ്ദേഹത്തെ കൊലപ്പെടുത്തുകയോ ക്രൂശിക്കുകയോ ചെയ്തിട്ടില്ല. മറിച്ച് അവർക്കദ്ദേഹത്തെ തിരിച്ചറിയാതാക്കപ്പെട്ടു". *(ഖുർആൻ 4:157)*

അദ്ദേഹം കുരിശിൽ മരിച്ചുവെന്നാണോ ഇനിയും താങ്കൾ വിശ്വസിക്കുന്നത്?

ക്രി: അതെ, അദ്ദേഹം മരിച്ചു, ശേഷം ഉയിർത്തെഴുന്നേറ്റു.

മു: ഉയിർത്തെഴുന്നേറ്റ സമയം ആരും അദ്ദേഹത്തെ കണ്ടിട്ടില്ലെന്ന് എല്ലാവരും സമ്മതിക്കുന്നു. യേശുവിനെ വെച്ചിരുന്ന ശവമാടം ഒഴിഞ്ഞു കിടക്കുന്നതായി കണ്ടപ്പോൾ അദ്ദേഹം ഉയിർത്തെഴുന്നേറ്റതാണെന്ന് തീരുമാനിക്കാൻ കാരണമുണ്ടായി. അദ്ദേഹത്തെ ക്രൂശിച്ചു എന്നു പറഞ്ഞതിന്ന് ശേഷവും പലശിഷ്യന്മാരും അദ്ദേഹത്തെ കണ്ടിട്ടുമുണ്ട്. യഥാർത്ഥത്തിൽ ഇതെല്ലാം -ഖുർആൻ പറഞ്ഞതുപോലെ- അദ്ദേഹം കുരിശിൽ മരിച്ചിട്ടില്ല എന്നതിന് തെളിവായിക്കൂടേ?

ക്രി: 'അതിന് തെളിവ് എവിടെ'?

മു: അതിന് ഉപോൽബലകമായ ബൈബിൾ വചനങ്ങൾ തന്നെ പരിശോധിക്കാം. ശിഷ്യന്മാരും അനുയായികളും ഇതര സാക്ഷികളും പറഞ്ഞ കേട്ടുകേൾവികളെക്കാൾ യേശുവിൻെറ സ്വന്തം വചനങ്ങൾക്ക് കൂടുതൽ പരിഗണന കൊടുത്തുകൂടേ?

ക്രി: തീർച്ചയായും. യേശുവിൻെറ വചനങ്ങൾക്ക് തന്നെയാണ് പ്രാധാന്യം.

മു: ഈ പരിഗണന യേശുവിൻെറ സ്വന്തം പ്രസ്താവനയോടു (മത്തായി 10:24) തന്നെ നീതി പുലർത്തുന്നതാണ്.

"ശിഷ്യൻ ഗുരുവിൻ മീതെയല്ല; ദാസൻ യജമാനന്നു മീതെയുമല്ല". (മത്തായി 10 : 24)

ക്രി: മരിച്ചവരിൽ നിന്ന് താൻ ഉയിർത്തെഴുന്നേൽക്കുമെന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ട്.

"ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാംനാൾ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും അവൻെറ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു". (ലൂക്കോസ് 24:46,47)

മു: ക്ലേശങ്ങൾ അനുഭവിക്കുന്നതിനെപ്പറ്റി "മരിക്കുക" എന്നു തന്നെ ബൈബിളിൽ പ്രയോഗിക്കപ്പെട്ടത് കാണാം. പൗലോസ് പറഞ്ഞത് നോക്കൂ.

"സഹോദരന്മാരെ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിങ്കൽ എനിക്ക് നിങ്ങളിലുള്ള പ്രശംസയാണ് ഞാൻ ദിവസേന മരിക്കുന്നു" (ഞാൻ ദിനേന ക്ലേശമനുഭവിക്കുന്നുവെന്നർത്ഥം) (I.കൊരിന്ത്യർ 15:31).

കുറെക്കൂടി തെളിവുകൾ നിരത്താം.

1-കുരിശിൽവെച്ച് അദ്ദേഹം ദൈവത്തോട് സഹായമഭ്യർത്ഥിച്ചു.

". . .എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" (മത്തായി 27:46)

ലൂക്കോസിൽ ഇങ്ങനെ പറയുന്നു:

"പിതാവെ, നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു" (ലൂക്കോസ് 22:42) (പാനപാത്രം മരണത്തിന്റെ പാനപാത്രമാണ്).

2-കുരിശിൽ മരിക്കാതിരിക്കാൻ വേണ്ടിയുള്ള യേശുവിന്റെ പ്രാർത്ഥന ദൈവം സ്വീകരിച്ചു എന്ന് ലൂക്കോസ്, എബ്രായർ, യാക്കോബ് എന്നിവയിൽ പ്രസ്താവിക്കുന്നുണ്ട്. എങ്കിൽപ്പിന്നെ എങ്ങനെയാണ് അദ്ദേഹം കുരിശിൽ മരിക്കുക?

"അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി". (ലൂക്കോസ് 22:43)

ദൈവം അദ്ദേഹത്തെ നിസ്സഹായനായി ഉപേക്ഷിക്കുകയില്ലെന്ന് ഒരു ദൂതൻ ഉറപ്പുനൽകി എന്നാണിതിന്റെ അർത്ഥം.

"ക്രിസ്തു തന്റെ ഐഹിക ജീവകാലത്ത് തന്നെ മരണത്തിൽ നിന്ന് രക്ഷിപ്പാൻ കഴിയുന്നവനോട് ഉറെച്ച നിലവിളിയോടും കണ്ണീരോടും കൂടെ അപേക്ഷയും അഭയ യാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു" (എബ്രായർ 5:7)

യേശുവിന്റെ പ്രാർത്ഥന കേട്ടു എന്നു പറഞ്ഞാൽ അനുകൂലമായ ദൈവ വിധിയുണ്ടായി എന്നർത്ഥം.

"നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു". (യാക്കോബ് 5:16)

"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ ക

ണ്ടെത്തുന്നു; മുട്ടുന്നവന്ന് തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്ന് കല്ലുകൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവന്ന് പാമ്പിനെ കൊടുക്കുമോ". (മത്തായി7:7-10)

യേശുവിന്റെ എല്ലാ പ്രാർത്ഥനകളും (കുരിശിൽ മരിക്കരുത് എന്നതടക്കം) സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പിന്നെ എങ്ങനെയാണ് അദ്ദേഹത്തിന് കുരിശു മരണം സംഭവിക്കുക?

3-അദ്ദേഹത്തിന്റെ കാലുകൾ റോമൻ പട്ടാളക്കാർ തല്ലിപ്പൊളിച്ചിരുന്നില്ല.

"ആകയാൽ പടയാളികൾ വന്നു ഒന്നാമത്തവന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട മറ്റേവന്റെയും കാൽ ഒടിച്ചു. അവർ യേശുവിന്റെ അടുക്കൽ വന്നു; അവൻ മരിച്ചു പോയി എന്നു കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല". (യോഹന്നാൻ 9:32,33).

യേശു മരിച്ചുവെന്നതിന്ന് ഈ പട്ടാളക്കാരുടെ പ്രസ്താവം നമുക്ക് ആശ്രയിക്കാമോ? അതോ അദ്ദേഹം നിരപരാധിയാണെന്നു ബോദ്ധ്യമുള്ളതു കൊണ്ട് അവർ അദ്ദേഹത്തെ രക്ഷിക്കുവാൻ ശ്രമിക്കുകയായിരുന്നോ?

4-യേശു കുരിശിൽ മരിച്ചിരുന്നുവെങ്കിൽ രക്തം ശരീരത്തിൽ നിന്ന് പുറത്തു വരികയില്ല. അത് കട്ടയായിപ്പോയിട്ടുണ്ടാവും. എന്നാൽ, ബൈബിൾ പറയുന്നത് രക്തവും വെള്ളവും അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നു പുറത്തു ചാടി എന്നാണ്.

"എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു". (യോഹന്നാൻ 10:34)

5-പാർസികൾ തന്റെ സത്യസന്ദേശത്തിന് സാക്ഷിയായി തെളിവ് ചോദിച്ചപ്പോൾ യേശു ഇങ്ങനെ പറഞ്ഞു:-

"യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും പകലും ഇരുന്നതു പോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നുപകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും". (മത്തായി 12:40)

സമയഘടകം പരിഗണിക്കേണ്ടതില്ല, അതു മൂന്നുരാത്രിയും മൂന്നുപകലും ആയിരുന്നില്ല, ഒരുദിവസവും (ശനിയാഴ്ച പകൽ മാത്രം) രണ്ടുരാത്രിയും (വെള്ളിയാഴ്ചയും ശനിയാഴ്ചയും രാത്രി) ആയിരുന്നു. കടലാനയുടെ വയറ്റിൽ, യോനാക്ക് ജീവനുണ്ടായിരുന്നോ?

ക്രി: അതെ.

മു: കടലാനയുടെ വയറ്റിൽനിന്നും ഛർദ്ദിച്ചു പുറത്തു വന്നപ്പോഴും യോനാക്ക് ജീവനുണ്ടായിരുന്നോ?

ക്രി: അതെ.

മു: എന്നാൽ യേശുവും തന്റെ പ്രവചന പ്രകാരം, ജീവുള്ളവനായിരുന്നു.

6-താൻ കുരിശിൽ മരിച്ചിട്ടില്ലെന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ട്. ഞായറാഴ്ച പുലർച്ചക്ക് മഗ്ദലിനമറിയം കല്ലറയുടെ അടുത്തു ചെന്നപ്പോൾ കല്ലറ ശൂന്യമായിരുന്നു. ഒരു തോട്ടക്കാരനെപ്പോലെ ഒരാൾ അവിടെ നിൽക്കുന്നത് അവൾ കണ്ടു. അയാളുമായി സംസാരിച്ചപ്പോൾ അത് യേശുവാണെന്ന് അവർ തിരിച്ചറിഞ്ഞു. അവൾ സ്പർശിക്കാൻ ആഗ്രഹിച്ചു. യേശു പറഞ്ഞു.

"എന്നെ തൊടരുത്. ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല". (യോഹന്നാൻ 20:17)

"എന്നെ തൊടരുത്"- ഒരു പക്ഷെ പുതിയ മുറിവുകൾ വേദനിപ്പിക്കപ്പെടുമെന്നത് കൊണ്ടായിരുന്നോ? "ഞാൻ ഇതുവരെ പിതാവിന്റെയടുക്കൽ പോയില്ല" എന്നു പറഞ്ഞതിൽ നിന്നും 'അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നു, മരിച്ചിട്ടില്ല എന്നാണ് സൂചന. ആരെങ്കിലും ഒരാൾ മരിച്ചാൽ അവൻ സ്രഷ്ടാവിലേക്കു തിരിച്ചു പോകയാണല്ലോ. ഏറ്റവും ശക്തമായ തെളിവാണിത്. യേശു തന്നെ പറഞ്ഞ തെളിവ്.

7-ഇവിടെ ആരോപിക്കപ്പെട്ട ക്രൂശീകരണത്തിന് ശേഷം ശിഷ്യന്മാർ തന്റെ യഥാർത്ഥ ശരീരത്തിലുള്ള യേശുവിനെ കണ്ടില്ല. അദ്ദേഹം ആത്മീയവൽകരിക്കപ്പെട്ടതായിട്ടാണ് ശിഷ്യന്മാർക്ക് തോന്നിയത്. കാരണം, ഉയിർത്തെഴുന്നേൽക്കുന്ന ജഡങ്ങൾ ആത്മീ യവൽക്കരിക്കപ്പെടുന്നു.

ക്രി: ഇടക്ക് ചോദിക്കട്ടെ. ഉയിർത്തെഴുന്നേൽക്കുന്ന ജഡങ്ങൾ ആത്മീയവൽക്കരിക്കപ്പെടുന്നുവെന്നതിന് താങ്കൾക്ക് എന്തുറപ്പുണ്ട്?

മു: അത്തരം ആളുകൾ മാലാഖമാർക്ക് സമാനരാണെന്ന് യേശു തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

ക്രി: ബൈബിളിൽ, എവിടെയാണുള്ളത്?

മു: "ഈ ലോകത്തിൻെറ മക്കൾ വിവാഹം കഴിക്കയും വിവാഹത്തിനു കൊടുക്കയും ചെയ്യുന്നു. എങ്കിലും ആ ലോകത്തിന്നും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിന്നും യോഗ്യരായവർ വിവാഹം കഴിക്കയുമില്ല; വിവാഹത്തിനു കൊടുക്കപ്പെടുകയുമില്ല. അവർക്ക് ഇനി മരിപ്പാനും കഴിയുകയില്ല. അവൻ പുനരുത്ഥാന പുത്രന്മാരാകയാൽ മാലാഖ തുല്യരും, ദൈവപുത്രന്മാരുമാകുന്നു". (ലൂക്കോസ് 20:34,36)

പിന്നീട് യേശു അവരെ തൻെറ കൈകളും കാലുകളും സ്പർശിക്കുവാൻ അനുവദിച്ചു. അങ്ങനെ അവർക്ക് യേശു തന്നെയാണെന്ന് ബോദ്ധ്യപ്പെട്ടു. സാധാരണ മനുഷ്യൻ തന്നെയാണോ എന്ന് അവർക്ക് വിശ്വസിക്കാൻ കഴിയാത്തതു കൊണ്ട് അദ്ദേഹം ഭക്ഷണത്തിന്നാവശ്യപ്പെട്ടു. ജീവനുള്ള മറ്റു മനുഷ്യരെപ്പോലെ താനും ഭക്ഷണം കഴിക്കുന്നുണ്ടെന്ന് അവർക്ക് ബോദ്ധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു ഇത്.

"ഇങ്ങനെ അവർ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ അവരുടെ നടുവിൽ നിന്ന്; (നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു) അവർ ഞെട്ടി ഭയപ്പെട്ടു; ഒരു ഭൂതത്തെ കാണുന്നു എന്ന് അവർക്ക് തോന്നി. അവൻ അവരോട്: നിങ്ങൾ കലങ്ങുന്നത് എന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്ത്? ഞാൻ തന്നേ ആകുന്നു എന്ന് എൻെറ കയ്യും കാലും നോക്കി അറിവീൻ; എന്നെ തൊട്ടുനോക്കുവീൻ. എന്നിൽ കാണുന്നതു പോലെ ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ എന്നു പറഞ്ഞു. (ഇങ്ങനെ പറഞ്ഞിട്ട് അവൻ കയ്യും കാലും അവരെ കാണിച്ചു). അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നിൽക്കുമ്പോൾ അവരോട്: തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്നു ചോദിച്ചു. അവൾ ഒരു ഖണ്ഡം വറുത്ത മീനും (തേൻകട്ടയും) അവന്ന് കൊടുത്തു. അത് അവൻ വാങ്ങി അവർ കാൺകെ തിന്നു". (ലൂക്കോസ് 24:36-43)

8-അദ്ദേഹം കുരിശിൽ മരിച്ചുവെന്ന് തന്നെയാണ് നിങ്ങൾ വിശ്വസിക്കുന്നതെങ്കിൽ അദ്ദേഹം കൃത്രിമ പ്രവാചകനും ദൈവശാപത്തിനു വിധേയനുമാണെന്ന് താഴെ കൊടുക്കുന്ന ബൈബിൾവചനങ്ങളിൽ നിന്ന് വെളിപ്പെടും.

"ഒരുത്തൻ മരണയോഗ്യമായ ഒരുപാപം ചെയ്തിട്ട് അവനെ കൊന്നു ഒരുമരത്തിൽ തൂക്കിയാൽ അവൻെറ ശവം മരത്തിന്മേൽ രാത്രി മുഴുവനും ഇരിക്കരുത്, അന്നു തന്നെ അത് കുഴിച്ചിടേണം; തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ ആകുന്നു; നിൻെറ യഹോവയായ ദൈവം നിനക്ക് അവകാശമായി തന്ന ദേശം നീ അശുദ്ധമാക്കരുത്. (ആവർത്തന പുസ്തകം 21:22)

യേശു കുരിശിൽ മരിച്ചതായി വിശ്വസിക്കുന്നത്, അദ്ദേഹത്തിൻെറ പ്രവാചകത്വത്തിലുള്ള ഒരുചീത്തപ്പേരാണ്. ജൂതന്മാർ യേശുവിനെ കുരിശിൽതറച്ചു കൊന്നതായി വാദിക്കുകയും അദ്ദേഹത്തെ ഒരു കള്ളപ്രവാചകനായി അവതരിപ്പിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ തങ്ങളുടെ പാപവിമോചനത്തിന്ന് ക്രൂശീകരണം ഒരാവശ്യമാണെന്ന് വിശ്വസിക്കുന്നു. തന്മൂലമുണ്ടാകുന്ന യേശുവിൻെറ അധമാവസ്ഥ സ്വീകരിക്കേണ്ടിയും വന്നു. ഈ ക്രൈസ്തവ സങ്കൽപം ബൈബിളിൻെറ അദ്ധ്യാപനത്തിന് എതിരാണ്.

"യാഗത്തിലല്ല, ദയയിലും ഹോമയാഗങ്ങളെക്കാൾ ദൈവ പരിജ്ഞാനത്തിലും ഞാൻ പ്രസാദിക്കുന്നു". (ഹോശയ 6:6)

യേശുവിൻെറ തന്നെ അദ്ധ്യാപനത്തിന്ന് വിരുദ്ധമാണിത്.

"യാഗത്തിലല്ല, കരുണയിൽ അത്രേ ഞാൻ പ്രസാദിക്കുന്നു എന്നുള്ളത് എന്ത് എന്ന് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു". (മത്തായി 12:7)

ക്രി: അങ്ങനെയെങ്കിൽ ജനങ്ങൾ എന്താണ് ഉയിർത്തെഴുന്നേൽപിൽ വിശ്വസിക്കുന്നത്?

മു: ഉയിർത്തെഴുന്നേൽപിനെ പറ്റി പഠിപ്പിച്ചത് പൗലോസാണ്.

". . . ചിലർ (ജൂതന്മാർ) അവനോടു വാദിച്ചു. ഈ വിടുവായൻ എന്തു പറവാൻ പോകുന്നു എന്ന് ചിലരും അവൻ യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്ക കൊണ്ടു; ഇവൻ അന്യദേവതകളെ ഘോഷിക്കുന്നവൻ എന്നു തോന്നുന്നു എന്ന് മറ്റു ചിലരും പറഞ്ഞു". (അപ്പോ: പ്രവൃത്തികൾ 17:18)

തീരേ യേശുവിനെ കാണാത്ത ആളാണ് പൗലോസ്. മാത്രമല്ല, "ഉയിർത്തെഴുന്നേൽപ്" തൻെറ സുവിശേഷമാണെന്ന് സമ്മതിക്കുകയും ചെയ്യുന്നുണ്ട്.

"ദാവീദിൻെറ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേ

റ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തു കൊൾക. അത് ആകുന്നു എൻെറ സുവിശേഷം". (II.തിമോഥിയോസ് 2:8)

യേശുവിനെ ആദ്യമായി 'ദൈവപുത്രൻ' എന്നു വിളിച്ചതും ഈ പൗലോസ് തന്നെയാണ്.

"യേശു തന്നെ ദൈവപുത്രൻ എന്നു പള്ളികളിൽ (പൗലോസ്) പ്രസംഗിച്ചു". (അപ്പോ: പ്രവൃത്തികൾ 9:20)

ആകയാൽ യേശുവിൻെറയല്ല; പൗലോസിൻെറ അദ്ധ്യാപനമാണ് ക്രിസ്തുമതം.

ക്രി: എന്നാൽ, "യേശുവിനെ സ്വർഗ്ഗത്തിലേക്കുയർത്തി" ദൈവത്തിൻെറ വലതു വശത്താക്കി എന്ന് മാർക്കോസ് പറയുന്നുണ്ടല്ലോ?

"ഇങ്ങനെ കർത്താവായയേശു അവരോടു അരുളിച്ചെയ്ത ശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ദൈവത്തിൻെറ വലതു ഭാഗത്ത് ഇരുന്നു". (മാർക്കോസ് 16:19)

മു: 'ബൈബിളിൻെറ പവിത്രത' എന്ന അദ്ധ്യായത്തിൽ, മാർക്കോസ് സുവിശേഷത്തിലെ (9:20) വാക്യങ്ങൾ മറ്റു പതിപ്പുകളിൽ ഉപേക്ഷിക്കപ്പെട്ട കാര്യം സൂചിപ്പിച്ചിരുന്നുവല്ലോ. പുതുക്കി പ്രസിദ്ധീകരിക്കപ്പെട്ട അമേരിക്കൻ ബൈബിൾ, പുതിയ ലോക പരിഭാഷ എന്നിവ നോക്കുക. യേശുവിനെ സ്വർഗ്ഗത്തിലേക്ക് ഉയർത്തിയതു കൊണ്ട് ഇനിയും താങ്കൾ അദ്ദേഹത്തിന്ന് ദിവ്യത്വം കൽപിക്കുന്നുവെങ്കിൽ എന്തുകൊണ്ട് അങ്ങനെ ഉയർത്തപ്പെട്ട ഇതര പ്രവാചകന്മാർക്ക് താങ്കൾ ദിവ്യത്വം കൽപിക്കുന്നില്ല?

ക്രി: 'ആരൊക്കെയാണവർ?'

മു: ഒന്ന് ഏലിയാവ് തന്നെ.

"അങ്ങനെ ഏലിയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് കയറി എലീശാ അതു കണ്ടിട്ട്. . . പിന്നെ അവനെ കണ്ടില്ല". (II. രാജാക്കന്മാർ 2:11,12).

ഹാനോക്കിയെയും ദൈവം സ്വർഗ്ഗത്തിലേക്കെടുത്തിരിക്കുന്നു.

"ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു, ദൈവം അവനെ എടുത്തു കൊണ്ടതിനാൽ കാണാതെയായി". (ഉൽപത്തി 5:24)

ഇതു തന്നെ പുതിയ നിയമത്തിൽ (എബ്രായർ) ആവർത്തിച്ചിരിക്കുന്നു.

"വിശ്വാസത്താൽ ഹനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു;

ദൈവം അവനെ എടുത്തു കൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെട്ടതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു". (എബ്രായർ 11:5)

ക്രി: "ക്രൂശീകരണത്തിലൂടെ പാപമോചനം" എന്നത് യേശുവിന്റെ അധ്യാപനമല്ലെന്നാണോ താങ്കൾ പറയുന്നത്?

# പാപമോചനവും ആദിപാപവും

മു: യേശുവിനു ശേഷം മൂന്നു നാലു നൂറ്റാണ്ടുകൾക്കു ശേഷമാണ് ചർച്ച് ഈ പാപമോചന സങ്കൽപം സ്വീകരിക്കുന്നത്. ബൈബിളിനു തന്നെ വിരുദ്ധമാണത്.

"മക്കൾക്ക് പകരം അപ്പന്മാരും അപ്പന്മാർക്ക് പകരം മക്കളും മരണശിക്ഷ അനുഭവിക്കരുത്. താന്താന്റെ പാപത്തിന് താന്താൻ മരണശിക്ഷ അനുഭവിക്കണം". (ആവർത്തന പുസ്തകം 24:16)

"അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ല് പുളിച്ചു എന്ന് അവർ പറയുകയില്ല. ഓരോരുത്തൻ താന്താന്റെ അകൃത്യം നിമിത്തമത്രേ മരിക്കുന്നത്. പച്ചമുന്തിരിങ്ങാ തിന്നുന്നവന്റെ പല്ലേ പുളിക്കുകയുള്ളൂ". (യിരെമ്യാവ് 31:30)

"മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെമേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും". (യെഹെസ്കേൻ 18 : 20)

ആകയാൽ, ആദമിന്റെയും ഹവ്വയുടെയും പാപങ്ങൾക്ക് അവർ മാത്രം ഉത്തരവാദികളാണെന്ന് വരുന്നു. അതുതന്നെ അല്ലാഹു പൊറുത്തു കൊടുത്തിട്ടുണ്ടെന്നാണ് മുസ്ലിംകൾ വിശ്വസി ക്കുന്നത്.

ക്രി: നിങ്ങൾ ഉദ്ധരിച്ചതെല്ലാം പഴയ നിയമമാണല്ലോ?

മു: ശരി, യേശു തന്നെ പറഞ്ഞത് (മത്തായി 7:1,2) വായിച്ചു നോക്കൂ.

ക്രി: "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്ന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയിൽ നിങ്ങളെയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും". (മത്തായി 7:1,2)

മു: 1 കൊരിന്ത്യർ (3:8) വായിക്കുക.

ക്രി: "നടുന്നവനും, നനെക്കുന്നവനും ഒരുപോലെ. ഓരോരുത്തനും

താന്താൻെറ അദ്ധ്വാനത്തിന് ഒത്തവണ്ണം കൂലികിട്ടും". (I.കൊരിന്ത്യർ 3:8)

എങ്കിലും ഞങ്ങൾ ആദിപാപത്തിൽ വിശ്വസിക്കുന്നുണ്ട്.

മു: പാപരഹിതരായിക്കൊണ്ട് മാത്രമാണ് ശിശുക്കൾ ജനിക്കുന്നതെന്ന തിന്ന് താങ്കൾക്ക് ഇനിയും തെളിവു വേണോ? എന്നാൽ മത്തായി (19:14) നോക്കുക.

ക്രി: "ശിശുക്കളെ എൻെറ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്, സ്വർഗ്ഗരാജ്യം ഇങ്ങിനെയുള്ളവരുടേതല്ലോ എന്നു പറഞ്ഞു". (മത്തായി 19:14)

മു: പാപരഹിതരായിട്ടാണ് എല്ലാവരും ജനിക്കുന്നത്. എല്ലാ ശിശുക്കളും സ്വർഗ്ഗലോകത്തിൻേറതാണ്; മോശയുടെ നിയമത്തെ ഇല്ലായ്മ ചെയ്തത് പൗലോസാണെന്ന കാര്യം താങ്കൾക്കറിയാമോ? (അപ്പോ: പ്രവൃത്തികൾ 13:39) വായിക്കുക.

ക്രി: "മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരണം വരുവാൻ കഴിയാത്ത സകലത്തിൽ നിന്നും വിശ്വസിക്കുന്ന ഏവനും ഇവനാൽ നീതീകരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിഞ്ഞു കൊൾവിൻ". (അപ്പോ: പ്രവൃത്തികൾ 13:39)

മു: എന്തിനാണ് താങ്കൾ ഉയിർത്തെഴുന്നേൽപിൽ വിശ്വസിക്കുന്നത്? ഒരിക്കലും യേശുവിനെ കണ്ടിട്ടില്ലാത്ത പൗലോസ് തന്നെ അത് തൻെറ സ്വന്തം സുവിശേഷമാണെന്നും, യേശുവിൻെറതല്ലെന്നും അംഗീകരിച്ചിട്ടുണ്ടല്ലോ.

ക്രി: 'എവിടെയാണത്?'

മു: II. തിമോഥിയോസ് (2:8) വായിക്കൂ.

ക്രി: "ദാവീദിൻെറ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തു കൊൾക. അത് ആകുന്നു എൻെറ സുവിശേഷം". (II.തിമോഥിയോസ് 2:8)

എന്നാൽ പിന്നെ നാം എന്തിന് അദ്ദേഹം കുരിശിലേറിയ ശേഷം ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കണം?

മു: എനിക്കറിഞ്ഞുകൂടാ. ബുദ്ധിയിലും യുക്തിയിലും അധിഷ്ഠിതമായ, അന്ധവിശ്വാസവും ബഹുദൈവത്വവും കലരാത്ത, അല്ലാഹുവിൻെറ എല്ലാ പ്രവാചകരുടെയും ശുദ്ധമായ അദ്ധ്യാപനമാണ് ഇസ്‌ലാം.

ക്രി: 'അതെ, അതു തന്നെയാണ് ഞാൻ അന്വേഷിച്ചു കൊണ്ടിരിക്കുന്നത്'.

മു: എന്നാൽ എന്തുകൊണ്ട് താങ്കൾക്ക് 'ശഹാദത്' - ആദ്യം സ്വന്തം ഭാഷയിലും പിന്നീട് അറബിയിലും- ചൊല്ലിക്കൂടാ? ഞാൻ താങ്കളെ സഹായിക്കാം.

ക്രി: "അല്ലാഹു അല്ലാതെ യാതൊരാരാധ്യനുമില്ല; അവന്നു യാതൊരു പങ്കുകാരുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് (സ) അവൻെറ അടിമയും, തിരുദൂതരുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു".

"അശ്ഹദു അൻലാഇലാഹ ഇല്ലല്ലാ, വഹ്ദഹു ലാശരീക ലഹു, വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു".

മുഹമ്മദ് നബിയെ സംബന്ധിച്ച് ബൈബിളിൽ വല്ല പ്രവചനവുമുണ്ടോ?

മു: ഉണ്ട്, ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തെക്കുറിച്ചറിയാൻ ബൈബിളിനെ ആശ്രയിക്കേണ്ടതില്ല.

താങ്കൾ ബൈബിൾ പഠിച്ച ആളായതു കൊണ്ട് നമുക്ക് മറ്റൊരിക്കൽ അതെപ്പറ്റി ചർച്ചചെയ്യാം.

*(ഇനി ചർച്ച രണ്ടു മുസ്‌ലിംകൾ തമ്മിലാണ്)*

# മുഹമ്മദ് ബൈബിളിൽ

(ഇസ്മാഈലും ഇസ്ഹാഖും അനുഗ്രഹീതരായിരുന്നു)

മു: ഇസ്മാഈലും ഹാജറയും എന്തിന് സാറയെ വിട്ടുപോയി?

ന.മു: ഇസ്ഹാഖിൻെറ മുലകുടി കാലം കഴിഞ്ഞ ശേഷം അദ്ദേഹത്തെ ഇസ്മാഈൽ കളിയാക്കുന്നതായി മാതാവ് സാറ കണ്ടു. ഇസ്ഹാഖിനോടൊപ്പം ഇസ്മാഈൽ കൂടി അവകാശിയാകുന്നത് സാറ ഇഷ്ടപ്പെട്ടില്ല.

"പൈതൽ വളർന്നു മുലകുടിമാറി; യിസ്ഹാക്കിൻെറ മുലകുടി മാറിയ നാളിൽ അബ്രഹാം ഒരു വലിയ വിരുന്നു കഴിച്ചു. മിസ്രയീമ്യദാസി ഹാഗാർ അബ്രഹാമിന്നു പ്രസവിച്ച മകൻ പരിഹാസി എന്ന് സാറാ കണ്ടു അബ്രഹാമിനോട്: ഈ ദാസിയെയും മകനെയും പുറത്താക്കിക്കളക; ഈ ദാസിയുടെ മകൻ എൻെറ മകൻ

യിസ്ഹാക്കിനോട് കൂടെ അവകാശിയാകരുത് എന്ന് പറഞ്ഞു". (ഉൽപത്തി 21:8-10)

മു. രണ്ടുവയസ്സ് പ്രാവമായപ്പോഴാണ് ഇസ്ഹാഖ് മുലകുടി മാറ്റിയത്. ഇസ്മാഈലിനാകട്ടെ അന്ന് 16 വയസ്സ് പ്രായമുണ്ടായിരുന്നു. ഇസ്മാഈലിനെ ഹാജറ ഗർഭം ധരിച്ചപ്പോൾ അബ്രഹാമിന്ന് 86 വയസ്സായിരുന്നു, ഇസ്ഹാഖ് ജനിച്ചപ്പോഴാകട്ടെ അബ്രഹാമിന്ന് നൂറുവയസ്സും.

"ഹാഗർ അബ്രഹാമിന്ന് യിശ്മായേലിനെ പ്രസവിച്ചപ്പോൾ അബ്രഹാമിന്ന് എൺപത്താറു വയസ്സായിരുന്നു". (ഉൽപത്തി 16:16)

"തൻെറ മകനായ യിസ്ഹാക്ക് ജനിച്ചപ്പോൾ അബ്രഹാമിന് നൂറു വയസ്സായിരുന്നു". (ഉൽപത്തി 21:5)

എന്നാൽ, ഉൽപത്തി (21:8-10) ഉൽപത്തി (21:14-21) മായി വൈരുദ്ധ്യപ്പെടുന്നത് കാണാം. ഹാജറയും ഇസ്മാഈലും സാറയെ പിരിഞ്ഞു പോകുമ്പോൾ ഇസ്മാഈൽ ഒരുചെറിയ കുട്ടിയായിട്ടാണ് ചിത്രീകരിക്കപ്പെട്ടത്.

"അബ്രഹാം അതികാലത്ത് എഴുന്നേറ്റു അപ്പവും ഒരു തുരുത്തി വെള്ളവും എടുത്തു ഹാഗറിൻെറ തോളിൽ വെച്ചു; കുട്ടിയെയും കൊടുത്തു അവരെ അയച്ചു. . . നീ ചെന്ന് ബാലനെ താങ്ങി എഴുന്നേൽപിച്ചു കൊള്ളുക. . ." (ഉൽപത്തി 21:14-21)

ഒരു പതിനേഴുകാരനെ സംബന്ധിച്ച പ്രസ്താവമല്ല ഇത്. ഒരു ചെറിയ കുട്ടിയെ സംബന്ധിച്ച വിവരണമാണ്. ഇതിൽനിന്ന് വ്യക്തമാകുന്നത് ഇസ്മാഈലും ഹാജറയും ഇസ്ഹാഖ് ജനിക്കുന്നതിന്നു മുമ്പു തന്നെ സാറയെ വിട്ടുപിരിഞ്ഞു പോയിരുന്നു എന്നാണ്. ഇസ്ലാമിക പ്രമാണ പ്രകാരം അബ്രഹാം ഹാജറയെയും ഇസ്മാഈലിനെയും കൂട്ടി മക്കയിൽ പുതിയൊരു താമസ സ്ഥലമുണ്ടാക്കി എന്നാണ്. മക്കയെപ്പറ്റി ബൈബിൾ പറയുന്നത് "പാരാൻ" എന്നാണ്. (ഉൽപത്തി 21:21 നോക്കുക)

ദൈവീക പദ്ധതിയുടെ ഭാഗമായി അബ്രഹാമിന് ലഭിച്ച നിർദ്ദേശമനുസരിച്ചായിരുന്നു ഇത്. ഹാജറ വെള്ളം അന്വേഷിച്ചു കൊണ്ട് സഫാ-മർവ എന്നീ രണ്ടുകുന്നുകൾക്കിടയിൽ ഏഴു പ്രാവശ്യം ഓടുകയുണ്ടായി, ഇത് പിൽകാലത്ത്, ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുമുള്ള ലക്ഷക്കണക്കായ മുസ്ലിംകൾ മക്കയിലെത്തി

ച്ചേർന്നു നിർവ്വഹിക്കുന്ന മഹത്തായ ഹജ്ജു കർമ്മത്തിൻെറ ഒരു ഭാഗമായിത്തീർന്നു. ഉൽപത്തി (21:19) ൽ പ്രസ്താവിക്കുന്ന കിണർ ഇപ്പോഴും നിലവിലുണ്ട്. 'സംസം' എന്നാണതിൻെറ പേർ. പിന്നീട് അബ്രഹാമും ഇസ്മാഈലും പുണ്യഭവനമായ കഅ്ബ നിർമ്മിച്ചു. കഅ്ബയുടെ അടുത്ത് അബ്രഹാം പ്രാർത്ഥിക്കുവാൻ ഉപയോഗിച്ച സ്ഥലം ഇപ്പോഴുമുണ്ട്. 'മഖാമു ഇബ്രാഹിം' എന്നാണതിന്ന് പേർ. ഹജ്ജിൻെറകാലത്ത് മക്കയിലെഹാജിമാരും ലോകത്തിൻെറ നാനാ ഭാഗത്തുള്ള മുസ്ലിംകളും അബ്രഹാം ഇസ്മാഈലിനെ ബലിയറുക്കാൻ സന്നദ്ധമായ മഹൽ സംഭവത്തിൻെറ സ്മരണക്കായി മൃഗ ബലി നടത്തുന്നു.

ന.മു: എന്നാൽ, ഇസ്ഹാഖിനെയാണ് ബലിയറുക്കാനൊരുങ്ങിയത് എന്നാണ് ബൈബിൾ പറയുന്നത്.

മു: അല്ല. അബ്രഹാമും തൻെറ ഏകമകൻ ഇസ്മാഈലും ദൈവവുമായിട്ടാണ് ഈ കരാറുണ്ടായതെന്നാണ് ഇസ്ലാമിക പ്രമാണം പറയുന്നത്. ഇസ്മാഈലിനെയാണ് ബലിയർപ്പിക്കുവാനായി സജ്ജമാക്കപ്പെട്ടത്. അതെ ദിവസം തന്നെ അബ്രഹാമും ഇസ്മാഈലും കുടുംബത്തിലെ മറ്റെല്ലാ പുരുഷാംഗങ്ങളും ചേലാകർമ്മം ചെയ്യുകയുണ്ടായി. അന്ന് ഇസ്ഹാഖ് ജനിച്ചിട്ടു പോലുമില്ല. ഉൽപത്തി പുസ്തകം നോക്കുക.

"അബ്രഹാം പരിച്ഛേദനയേറ്റപ്പോൾ അവന്നു തൊണ്ണൂറ്റൊമ്പത് വയസ്സായിരുന്നു. അവൻെറ മകൻ യിശ്മയേൽ പരിച്ഛേദനയേറ്റപ്പോൾ അവന്ന് പതിമൂന്നു വയസ്സായിരുന്നു. അബ്രഹാമും അവൻെറമകൻ യിശ്മയേലും ഒരേദിവസത്തിൽ പരിച്ഛേദന ഏറ്റു. വീട്ടിൽ ജനിച്ച ദാസന്മാരും അന്യരോടു അവർ വിലക്കു വാങ്ങിയവരുമായി അവൻെറ വീട്ടിലുള്ളവർ എല്ലാവരും അവനോടു കൂടെ പരിച്ഛേദന ഏറ്റു" (ഉൽപത്തി 17:24-27)

ഒരുകൊല്ലം കഴിഞ്ഞ് ഇസ്ഹാഖ് ജനിച്ചു എട്ടു ദിവസം പ്രായമായപ്പോൾ ഇസ്ഹാഖും പരിച്ഛേദനയേറ്റു.

"ദൈവം അബ്രഹാമിനോടു കൽപിച്ചിരുന്നതു പോലെ അവൻ തൻെറ മകനായ ഇസ്ഹാഖിന്നു എട്ടാം ദിവസം പരിച്ഛേദന കഴിച്ചു. തൻെറ മകനായ ഇസ്ഹാഖ് ജനിച്ചപ്പോൾ അബ്രഹാമിന്ന് 100 വയസ്സായിരുന്നു". (ഉൽപത്തി 21:4,5)

പ്രമാണം ഉണ്ടാക്കിയപ്പോൾ, കരാർ സജ്ജമാക്കിയപ്പോൾ (അതായത് ബലിയും പരിച്ഛേദനയും ചെയ്തപ്പോൾ) അബ്രഹാമിന്നു 99 വയസ്സായിരുന്നു. ഇസ്മാഈലിന്നു 13 വയസ്സും. ഒരു വർഷത്തിനു ശേഷമാണ് ഇസ്ഹാഖ് ജനിച്ചത്. അബ്രഹാമിന്നു അന്നു 100 വയസ്സാണ് പ്രായം.

മുഹമ്മദ് നബി (സ) യും എല്ലാമുസ്ലിംകളുമടക്കം ഇസ്മാഈലിൻെറ പിൻഗാമികളെല്ലാം വളരെ വിശ്വസ്തതയോടെ ഈ പ്രമാണം (പരിച്ഛേദനം) നിർവ്വഹിച്ചു വരുന്നു. ദിനേന ചുരുങ്ങിയത് അഞ്ചുപ്രാവശ്യമെങ്കിലും തങ്ങളുടെ പ്രാർത്ഥനകളിൽ മുഹമ്മദു നബിയെപ്പറ്റിയെന്ന പോലെ അബ്രഹാമിൻെറ പേരിലും സ്തുതി കീർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നു.

ന.മു: ഇസ്ഹാഖിനെയാണ് ബലിക്കു നിയോഗിച്ചതെന്ന് ഉൽപത്തി :22 ൽ പറയുന്നുണ്ടല്ലോ?

മു: അതെനിക്കറിയാം. പക്ഷെ, അവിടെയുള്ള വൈരുദ്ധ്യം നിങ്ങൾക്ക് കാണാം. "തൻെറ ഏകമകൻ ഇസ്ഹാഖ്" എന്നാണവിടെ പ്രസ്താവിച്ചിട്ടുള്ളത്. പറയേണ്ടിയിരുന്നത് "തൻെറ ഏകമകൻ ഇസ്മാഈൽ" എന്നായിരുന്നു. കാരണം, അന്ന് ഇസ്മാഈലിന് 13വയസ്സായിരുന്നു. ഇസ്ഹാഖ് ആകട്ടെ അന്ന് ജനിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. ഇസ്ഹാഖ് ജനിച്ചപ്പോൾ അബ്രഹാമിന്ന് രണ്ടു മക്കളുണ്ടായിരുന്നു. അങ്ങേയറ്റത്തെ വർഗീയത കാരണം ഉൽപത്തി 22ൽ എല്ലായിടത്തും 'ഇസ്മാഈൽ' എന്ന പേർ 'ഇസ്ഹാഖ്' എന്നാക്കി മാറ്റിയിട്ടുണ്ട്. പക്ഷെ, "ഏകമകൻ" എന്നപദം പിൽകാലത്ത് നമുക്ക് സത്യം ഗ്രഹിക്കാൻ വേണ്ടി ദൈവം അവിടെ ബാക്കി നിർത്തുകയുണ്ടായി.

ഉൽപത്തി 22:17ൽ "ഞാൻ നിൻെറ വിത്തു വർദ്ധിപ്പിക്കും" എന്ന പ്രസ്താവന മുമ്പ് (ഉൽപത്തി 16:10) ൽ ഇസ്മാഈലിനെ സംബന്ധിച്ചുള്ളതാണ്. എങ്കിൽ പിന്നെ ഉൽപത്തി 22 ലെ പ്രസ്താവനകളൊന്നും ഇസ്മാഈലിന്ന് യോജിക്കുമായിരുന്നില്ലേ?

"ഞാൻ അവനെ ഒരു വലിയ ജനതയാക്കും" എന്ന് ഇസ്മാഈലിനെ സംബന്ധിച്ച് ഉൽപത്തി (17:20) ലും ഉൽപത്തി (21:18) ലും രണ്ടിടത്ത് ആവർത്തിച്ചിരിക്കുന്നു. എന്നാൽ, ഇസ്ഹാഖിനെ സംബന്ധിച്ചാകട്ടെ ഇത് തീരേ പ്രയോഗിക്കപ്പെട്ടിട്ടില്ല.

ന.മു. ജൂതന്മാരും ക്രിസ്ത്യാനികളും ഇസ്മാഈലിനെക്കാൾ ഇസ്ഹാഖിനാണല്ലോ ഔന്നത്യം കൽപിക്കുന്നത്?

മു. അവർ പറയുന്നത് അതാണ്. പക്ഷെ, ബൈബിൾ പ്രസ്താവിക്കുന്നത് അതല്ല.

"അവൻ (എലെയ്സർ) നിൻെറ അവകാശി ആകയില്ല. നിൻെറ ഉദരത്തിൽ നിന്നു പുറപ്പെട്ടവൻ തന്നെ നിൻെറ അവകാശിയാകും". (ഉൽപത്തി 15:4)

അങ്ങനെ ഇസ്മാഈൽ അവകാശിയായി.

"യഹോവയുടെ ദൂതൻ പിന്നെയും അവളോട് (ഹാഗറോട്) ഞാൻ നിൻെറ സന്തതിയെ ഏറ്റവും വർദ്ധിപ്പിക്കും. അത് എണ്ണികൂടാത്തവണ്ണം പെരുപ്പമുള്ളതായിരിക്കും". (ഉൽപത്തി 16:10)

"യിശ്മായേലിനെ കുറിച്ചും ഞാൻ നിൻെറ അപേക്ഷ കേട്ടിരിക്കുന്നു. ഞാൻ അവനെ അനുഗ്രഹിച്ചു അത്യന്തം സന്താനപുഷ്ടിയുള്ളവനാക്കി വർദ്ധിപ്പിക്കും. അവൻ പന്ത്രണ്ടു പ്രഭുക്കന്മാരെ ജനിപ്പിക്കും. ഞാൻ അവനെ വലിയൊരു ജാതിയാക്കും". (ഉൽപത്തി 17:20)

"ദാസിയുടെ മകനെയും ഞാൻ ഒരു ജാതിയാക്കും. അവൻ നിൻെറ സന്തതിയല്ലോ എന്ന് അരുളിച്ചെയ്തു". (ഉൽപത്തി 21:13)

"നീ ചെന്നു ബാലനെ താങ്ങി എഴുന്നേൽപിക്കുക. ഞാൻ അവനെ ഒരു വലിയ ജാതിയാക്കും എന്ന് അരുളിച്ചെയ്തു". (ഉൽപത്തി 21:18)

"ഒരുത്തി ഇഷ്ടയായും മറ്റവൾ അനിഷ്ടയായും ഇങ്ങനെ ഒരാൾക്ക് രണ്ടു ഭാര്യമാർ ഉണ്ടായിരിക്കയും അവർ ഇരുവരും അവന് പുത്രന്മാരെ പ്രസവിക്കുകയും ആദ്യജാതൻ അനിഷ്ടയുടെ മകൻ ആയിരിക്കയും ചെയ്താൽ അവൻ തൻെറ സ്വത്ത് പുത്രന്മാർക്ക് ഭാഗിച്ചു കൊടുക്കുമ്പോൾ അനിഷ്ടയുടെ മകനായ ആദ്യജാതന്ന് പകരം ഇഷ്ടയുടെ മകന്നു ജേഷ്ടാവകാശം കൊടുത്തുകൂടാ. തനിക്കുള്ള സകലത്തിലും രണ്ടു പങ്ക് അനിഷ്ടയുടെ മകന്ന് കൊടുത്തു അവനെ ആദ്യജാതനെന്ന് സ്വീകരിക്കേണം. അവൻ അവൻെറ ബലത്തിൻെറ ആരംഭമല്ലോ. ജേഷ്ടാവകാശം അവന്നുള്ളതാകുന്നു". (ആവർത്തന പുസ്തകം 21:15-17)

ഇസ്ഹാഖിൻെറയും ഇസ്ഹാഖിൻെറ പിൻഗാമികളുടെയും മേലുള്ള ദൈവാനുഗ്രഹത്തെ ഇസ്ലാം ഒരിക്കലും നിഷേധിക്കുന്നില്ല. പക്ഷെ, ഇസ്മാഈലാണ് ദൈവത്തിൻെറ വാഗ്ദത്ത പുത്രൻ.

അദ്ദേഹത്തിൽ നിന്നാണ് പിന്നീട് അന്ത്യപ്രവാചകൻ മുഹമ്മദ് (സ) ജന്മംകൊള്ളുന്നത്.

ന.മു. പക്ഷേ, ക്രിസ്ത്യാനികളും ജൂതന്മാരും ഇസ്മാഈലിനെ ഒരു വ്യഭിചാര പുത്രനായിട്ടാണ് കാണുന്നത് !

മു. അതാണ് അവരുടെ വാദം. പക്ഷേ, ബൈബിൾ അതു പറയുന്നില്ല. അബ്രഹാമിനെപ്പോലെ ഉത്തമനായ ഒരു പ്രവാചകവര്യന് എങ്ങനെയാണ് ഒരു വെപ്പാട്ടിയുണ്ടാവുക? വിവാഹം മുഖേനയല്ലാതെ എങ്ങനെയാണ് ഒരു മകനുണ്ടാവുക?!

"അബ്രഹാം കനാൻ ദേശത്തു പാർത്തു പത്ത് സംവത്സരം കഴിഞ്ഞപ്പോൾ അബ്രഹാമിൻെറ ഭാര്യയായ സാറായി മിസ്രയീമ്യ ദാസിയായ ഹാഗാറിനെ തൻെറ ഭർത്താവായ അബ്രഹാമിനു ഭാര്യയായി കൊടുത്തു". (ഉൽപത്തി 16:3)

വിവാഹം നിയമാനുസൃതമെങ്കിൽ അവരുടെ മക്കളെങ്ങനെ നിയമ വിധേയമല്ലാതാകും? ഒരു പുരുഷനും അയാളുടെ പിതാവിൻെറ മകളും തമ്മിലുള്ള വിവാഹത്തേക്കാൾ അഭികാമ്യമല്ലേ രണ്ടു വിദേശികൾ - ഒരു ഷാൽഡിയനും ഒരു ഈജിപ്ത്യനും - തമ്മിലുള്ള വിവാഹം? അബ്രഹാം പറഞ്ഞത് പൊളിയായാലും അല്ലെങ്കിലും അതു ഉൽപത്തി പുസ്തകത്തിലുണ്ട്.

"വാസ്തവത്തിൽ അവൾ എൻെറ പെങ്ങളാകുന്നു; എൻെറ അപ്പൻെറ മകൾ, എൻെറ അമ്മയുടെ മകളല്ലതാനും, അവൾ എനിക്കു ഭാര്യയായി". (ഉൽപത്തി 20:12)

ഇസ്മാഈൽ എന്ന പേർ അല്ലാഹു തന്നെ തെരഞ്ഞെടുത്തതാണ്. ഉൽപത്തി (16:11) നോക്കു.

"നീ ഗർഭിണിയാണല്ലോ, നീ ഒരു മകനെ പ്രസവിക്കും. യഹോവ നിൻെറ സങ്കടം കേൾക്കകൊണ്ടു അവന്നു യിശ്മായേൽ എന്നു പേർ വിളിക്കേണം". (ഉൽപത്തി 16:11)

ഇസ്മാഈൽ എന്നാൽ "ദൈവം കേൾക്കുന്നു" എന്നാണർത്ഥം. പിന്നെ എവിടെയാണ് ബൈബിളിൽ അദ്ദേഹം വ്യഭിചാര പുത്രനായിരുന്നുവെന്ന് എഴുതപ്പെട്ടത്?

ന.മു. ബൈബിളിൽ എവിടെയും അങ്ങനെയില്ല.

മു: ഇസ്മാഈലും ഇസ്ഹാഖും ജനിക്കുന്നതിന്നു വളരെ മുമ്പു തന്നെ അബ്രഹാമുമായി ദൈവം കരാറുണ്ടാക്കിയിരുന്നു.

"അന്നു യഹോവ അബ്രഹാമിനോടു നിയമം ചെയ്തു. നിന്റെ സന്തതിക്കു ഞാൻ മിസ്രയീംനദി തുടങ്ങി യൂപ്രട്ടീസ്നദി വരെയുള്ള ഈ ദേശത്തെ തന്നിരിക്കുന്നു എന്ന് അരുളിച്ചെയ്തു". (ഉൽപത്തി 15:18)

നൈലിന്റെയും യൂപ്രട്ടീസിന്റെയും ഇടയിലുള്ള വലിയ ഭൂപ്രദേശമായ അറേബ്യയിലല്ലേ പിന്നീട് ഇസ്മാഈൽ സന്തതികൾ താമസിച്ചു വന്നത്?

ന.മു: ഇസ്ഹാഖിനും പിൻഗാമികൾക്കും ഒരു വാഗ്ദത്ത ഭൂമി ഇല്ലന്നാണോ താങ്കളുടെ വാദം?

മു: അല്ല, ഇസ്ഹഖ് അനുഗ്രഹീതനായിരുന്നില്ല എന്ന് നാം മുസ്ലിംകൾ ഒരിക്കലും പറയുകയില്ല.

"ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതികൾക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കനാൻ ദേശം ഒക്കെയും ശാശ്വതാവകാശിയായി തരും. ഞാൻ അവർക്ക് ദൈവമായുമിരിക്കും". (ഉൽപത്തി 17:8)

ഇവിടെ താങ്കൾ ഒരു വ്യത്യാസം കാണുന്നില്ലേ? അബ്രഹാം അവിടെ ഒരു അപരിചിതനാണ്. കനാനിൽ അദ്ദേഹം വന്നു പാർത്തതാണ്. പക്ഷെ, നൈലിന്റെയും യൂപ്രട്ടീസിന്റെയും ഇടയിലുള്ള പ്രദേശത്ത് അദ്ദേഹം അപരിചിതനല്ല. ഒരു ചാൽഡിയൻ ആയതുകൊണ്ട് അദ്ദേഹം ഒരു ജൂതനാകുന്നതിനെക്കാൾ ഒരു അറബി ആകാനാണ് സാധ്യത.

ന.മു:എന്നാൽ ഇസ്ഹാഖിന്നു വേണ്ടിയും കരാർ ഉണ്ടാക്കിയിട്ടുണ്ട്.

"എന്റെ നിയമം ഞാൻ ഉറപ്പാക്കുന്നു. ഇനിയത്തെ ആണ്ടു ഈ സമയത്ത് സാറാ നിനക്ക് പ്രസവിപ്പാനുള്ള യിസ്ഹാഖിനോട് ആകുന്നു". (ഉൽപത്തി 17:21)

മു: ഇതു ഇസ്മാഈലിനെ ഒഴിവാക്കുന്നുണ്ടോ? അല്ലാഹു ഇസ്മാഈലുമായി യാതൊരു കരാറുമുണ്ടാക്കിയിട്ടില്ലെന്നു ബൈബിളിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

ന.മു: ഇല്ല. എവിടെയും പറഞ്ഞിട്ടില്ല.

## യിരമ്യാവിന്റെ മാനദണ്ഡങ്ങൾ

"സമാധാനം പ്രവചിക്കുന്ന പ്രവാചകനോ അവന്റെ വചനം നിവൃത്തിയാകുമ്പോൾ, അവൻ സത്യമായിട്ടു യഹോവ അയച്ച പ്ര

വാചകൻ എന്നു തെളിയും എന്ന് യിരെമ്യാ പ്രവാചകൻ പറഞ്ഞു". (യിരെമ്യാവ് 28:9)

ഇസ്‌ലാം എന്ന പദം തന്നെ സമാധാനത്തെയും ശാന്തിയെയും കുറിക്കുന്നു. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള സമാധാനം. യിരെമ്യാവിൻെറ ഈ പ്രവചനം യേശുവിന് യോജിക്കില്ല. കാരണം, താൻ സമാധാനത്തിന്നു വന്നതല്ലെന്നു അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്.

"ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാൻ അത്രെ എന്നു ഞാൻ നിങ്ങളോട് പറയുന്നു. ഇനിമേൽ ഒരുവീട്ടിൽ ഇരുവരോട് മൂവരും മൂവരോട് ഇരുവരും ഇങ്ങനെ അഞ്ചുപേർ തമ്മിൽ ഛിദ്രിച്ചിരിക്കും. അപ്പൻ മകനോടും അമ്മാവിയമ്മ മരുമകളോടും മരുമകൾ അമ്മാവിയമ്മയോടും ഛിദ്രിച്ചിരിക്കും". (ലൂക്കോസ് 12:51-53)

ഇതെ പ്രകാരം (മത്തായി 10:34-36) ലും കാണാവുന്നതാണ്.

## "ഷിലോ വരുന്നതു വരെ"

യാക്കൂബ് തൻെറ മരണത്തിന് മുമ്പ് മക്കളെ വിളിച്ചു വരുത്തി അവർക്ക് നൽകിയ സന്ദേശമായിരുന്നു ഇത്.

"അനന്തരം യാക്കോബ് തൻെറ പുത്രന്മാരെ വിളിച്ചു
അവരോട് പറഞ്ഞു, കൂടിവരുവിൻ, ഭാവികാലത്ത്, നിങ്ങൾക്ക് സംഭവിക്കാനുള്ളത് ഞാൻ നിങ്ങളെ അറിയിക്കും" (ഉൽപത്തി 49:1)

"ഷിലോ വരുവോളം ചെങ്കോൽ യഹൂദയിൽ നിന്നും രാജദണ്ഡ് അവൻെറ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകില്ല; ജാതികളുടെ അനുസരണം അവനോടു ആകും" (ഉൽപത്തി 49:10)

ഷിലോഹ് എന്ന പേരിൽ ഒരു നഗരമുണ്ട്. പക്ഷെ, വാസ്തവത്തിൽ അതിൻെറ അർത്ഥം സമാധാനം, ശാന്തി, വിശ്രമം, അഥവാ 'ഇസ്‌ലാം' എന്നാണ്. ഇവിടെ ഒരിക്കലും അതൊരു നഗരത്തിൻെറ പേരല്ല. അതൊരു വ്യക്തിയുടെ പേരാണെങ്കിൽ ഷാലൂഹ് (ഇലോഹിം) അഥവാ 'ദൈവദൂതൻ' എന്നത് ലോപിച്ചതാകാം.

അതിനാൽ ഇസ്ഹാഖ് സന്തതികളിലൂടെയുള്ള ഇസ്രായീലീ പ്രവാചകത്വം, ഷിലോവിൻെറ ആഗമനത്തോടെ അവസാനിക്കും. ഖുർആൻ രണ്ടാം അദ്ധ്യായം 133 -ാം വചനവുമായി ഇതൊന്നു താരതമ്യപ്പെടുത്തുക:

**"അതല്ല, യഅ്ഖൂബിന്ന് മരണം ആസന്നമായ അവസരത്തിൽ നിങ്ങൾ സന്നിഹിതരായിരുന്നുവോ? തന്റെ മക്കളോട് എനിക്കുശേഷം നിങ്ങൾ ആരെ ആരാധിക്കും, എന്നു ചോദിച്ചപ്പോൾ അവർ പറഞ്ഞു: ഏകനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹിമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ അല്ലാഹുവിനെ, ഏക ഇലാഹിനെ ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴൊതുങ്ങിയവരും (മുസ്ലിംകൾ) ആയിരിക്കും".** *(ഖുർആൻ 2:133)*

പ്രവാചകത്വം മറ്റൊരു സമൂഹത്തിലേക്കു മാറിപ്പോകുമെന്ന മുന്നറിയിപ്പ് യിരെമ്യാവിലുമുണ്ട്.

"ഈ വ്യവസ്ഥ എന്റെ മുമ്പിൽ നിന്നു മാറിപ്പോകുന്നുവെങ്കിൽ; യിസ്രായേൽ സന്തതിയും സദാ കാലം എന്റെ മുമ്പിൽ ഒരു ജാതിയാകാത്തവണ്ണം മുടിഞ്ഞു പോകും എന്നു യഹോവയുടെ അരുളപ്പാട്" (യിരെമ്യാവു 31:36)

"അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്ന് എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്ന് ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 21:43)

## 'ബക്ക' തന്നെ 'മക്ക'

അബ്രഹാമും മകൻ ഇസ്മാഈലും കൂടി നിർമ്മിച്ച പരിശുദ്ധ കഅ്ബാലയം മക്കയിലാണുള്ളത്. മക്ക എന്ന പേർ ഖുർആനിൽ ഒരിടത്ത് (48:24) വന്നിട്ടുണ്ട്. മക്കയുടെ മറ്റൊരു പേരാണ് 'ബക്ക'. സമൂഹം ഉപയോഗിച്ച ഒരു ഭാഷാ മാറ്റമാണിത്. ഇത് ഖുർആനിൽ ഒരിടത്ത് (3:96) വന്നിട്ടുണ്ട്.

**"നിശ്ചയം, ജനങ്ങൾക്ക്‌വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ ഭവനമത്രെ ബക്കയിലുള്ളത്. അനുഗ്രഹീതവും ലോകർക്ക് മാർഗദർശകവുമാണത്"** *(ഖുർആൻ 3:96)*

വളരെ അദ്ഭുതകരമെന്ന് പറയട്ടെ ദാവൂദ് നബിയുടെ സങ്കീർത്തനങ്ങളിലും 'ബക്ക' എന്ന പദം വന്നിട്ടുണ്ട്.

"ബക്ക താഴ്‌വരയിൽക്കൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. അവിടത്തെ മഴകൊണ്ടു ജലാശയങ്ങൾ നിറയുന്നു". (സങ്കീർത്തനങ്ങൾ 84:6)

ഇവിടെ പറയപ്പെട്ട കിണർ 'സംസം' ആകുന്നു. കഅ്ബയോട ടുത്തായി അതു സ്ഥിതി ചെയ്യുന്നു.

## ദൈവ മാഹാത്മ്യത്തിൻെറ ഭവനം

യെശയ്യാവ് 60-ാംഅദ്ധ്യായത്തിലെ ചിലവചനങ്ങൾ ശ്രദ്ധിക്കുക.

1."എഴുന്നേറ്റു പ്രകാശിക്ക, നിൻെറ പ്രകാശം വന്നിരിക്കുന്നു. യഹോവയുടെ തേജസ്സും നിൻെറമേൽ ഉദിച്ചിരിക്കുന്നു" (യെശയ്യാവ് 60:1)

**"അല്ലയോ മൂടിപ്പുതച്ചവനേ, എഴുന്നേൽക്കുക, മുന്നറിയിപ്പ് നൽകുക, നീ നിൻെറനാഥനെ പ്രകീർത്തിക്കുക".**
*(ഖുർആൻ 74:1-3)*

2."അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുന്നു. നിൻെറ മേലോ യഹോവ ഉദിക്കും. അവൻെറ തേജസ്സും നിൻെറ മേൽ പ്രത്യക്ഷമാകും" (യെശയ്യാവ് 60:2)

മുഹമ്മദ് (സ) വന്ന ഘട്ടത്തിലും അന്ധകാരം മൂടിയിരുന്നു. അബ്രഹാമും ഇതര പ്രവാചകന്മാരും യേശുവുമെല്ലാം പഠിപ്പിച്ച ദൈവത്തിൻെറ ഏകത്വത്തെപ്പറ്റി ലോകം മറന്നു കഴിഞ്ഞിരുന്നു.

3."ജാതികൾ നിൻെറ പ്രകാശത്തിലേക്കും രാജാക്കന്മാർ നിൻെറ ഉദയ ശോഭയിലേക്കും വരും" (യെശയ്യാവ് 60:3)

4."നീ തലപൊക്കി ചുറ്റും നോക്കുക, അവർ എല്ലാവരും ഒരുമിച്ചു കൂടി നിൻെറ അടുക്കൽ വരുന്നു" (യെശയ്യാവ് 60:4)

23 കൊല്ലത്തിനിടക്ക് മുഹമ്മദ് നബി അറേബ്യയെ ഒരേ പാശത്തിൽ ഏകോപിക്കുകയുണ്ടായി.

5."സമുദ്രത്തിലെൻെറ ധനം നിൻെറ അടുക്കൽ ചേരും; ജാതികളുടെ സമ്പത്ത് നിൻെറ അടുക്കൽ വരും". (യെശയ്യാവ് 60 : 5)

ഒരു നൂറ്റാണ്ടു തികയുന്നതിന്നു മുമ്പ് തന്നെ ഇസ്ലാം അറേബ്യയിൽ നിന്നും നാനാ ദേശങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി.

6."ഒട്ടകങ്ങളുടെ കൂട്ടവും മിദ്യാനിലെയും ഏഫയിലേയും ചിറ്റൊട്ടകങ്ങളും നിന്നെ മൂടും; ശേബയിൽ നിന്ന് അവരൊക്കെയും വരും. പൊന്നും കുന്തുരുക്കവും അവർ കൊണ്ടുവന്നു യഹോവയുടെ സ്തുതിയെ ഘോഷിക്കും" (യെശയ്യാവ് 60:8)

7."കേദാരിലെ ആടുകൾ ഒക്കെയും നിൻെറ അടുക്കൽ ഒന്നിച്ചുകൂടും; നെബായോത്തിലെ മുട്ടാടുകൾ നിനക്ക് ശുശ്രൂഷ ചെയ്യും;

അവ പ്രസാദമുള്ള യാഗമായി എന്റെ പീഢത്തിന്മേൽ വരും. അങ്ങനെ ഞാൻ എന്റെ മഹത്വമുള്ള ആലയത്തെ മഹത്വപ്പെടുത്തും". (യെശയ്യാവ് 60:7)
കേദാറിലെ ഗോത്രങ്ങൾ എന്നത് അറബി ഗോത്രങ്ങളാണ്; ഭിന്നിച്ചിരുന്ന അവർ ഏകീകരിക്കപ്പെട്ടു. 'മഹത്വത്തിന്റെ ഭവനം' എന്നത് മക്കയിലെ ദൈവഭവനമാകുന്നു. അതല്ലാതെ ക്രിസ്ത്യൻ വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്ന 'ക്രിസ്ത്യൻ ചർച്ച'ല്ല. കേദാറിലെ ഗ്രാമങ്ങൾ (ചുരുങ്ങിയത് ഇന്നത്തെ സൂഊദി അറേബ്യ) മാത്രമാണ് ചർച്ചിന്റെ സ്വാധീനത്തിന് വിധേയമാവാത്ത ഏക പ്രദേശം.

"ജാതികളുടെ സമ്പത്തിനെയും യാത്രാസംഘത്തിൽ അവരുടെ രാജാക്കന്മാരെയും നിന്റെ അടുക്കൽ കൊണ്ടുവരേണ്ടതിന്നു നിന്റെ വാതിലുകൾ രാവും പകലും അടക്കപ്പെടാതെ എല്ലായ്പോഴും തുറന്നിരിക്കും" (യെശയ്യാവ് 60:11)

1400 കൊല്ലങ്ങൾക്കു മുമ്പ് മുഹമ്മദ് നബി മുഖേന ബിംബങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ട ശേഷം, കഅ്ബക്ക് ചുറ്റുമുള്ള പള്ളി രാപ്പകൽ ഭേദമന്യേ സദാ തുറന്നിടപ്പെട്ടിരിക്കയാണ്. ഭരണാധികാരികളും ഭരണീയരും ഒരുപോലെ തീർത്ഥാടനത്തിനു വേണ്ടി സദാ വന്നുകൊണ്ടിരിക്കയാണവിടെ.

## കഴുതകളുടെ രഥവും ഒട്ടകങ്ങളുടെ രഥവും

രണ്ട് യാത്രക്കാരെ കുറിച്ചുള്ള യെശയ്യാവിന്റെ ദർശനം നോക്കുക:

"ഈരണ്ടീരണ്ടായി വരുന്ന കുതിരപ്പടയെയും കഴുതപ്പടയെയും ഒട്ടകപ്പടയെയും കാണുമ്പോൾ അവൻ ബഹുശ്രദ്ധയോടെ ശ്രദ്ധിക്കട്ടെ". (യെശയ്യാവ് 21:7)

ആരാണ് ഈ കഴുതപ്പുറത്തു യാത്ര ചെയ്ത ആൾ? അത് യേശുവായിരുന്നുവെന്ന് സൺഡേ സ്കൂളിലെ ഓരോ കുട്ടിക്കും അറിയാം.

"യേശു ഒരു ചെറിയ കഴുതയെ കണ്ടിട്ടു അതിന്മേൽ കയറി. "ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിപ്പുറത്ത് കയറിവരുന്നു" എന്നു എഴുതിയിരിക്കുന്നത് പോലെത്തന്നേ". (യോഹന്നാൻ 12:14)

എന്നാൽ, ആരാണ് പ്രവചിക്കപ്പെട്ട ഒട്ടകരഥക്കാരൻ? ബൈബിൾ വായനക്കാർ പ്രബലനായ ഈ പ്രവാചകനെ അവഗണിച്ചിരിക്കുകയാണ്. അതെ, മുഹമ്മദ് നബി (സ) ആണത്. മുഹമ്മദ് നബിക്ക് ഈ ബൈബിൾ പ്രവചനം ബാധകമല്ലെങ്കിൽ പിന്നെ ആ പ്രവചനം ഇതുവരെ സത്യമായി പുലർന്നിട്ടില്ല എന്നു വരും. അതിനാൽ യെശയ്യാവ് (21:13) ൽ "The burden up on Arabia" എന്നു പറഞ്ഞതിന്റെ താൽപര്യം 'ഇസ്ലാം പ്രചരിപ്പിക്കുവാനുള്ള മുസ്ലിംകളുടെ ഉത്തരവാദിത്ത'മാണ്.

"തേമാ ദേശവാസികളേ, നിങ്ങൾ ദാഹിച്ചിരിക്കുന്നവന്ന് വെള്ളം കൊണ്ടു ചെല്ലുവിൻ; ഓടിപ്പോകുന്നവരെ അപ്പവുമായി എതിരേൽപ്പിൻ". (യെശയ്യാവ് 21:14).

തേമാ എന്നത് മുഹമ്മദ്നബിയും അനുയായികളും പലായനം ചെയ്ത മദീനയുമായിരിക്കാം. ഓടിവന്ന എല്ലാ ഓരോരുത്തരെയും നാട്ടുകാർ സഹോദരന്മാരാക്കി അവർക്ക് ഭക്ഷണവും താമസ സൗകര്യവും നൽകുകയുണ്ടായി.

"അവർ വാളിനെ ഒഴിഞ്ഞു ഓടിപ്പൊകുന്നവരാകുന്നു. ഊരിയ വാളിനെയും കുലച്ച വില്ലിനെയും യുദ്ധത്തിന്റെ കൊടുമയെയും ഒഴിഞ്ഞു ഓടുന്നവർ തന്നെ". (യെശയ്യാവ് 21:15)

മുഹമ്മദ് നബിയും അനുയായികളും ശത്രുക്കളാൽ മർദ്ദിക്കപ്പെടുകയും മക്കയിൽ നിന്ന് മദീനയിലേക്ക് ഒഴിഞ്ഞുപോകാൻ നിർബന്ധിതരാവുകയും ചെയ്തപ്പോഴാണിത്.

"കർത്താവ് ഇപ്രകാരം എന്നോടു അരുളിച്ചെയ്തു: കൂലിക്കാരന്റെ ആണ്ടുപോലെയുള്ള ഒരു ആണ്ടിനകം കേദാറിന്റെ മഹത്വം ഒക്കെയും ക്ഷയിച്ചു പോകും". (യെശയ്യാവ് 21:16).

ഹിജ്റ രണ്ടാം വർഷത്തിൽത്തന്നെ അവിശ്വാസികൾ ബദർയുദ്ധത്തിൽ തോൽപിക്കപ്പെടുകയുണ്ടായി.

"കേദാര്യയിൽ വീരന്മാരായ വില്ലാളികളുടെ കൂട്ടത്തിൽ ശേഷിക്കുന്നവർ ചുരുക്കമായിരിക്കും. യിസ്രായേലിന്റെ ദൈവമായ യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്". (യെശയ്യാവ് 21:17).

ഇസ്മാഈലിന്റെ ദ്വിതീയ പുത്രനാണ് കേദാർ (ഉൽപത്തി 25:13 നോക്കുക). തുടക്കത്തിൽ കേദാറിന്റെ മക്കൾ മുഹമ്മദ് ന

ബിയെയും അനുയായികളെയും എതിരിട്ടു, ഉപദ്രവിച്ചു, പക്ഷെ, അവരിൽ മഹാഭൂരിപക്ഷം ഇസ്ലാം മതം വിശ്വസിച്ചപ്പോൾ, എതിരാളികളുടെ എണ്ണം കുറഞ്ഞുവന്നു.

'അറബി' എന്നതിൻെറ പര്യായ പദമായിട്ടാണ് ചില ബൈബിൾ വചനങ്ങളിൽ 'കേദാർ' കാണപ്പെടുടന്നത്. ഉദാഹരണത്തിന് യെഹെസ്കേൽ (27:21) കാണുക.

"അറബികളും കേദാർ പ്രഭുക്കന്മാരൊക്കെയും നിനക്കധീനരായ വ്യാപാരികൾ ആയിരുന്നു". (യെഹെസ്കേൽ 27:21).

## മോശെയെപോലുള്ള പ്രവാചകൻ

"നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നുന്നു എഴുന്നേൽപിച്ചു നിന്നെപ്പോലെ (മോശെ) ആക്കും. ഞാൻ അവനോടു കൽപിക്കുന്നതൊക്കെയും അവൻ അവരോട് പറയും". (ആവർത്തന പുസ്തകം 18:18)

1. ഇസ്രാഈൽ സന്തതികളുടെ (ഇസ്ഹാഖിൻെറ പരമ്പരയിലൂടെയുള്ള അബ്രഹാം സന്തതികൾ) സഹോദരന്മാർ ഇസ്മാഈലികൾ (ഇസ്മാഈലിലൂടെയുള്ള അബ്രഹാംസന്തതികൾ) ആണ്. യേശു ഇവിടെ ഒഴിവാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം ഇസ്രാഈലിയാകുന്നു. യേശുവിനെ ഉദ്ദേശിച്ചിരുന്നുവെങ്കിൽ 'നിങ്ങളിൽ നിന്ന്' എന്നായിരുന്നു പറയേണ്ടിയിരുന്നത്.
2. മുഹമ്മദ് നബി മോശെയെപ്പോലെയല്ലെ? ഇതംഗീകരിക്കാനാവുന്നില്ലെങ്കിൽ, ബൈബിളിലെ ഈ പ്രവചനം ഇതുവരെ പൂർത്തിയായിട്ടില്ലെന്ന് വരുന്നു. [*പേജ് 78ലെ പട്ടികയിൽനിന്ന് ഇക്കാര്യം വളരെ വ്യക്തമാണ്*] മോശെക്കു ശേഷം വരാനുള്ള, വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകൻ ആരാണെന്ന് മനസ്സിലാക്കാനുതകുന്ന, മൂന്നു പ്രവാചകന്മാരുടെ ഒരു താരതമ്യ പഠനമാണത്.
3. "എൻെറ വാക്കുകൾ അവൻെറ വായിൽകൂടി" - മുഹമ്മദിൻെറ സ്വന്തമായ യാതൊരു പദവും ചേർക്കപ്പെടാതെ, സ്വന്തം ചിന്ത കൂടിക്കലരാതെ, ജിബ്രീൽ മുഖേന അദ്ദേഹത്തിന് ലഭിച്ച അല്ലാഹുവിൻെറ സന്ദേശങ്ങൾ മാത്രമാണത്. എല്ലാ ദിവ്യസന്ദേശങ്ങൾക്കും ബാധകമാണിത്. പക്ഷെ, ഇവിടെ പ്രത്യേകിച്ചു പറഞ്ഞത് മോശെയുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ അദ്ദേഹത്തിൻേറത് "എഴുതപ്പെട്ട കഷ്ണങ്ങളായിരുന്നു" എന്ന്

| താരതമ്യം എന്തിലെല്ലാം? | മോശെ | മുഹമ്മദ് | യേശു |
| --- | --- | --- | --- |
| ജനനം | സാധാരണ | സാധാരണ | അസാധാരണ |
| കുടുംബ ജീവിതം | ഭാര്യയും മക്കളും | ഭാര്യയും മക്കളും | ഭാര്യയും മക്കളുമില്ല |
| മരണം | സാധാരണ | സാധാരണ | അസാധാരണ |
| ജോലി | പ്രവാചകനും ഭരണാധികാരിയും | പ്രവാചകനും ഭരണാധികാരിയും | പ്രവാചകൻ |
| നിർബന്ധിതനായി സ്ഥലംവിടൽ | മദ്യനിലേക്കു പോയി | മദീനയിലേക്കു പോയി | ഇല്ല |
| ശത്രുക്കളെ നേരിടൽ | പിന്നാലെ ശത്രുക്കൾ ശക്തിയായി കൂടുന്നു | ശത്രു പിന്നാലെ കൂടുന്നു/ യുദ്ധങ്ങൾ ഉണ്ടാവുന്നു | അത്തരം യാതൊന്നുമില്ല |
| ശത്രുക്കളുമായി നേരിട്ടതിൻെറ അനന്തരഫലം? | ആത്മീയവും ഭൗതികവുമായ വിജയം | ആത്മീയവും ഭൗതികവുമായ വിജയം | ആത്മീയ വിജയം |
| ദൈവസന്ദേശം എഴുതി സൂക്ഷിക്കൽ | ജീവിതകാലത്ത് തന്നെ പൂർത്തിയാക്കി (തൗറാത്ത്) | ജീവിതകാലത്ത് തന്നെ പൂർത്തിയാക്കി (ഖുർആൻ) | യേശുവിന്ന് ശേഷം |
| അദ്ധ്യാപനത്തിൻെറ രൂപം | ആത്മീയവും നിയമപരവും | ആത്മീയവും നിയമപരവും | ആത്മീയം മാത്രം |
| സ്വന്തംജനത നേതൃത്വം അംഗീകരിക്കുന്നുണ്ടോ? | ആദ്യം തള്ളി, പിന്നെ സ്വീകരിച്ചു | ആദ്യം തള്ളി, പിന്നെ സ്വീകരിച്ചു | ജനത തള്ളിക്കളഞ്ഞു |

("അൽഇത്തിഹാദ്" ജനുവരി - മാർച്ച്- 1982 പേജ് 41)

വിശ്വസിക്കപ്പെടുന്നത് കൊണ്ടായിരിക്കാം.

"അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും". (ആവർത്തന പുസ്തകം 18:19)

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ" എന്നു പറഞ്ഞു കൊണ്ടാണ് ഖുർആനിലെ 113 അദ്ധ്യായങ്ങളുടെയും ആരംഭം തന്നെ. കൂടാതെ മുസ്ലിംകൾ തങ്ങളുടെ ദിനചര്യകൾ ആരംഭിക്കുന്നതും ഇതു പറഞ്ഞുകൊണ്ടാണ്. ദൈവത്തിന്റെ നാമത്തിൽ എന്നു പറഞ്ഞുകൊണ്ട്. അല്ലാഹു എന്ന പേരിന് ലിംഗഭേദമില്ല, ദേവനെന്നോ ദേവിയെന്നോ ഇല്ല. ദേവന്മാർ എന്ന ബഹുത്വവുമില്ല. "പിതാവിന്റെയും മകന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എന്നു പറഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ ആരംഭിക്കുന്നത്.

"അദ്ദേഹത്തെ ശ്രവിക്കാത്തവർ" അല്ലെങ്കിൽ "അദ്ദേഹത്തെ നിഷേധിക്കുന്നവർ ശിക്ഷിക്കപ്പെടും" എന്നത് വളരെ ശ്രദ്ധേയമാണ്. ഈ പ്രസ്താവനയും ഖുർആൻ (3:19) പ്രസ്താവനയുമായി താരതമ്യപ്പെടുത്തി ചിന്തിക്കുക.

**"യഥാർത്ഥത്തിൽ അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ മതം ഇസ്ലാം മാത്രമാകുന്നു".** *(ഖുർആൻ 3:19)*

**"ആരെങ്കിലും ഇസ്ലാം അല്ലാത്ത വല്ലതിനെയും മതമായി തേടുന്ന പക്ഷം അതു അവനിൽ നിന്നു സ്വീകരിക്കപ്പെടുകയില്ല. അവൻ പരലോകത്തിൽ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും".** *(ഖുർആൻ 3:85)*

## "എന്റെ ദാസൻ, ദൂതൻ, തെരഞ്ഞെടുക്കപ്പെട്ടവൻ"

മുഹമ്മദ് നബിയെപ്പറ്റി കൂടുതൽ സാക്ഷാൽകൃതമായൊരു പ്രവചനം യെശയ്യാവ് (42) ൽ കാണാം.

1. "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വെച്ചിരിക്കുന്നു. അവൻ ജാതികളോട് പ്രസ്താവി

ക്കും". (യെശയ്യാവ് 42:1)

19-ാം വാക്യത്തിൽ "എൻെറ ദൂതൻ" എന്നു വിളിച്ചിട്ടുണ്ട്. പ്രവാചകന്മാരെല്ലാം ദാസന്മാരും, ദൂതന്മാരും തെരഞ്ഞെടുക്കപ്പെട്ടവരുമാണെന്നതിൽ സംശയമില്ല. പക്ഷെ, മുഹമ്മദ് നബിയെപ്പോലെ "അബ്ദുഹു വറസൂലുഹു മുസ്തഫാ" എന്ന് മറ്റൊരു പ്രവാചകനെപ്പറ്റിയും പറയപ്പെട്ടിട്ടില്ല. "അവൻെറ ദാസനും തെരഞ്ഞെടുക്കപ്പെട്ട ദൂതനും" എന്നാണതിൻെറ അർത്ഥം.

"ഒരു പങ്കുകാരുമില്ലാത്ത അല്ലാഹുവിനെ മാത്രമേ ആരാധിക്കുകയുള്ളുവെന്നും മുഹമ്മദ് (സ) അല്ലാഹുവിൻെറ ദാസനും തിരുദൂതനുമാണെന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു" എന്നാണ് ഒരാൾ മുസ്‌ലിമാകുമ്പോൾ ചൊല്ലുന്ന വാചകം. ഇതേ വാചകം മുസ്‌ലിം പള്ളികളിലെ മിനാരങ്ങളിൽ നിന്ന് എല്ലാദിവസവും അഞ്ചുനേരം മുഴങ്ങിക്കൊണ്ടിരിക്കുന്നു. നമസ്കാരത്തിനു മുമ്പ് അഞ്ചു നേരവും വീണ്ടും വിളിച്ചു പറയപ്പെടുന്നു. നിർബന്ധ നമസ്കാരത്തിൽ പ്രതിദിനം ചുരുങ്ങിയത് 9 പ്രാവശ്യമെങ്കിലും എല്ലാ മുസ്‌ലിമും ഇത് പ്രഖ്യാപിക്കുന്നു. നിർബന്ധമല്ലാത്ത ഇതര നമസ്കാര വേളകളിലും ഈ സത്യപ്രസ്താവന ഓരോ മുസ്‌ലിമും ആവർത്തിക്കുന്നു. മുഹമ്മദ് നബിയുടെ ഏറ്റവും സർവ്വസാധാരണമായ പേര് "റസൂലുല്ലാ" എന്നാണ്- 'അല്ലാഹുവിൻെറ ദൂതൻ' എന്നാണിതിന്നർത്ഥം.

2. "അവൻ നിലവിളിക്കുകയില്ല; ഒച്ചയുണ്ടാക്കുകയില്ല; തെരുവീഥിയിൽ തൻെറ ശബ്ദം കേൾപ്പിക്കുകയുമില്ല" (യെശയ്യാവ് 42:2)

ഇതു മുഹമ്മദ് നബിയുടെ മാന്യതയെയാണ് സൂചിപ്പിക്കുന്നത്.

3. ". . . അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും". (യെശയ്യാവ് 42:3)

4. "ഭൂമിയിൽ ന്യായം സ്ഥാപിക്കും വരെ അവൻ തളരുകയില്ല, അധൈര്യപ്പെടുകയുമില്ല. അവൻെറ ന്യായത്തിന്നായി ദ്വീപുകൾ കാത്തിരിക്കുന്നു". (യെശയ്യാവ് 42:4)

യേശു തൻെറ ശത്രുക്കളെ പരാജയപ്പെടുത്തിയില്ല, ഇസ്രാഈലികൾ അദ്ദേഹത്തെ ഉപേക്ഷിച്ചതിനാൽ അദ്ദേഹം നിരാശനാവുകയുണ്ടായി. എന്നിരിക്കെ ഇത് യേശുവുമായി എങ്ങനെ ബന്ധപ്പെടും?

5. . . . . .

6."യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു. ഞാൻ നിൻെറ കൈപിടിച്ചു ഞാൻ നിന്നെ കാക്കും. നിന്നെ ജനത്തിൻെറ നിയമവും ജാതികളുടെ പ്രകാശവും ആക്കും" (യെശയ്യാവ് 42:6)

ഇതു കാണിക്കുന്നത് അദ്ദേഹത്തിനു ശേഷം മറ്റൊരു പ്രവാചകൻ വരികയില്ലെന്നാണ്. വളരെയേറെ ജനവിഭാഗങ്ങൾ ചുരുങ്ങിയ കാലത്തിനിടക്ക് ഇസ്ലാമിലേക്കു മാർഗദർശനം നൽകപ്പെട്ടു.

7."കുരുട്ടുകണ്ണുകളെ തുറപ്പാനും ബന്ധന്മാരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽ നിന്നും വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ വിളിച്ചിരിക്കുന്നു" (യെശയ്യാവ് 42:7)

"അന്ധകാരത്തിൽ ഇരിക്കുന്നവൻ" എന്നത് അവിശ്വാസികളെയാണ് ഉദ്ദേശിക്കുന്നത്. "കാരാഗൃഹത്തിൽ നിന്നു വിടുവിപ്പാൻ" എന്നത് കൊണ്ട് അടിമത്ത വിമോചനമാണ് സൂചിപ്പിക്കുന്നത്.

8."ഞാൻ യഹോവ അതു തന്നെ എൻെറ നാമം; ഞാൻ എൻെറ മഹത്വം മറ്റൊരുത്തനും എൻെറ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല" (യെശയ്യാവ് 42:8)

മുഹമ്മദ് നബിക്ക് ഇതര പ്രവാചകന്മാരെക്കാൾ ഒരു പ്രത്യേകതയുണ്ട്. അദ്ദേഹം പ്രവാചകന്മാരുടെ മുദ്രയാകുന്നു. അദ്ദേഹത്തിൻെറ അധ്യാപനങ്ങൾ യാതൊരു മാറ്റവുമില്ലാതെ ഇന്നും നിലനിൽക്കുന്നു. ക്രിസ്തുമതവും ജൂദമതവും പരിവർത്തനങ്ങൾക്കു വിധേയമായവയാണ്.

9. . . .

10."യഹോവക്കു ഒരു പുതിയ പാട്ടും, ഭൂമിയുടെ അറ്റത്തുനിന്നു അവനു സ്തുതിയും പാടുവിൻ" (യെശയ്യാവ് 42:10)

"ഒരു പുതിയപാട്ട്" എന്നതു കൊണ്ടുദ്ദേശ്യം അറാമിക്, ഹിബ്രു ഭാഷകളിലല്ലാതെ - ഇതുവരെ ദൈവസന്ദേശങ്ങൾ വന്നിട്ടില്ലാത്ത പുതിയൊരു ഭാഷ- അറബിയാണ്. ഭൂമിയുടെ നാനാഭാഗത്തുമുള്ള മിനാരങ്ങളിൽ നിന്നും ദിനേനെ അഞ്ചുനേരം അല്ലാഹുവിൻെറയും നബിതിരുമേനിയുടെയും നാമങ്ങൾ ഘോഷിക്കപ്പെടുന്നു.

11."മരുഭൂമിയും അതിലെ പട്ടണങ്ങളും കേദാർ പാർക്കുന്ന ഗ്രാമങ്ങളും ശബ്ദം ഉയർത്തട്ടെ. ശൈല നിവാസികൾ ഘോഷിച്ചുല്ലസിക്കുകയും മുകളിൽ നിന്ന് ആർക്കുകയും ചെയ്യട്ടെ" (യെശയ്യാവ് 42:12)

മക്കയുടെ അടുത്തുള്ള അറഫാത് മലമുകളിൽ നിന്ന് തീർത്ഥയാത്രക്കാർ ഇപ്രകാരം ഉൽഘോഷിക്കുന്നു:- 'അല്ലാഹുവേ, ഞാനിതാ വന്നിരിക്കുന്നു, നിന്നെ സേവിക്കുവാൻ ഞാനിതാ വന്നിരിക്കുന്നു. നിനക്കു യാതൊരു പങ്കുകാരുമില്ല. ഞാനിതാ വന്നിരിക്കുന്നു. തീർച്ചയായും നിനക്കു മാത്രമാണ് സ്തുതി. അനുഗ്രഹങ്ങളും സർവ്വാധികാരങ്ങളും നിനക്കു മാത്രം. നിനക്കു യാതൊരു പങ്കുകാരുമില്ല'.

യെശയ്യാവ് 42-ാം വചനത്തിലെ പ്രവചനങ്ങൾ ഒരു ഇസ്രാഈലീ പ്രവാചകന്നും യോജിക്കുകയില്ല. കാരണം, കേദാർ ഇസ്മാഈലിൻെറ ദ്വിതീയ പുത്രനാകുന്നു, ഇസ്രാഈലിയല്ല.

12."അവർ യഹോവക്ക് മഹത്വം കൊടുത്തു അവൻെറ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവിക്കട്ടെ" (യെശയ്യാവ് 42:12)

ഇസ്ലാം പ്രചരിച്ചു. വളരെ അകന്ന ഇന്തോനേഷ്യ വരെയുള്ള ദ്വീപുകളിലും അത് വ്യാപിക്കുകയുണ്ടായി.

13.". . . അവൻെറ ശത്രുക്കളെ അവൻ കീഴ്പെടുത്തും". (യെശയ്യാവ് 42:13)

വളരെ കുറച്ചു കാലംകൊണ്ടു ഒരു ദൈവസാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കാൻ മുഹമ്മദ്നബിക്ക് കഴിഞ്ഞു. യെശയ്യാവ് 42-ാം അദ്ധ്യായം വളരെ കൃത്യമായി യോജിക്കുന്നത് മുഹമ്മദ് നബിയുടെ കാര്യത്തിൽ മാത്രമാണ്.

## "എൻെറ യജമാനൻ" എന്ന് ദാവീദ് രാജാവ് വിളിച്ചു

"എൻെറ യജമാനനോട് അരുളിച്ചെയ്യുന്നത്; ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കുവോളം നീ എൻെറ വലത്തുഭാഗത്തായിരിക്കും" (സങ്കീർത്തനങ്ങൾ 110:1)

ഇവിടെ രണ്ടുയജമാനന്മാരുണ്ട്. ഒന്നാമത്തേത് യഹോവയായിരിക്കട്ടെ. എന്നാൽ രണ്ടാമത്തേത് അവനായിരിക്കുവാൻ നിവൃത്തിയി

ല്ല. കാരണം, ദാവൂദിന് ഏകദൈവത്തെ മാത്രമേ അറിയുകയുള്ളൂ. അപ്പോൾ യഹോവ "എന്റെ യജമാനനോട്" പറഞ്ഞു എന്നാണ് അതിന്റെ അർത്ഥം. ദാവൂദ് "എന്റെ യജമാനൻ" എന്ന് അഭിസംബോധന ചെയ്യുന്ന ആൾ ആരാണ്? അത് യേശുവാണെന്നായിരിക്കും ചർച്ച് പറയുക. പക്ഷെ, യേശു അത് സമ്മതിക്കുന്നില്ല. മത്തായി (20:45), മാർക്കോസ് (12:37), ലൂക്കോസ് (20:44) എന്നിവയിൽ 'താൻ ദാവീദിന്റെ മകനായിരിക്കെ ദാവീദ് "തന്റെ യജമാനൻ" എന്നു എന്നെ വിളിക്കുന്നതെങ്ങനെയെന്ന് യേശു ചോദിക്കുന്നുണ്ട്.

"എന്നാൽ അവൻ അവരോട്: ക്രിസ്തു ദാവീദിന്റെ പുത്രൻ എന്നു പറയുന്നത് എങ്ങനെ? "കർത്താവ് എന്റെ കർത്താവിനോട്; ഞാൻ നിന്റെശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലത്തു ഭാഗത്തിരിക്ക എന്ന് അരുളിച്ചെയ്തു" എന്നു സങ്കീർത്തന പുസ്തകത്തിൽ ദാവീദ് തന്നെ പറയുന്നുവല്ലോ. ദാവീദ് അവനെ കർത്താവ് എന്ന് വിളിക്കുന്നു. പിന്നെ അവന്റെപുത്രൻ ആകുന്നത് എങ്ങിനെ എന്ന് ചോദിച്ചു". (ലൂക്കോസ് 20 : 42-44)

യേശു ഈ ചോദ്യത്തിന് ഉത്തരം നൽകിയിട്ടുണ്ടാവും. പക്ഷെ, നാലു സുവിശേഷങ്ങളിലും അതു കാണുന്നില്ല.

എന്നാൽ "ഈ ദൈവിക വാഗ്ദത്തം ഇസ്മാഈലിന്റെ സന്തതികളിലാണ്; ഇസ്ഹാഖിന്റെ സന്തതികളിലല്ല" എന്നു ബർണബാസിന്റെ സുവിശേഷത്തിൽ പറയുന്നുണ്ട്. അതിനാൽ ദാവീദ് "എന്റെ യജമാനൻ" എന്നു പറഞ്ഞത് മുഹമ്മദ് നബിയെപ്പറ്റിയാകുന്നു. അദ്ദേഹത്തിന്റെ ആത്മാവിനെയാണ് അദ്ദേഹം കണ്ടത്. മുഹമ്മദ് നബി (സ) യെക്കാൾ ഒരു പ്രവാചകനും ലക്ഷ്യപൂർത്തി നേടിയിട്ടില്ല. അഖില പ്രവാചകരുടെയും പ്രവർത്തനങ്ങളെ ഒന്നായി മുഹമ്മദ് നബിയുടെ 23 കൊല്ലക്കാലത്തെ പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്താനാവില്ല. അദ്ദേഹത്തിന്റെ പ്രവർത്തന ഫലങ്ങൾ ഇന്നും മാറ്റമില്ലാതെ നിലനിൽക്കുന്നു.

## "നീ ആ പ്രവാചകനോ?"

ജൂദന്മാർ പുരോഹിതന്മാരെയും, ലേവ്യരെയും താൻ ആരാണെന്നന്വേഷിക്കാൻ യോഹന്നാന്റെ അടുക്കലേക്കയച്ചു.

"അവൻ മറുക്കാതെ ഏറ്റു പറഞ്ഞു: ഞാൻ ക്രിസ്തു അല്ല, എന്ന്

ഏറ്റുപറഞ്ഞു. പിന്നെ എന്ത്? നീ ഏലിയാവോ എന്ന് അവനോട് ചോദിച്ചതിന് അല്ല എന്നു പറഞ്ഞു. നീ ആ പ്രവാചകനോ എന്ന തിന്, അല്ല എന്ന് അവൻ ഉത്തരം പറഞ്ഞു" (യോഹന്നാൻ 1:20,21)

"നീ ആ പ്രവാചകനോ?" എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം. അതിന്നു 'അല്ല' എന്നാണുത്തരം. പിന്നെ ആരാണ് 'ആ പ്രവാചകൻ'? യേശുവിന്നും യോഹന്നാനും ശേഷമുള്ള ആ പ്രവാചകൻ പിന്നെ ആരാണ്? ആവർത്തന പുസ്തകം (18:18) പറഞ്ഞ "മോശെയെപ്പോലെത്ത ആ പ്രവാചകൻ" മുഹമ്മദ് നബിയല്ലാതെ മറ്റാരാണ്?

## "അഗ്നിയിലും പരിശുദ്ധാത്മാവിലും സ്നാനംചെയ്യൽ"

"ഞാൻ മാനസാന്തരത്തിനായി നിങ്ങളെ വെള്ളത്തിൽ സ്നാനം ഏൽപിക്കുന്നതേയുള്ളു. എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു. അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപിക്കും" (മത്തായി 3:11)

"എന്റെ പിന്നാലെ വരുന്നവൻ" എന്ന യോഹന്നാൻ പ്രവാചകന്റെ ഈ വചനം കൊണ്ട് അദ്ദേഹത്തിനു മടങ്ങിപ്പോയി പിന്നാലെ വരുന്ന ആളായി യേശുവിനെ സങ്കൽപിക്കാൻ കഴിയുകയില്ല. യേശുവും അദ്ദേഹവും ഒരേകാലത്ത് ജീവിച്ചവരാണ്. അപ്പോൾ ഇവിടെ ശക്തനായ മറ്റൊരു പ്രവാചകനെയാണ് ഉദ്ദേശിക്കുന്നത്; യേശുവിനെയല്ല. അദ്ദേഹത്തിന് ശേഷം വരുന്ന ഒരാളെയാണ്. അത് മുഹമ്മദ് നബിയല്ലാതെ മറ്റാരാണ്? യോഹന്നാൻ ഉദ്ദേശിക്കുന്നത് മുഹമ്മദ് നബിയെയാണ്.

## "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ"

യേശു പറഞ്ഞതായി ഇങ്ങനെ ഉദ്ധരിക്കപ്പെടുന്നു:-

"സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 11:11)

ഒരിക്കലും യോഹന്നാൻ സ്നാപകൻ ആദം, നോഹ, അബ്രഹാം,

മോശെ, ദാവിദ് തുടങ്ങിയ അനേകം പ്രവാചകരെക്കാൾ വലിയവനല്ലല്ലോ. എത്ര അവിശ്വാസികളെ യോഹന്നാൻ പരിവർത്തനം ചെയ്തിട്ടുണ്ട്? അദ്ദേഹത്തിന് എത്ര അനുയായികളുണ്ട്? പക്ഷെ, അതൊന്നുമല്ല ഇവിടുത്തെ മൗലികബിന്ദു. യോഹന്നാനെക്കാൾ വലിയവനായ, സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ഇളയവൻ ആരാണ് എന്നതാണ് പ്രശ്നം? അതു യേശുവല്ല. കാരണം, യേശു അങ്ങനെ വാദിച്ചിട്ടില്ല. അവകാശം ഉന്നയിച്ചിട്ടുമില്ല. ആരാണ് പിന്നെ ഏറ്റവും ഇളയവൻ? എല്ലാപ്രവാചകരും ഉൾക്കൊള്ളുന്ന സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ഇളയവൻ മുഹമ്മദ് നബിയാകുന്നു. അദ്ദേഹമാണ് ഏറ്റവും ചെറിയത്.

## സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ

യേശുവിന്റെ ഗിരി പ്രസംഗത്തിൽ ഇങ്ങനെ പറയുന്നുണ്ട്:

"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും" (മത്തായി 5:9)

ഇസ്ലാം എന്നാൽ സമാധാനം എന്നാണർത്ഥം. സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും ഇടയിൽ സമാധാനം. തന്റെ ദൗത്യം സമാധാനം ഉണ്ടാക്കാൻ വേണ്ടിയാണെന്ന് യേശു പറഞ്ഞിട്ടില്ല. അദ്ദേഹം സമാധാനത്തിനല്ല വന്നത്.

"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്ന് നിരൂപിക്കരുത്. സമാധാനം അല്ല. വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത്. മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മാവിയമ്മയോടും ഭേദിപ്പിപ്പാനത്രെ ഞാൻ വന്നത്. മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും". (മത്തായി 10:34-36)

ഇനി ലൂക്കോസ് (12:49-53) കൂടി കാണുക.

## "സാന്ത്വനക്കാരൻ"

"എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ നിങ്ങൾക്ക് മറ്റൊരു സാന്ത്വനക്കാരനെ നൽകും. അവൻ എന്നും നിങ്ങളുടെ കൂടെ നിൽക്കും" (യോഹന്നാൻ 14:16)

അറാമിക് ഭാഷയിൽ ഉപയോഗിക്കപ്പെട്ട പദമെന്തായിരുന്നുവെന്ന്

നമുക്കറിഞ്ഞുകൂടാ. "സാന്ത്വനക്കാർൻ" എന്നതിനു പകരം മറ്റു ബൈബിളുകളിൽ ഉപയോഗിച്ചത്, 'സത്യത്തിൻെറ ആത്മാവ്', 'കാര്യസ്ഥൻ', 'സഹായി' എന്നൊക്കെയാണ്. ഗ്രീക്കു ബൈബിളിൽ ഉപയോഗിക്കപ്പെട്ടതാകട്ടെ, "പാരാക്ലിറ്റ" എന്നാണ്. അതിനു പല വ്യാഖ്യാനങ്ങളും നൽകപ്പെട്ടിട്ടുണ്ട്. 'പരിശുദ്ധാത്മാവ്', 'വാക്ക്', 'ഒരാൾ' . . . അങ്ങനെ പലതും.

യേശു 'അഹ്മദ്' എന്ന് പറഞ്ഞുവെന്ന് ഖുർആൻ (61:6) വളരെ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്.

**"മർയമിൻെറ മകൻ യേശു പറഞ്ഞ സന്ദർഭം (ഓർക്കുക) "ഇസ്രാഈൽ സന്തതികളെ, ഞാൻ നിങ്ങൾക്കുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു. എനിക്ക് മുമ്പുള്ള തൗറാത്തിലെ കാര്യങ്ങൾ സാക്ഷാത്കരിക്കാനാണ് ഞാൻ വന്നത്. എനിക്കു ശേഷം 'അഹ്മദ്' എന്ന പേരിൽ ഒരുദൂതൻ വരുമെന്ന സന്തോഷവാർത്ത അറിയിക്കുവാൻ വേണ്ടിയും".** *(ഖുർആൻ 61:6)*

"അഹ്മദ്" എന്നത് മുഹമ്മദ് നബിയുടെ മറ്റൊരു പേരാണ്. അല്ലാഹുവിനെ ഏറ്റവുമധികം സ്തുതിക്കുന്നവൻ എന്നാണ് അതിന്നർത്ഥം.

'സാന്ത്വനക്കാരൻ' എന്നതിന്നു എന്തു വിശദീകരണം നൽകിയാലും, തന്നെക്കൊണ്ട് പൂർത്തിയാവാത്ത ഒരുജോലി തനിക്ക് ശേഷം വരുന്ന ഒരാൾ പൂർത്തിയാക്കാൻ വിട്ടുകൊണ്ടാണ് യേശു സ്ഥലംവിട്ടത് എന്ന കാര്യത്തിൽ സംശയമില്ല. ബൈബിളിൻെറ വെളിച്ചത്തിൽ ഈ "സാന്ത്വനക്കാരൻെറ" സ്വഭാവങ്ങൾ മുഹമ്മദ് നബിക്ക് യോജിക്കുമോ എന്ന് നമുക്ക് പരിശോധിക്കാം.

1."മറ്റൊരു സാന്ത്വനക്കാരൻ". അനേകം സാന്ത്വനക്കാർ വന്നിട്ടുണ്ട്. ഇനിയും മറ്റൊരാളാണ് വരേണ്ടത്.

2."അവൻ നിങ്ങളോടു കൂടെ എന്നും നിൽക്കും". അഥവാ അദ്ദേഹത്തിനു ശേഷം മറ്റൊരാൾ വരേണ്ടതില്ല. അവൻ പ്രവാചകന്മാരുടെ അന്തിമ മുദ്രയായിരിക്കും. അദ്ദേഹത്തിൻെറ അധ്യാപനം യാതൊരു കലർപ്പും ചേരാതെ എന്നും നിലനിൽക്കും എന്നർത്ഥം.

1400കൊല്ലങ്ങൾക്കു മുമ്പുള്ള അതേരീതിയിൽ ഇന്നും യാതൊരു മാറ്റവുമില്ലാതെ വിശുദ്ധ ഖുർആൻ നിലവിലുണ്ട്.

3."അവൻ വന്നു പാപത്തെ കുറിച്ചും നീതിയെ കുറിച്ചും ന്യായവിധിയെ കുറിച്ചും ലോകത്തിന്നു ബോധ്യം വരുത്തും" (യോഹന്നാൻ 16:8)

മറ്റു പ്രവാചകന്മാരെപ്പോലെ അബ്രഹാമും മോശെയും ദാവീദും അവരുടെ ജനങ്ങളെയും അയൽവാസികളെയും പാപവിമോചനത്തിനു സഹായിച്ചു. മുഹമ്മദ് നബി ചെയ്തതുപോലെ ലോകത്തിനു മുഴുവനായി അവർ പ്രബോധനം നിർവ്വഹിച്ചിട്ടില്ല. എന്നാൽ മുഹമ്മദ് നബി (സ) ആകട്ടെ 23 വർഷത്തിനിടക്ക് അറേബ്യയിൽ നിന്ന് വിഗ്രഹാരാധന പറിച്ചു നീക്കിയെന്ന് മാത്രമല്ല, വിവിധ രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാർക്ക് ഇസ്‌ലാമിൻെറ പ്രബോധനം എത്തിക്കുക കൂടി ചെയ്തു. റോമാ- പേർഷ്യൻ ചക്രവർത്തിമാർ, എത്യോപ്യൻ രാജാവായ നജ്ജാശി, ഈജിപ്തിലെ ഭരണാധികാരി മുഖൗഖിശ് മുതലായവർ അവരിൽപ്പെടുന്നു.

യേശുവിനെ ദൈവപുത്ര പദവിയിലേക്കും, പിന്നീട് ദിവ്യത്വത്തിലേക്ക് തന്നെയും ഉയർത്തി ത്രിയേകത്വ സങ്കൽപം സൃഷ്ടിച്ചു കൊണ്ട് ഏകദൈവ വിശ്വാസത്തിൽ കളങ്കം ചാർത്തിയ ക്രിസ്ത്യാനികളെ അദ്ദേഹം ആക്ഷേപിച്ചു. തങ്ങളുടെ പവിത്ര ഗ്രന്ഥങ്ങളിൽ മായം ചേർത്തിയതിൻെറ പേരിൽ അദ്ദേഹം ജൂതന്മാരെയും ക്രിസ്ത്യാനികളെയും അപലപിച്ചു. വ്യഭിചാരം, ബലാൽസംഗം, രക്തബന്ധമുള്ളവരുമായി ലൈംഗിക ബന്ധം, ബിംബാരാധന തുടങ്ങിയ കുറ്റാരോപണങ്ങളിൽ നിന്ന് പ്രവാചകന്മാരെ അദ്ദേഹം മുക്തമാക്കി.

4."ലോകത്തിൻെറ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നു". (യോഹന്നാൻ 16:11)

യോഹന്നാൻ (21:31), (14:30) എന്നീ വചനങ്ങളിൽ വ്യക്തമാക്കപ്പെട്ടപോലെ സാത്താനാണിതിൻെറ ആൾ. എന്നാൽ മുഹമ്മദ് നബിയാകട്ടെ അന്തിമ. വിധിക്കുവേണ്ടി ലോകത്തെ സംസ്കരിക്കുവാനാണ് വന്നത്.

5."സത്യത്തിൻെറ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സത്യത്തിലും വഴിനടത്തും" (യോഹന്നാൻ 16:13)

കുട്ടിക്കാലം മുതൽക്കേ മുഹമ്മദ് നബി സത്യവാൻ, വിശ്വസ്തൻ എന്നൊക്കെ അർത്ഥമുള്ള 'അൽഅമീൻ' എന്ന്വിളിക്കപ്പെട്ടിരുന്നു. "അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും" എ

ന്നത്വളരെ ശ്രദ്ധേയമാണ്.

6."അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സം സാരിക്കും". (യോഹന്നാൻ 16:13)

ദൈവത്തിൻെറ വചനങ്ങളാണ് വിശുദ്ധ ഖുർആൻ. മുഹമ്മദ് നബിയുടെതോ അനുയായികളുടെതോ ആയ യാതൊന്നും ത ന്നെ അതിലില്ല. ജിബ്രീൽ എന്ന മാലാഖ വായിച്ചു കൊടുത്ത പ്രകാരം അദ്ദേഹം അതു മനഃപാഠമാക്കി. അദ്ദേഹത്തിൻെറ എഴു ത്തുകാർ അതു പകർത്തിവെച്ചു. അതാണ് വിശുദ്ധ ഖുർആൻ. അദ്ദേഹത്തിൻെറ (മുഹമ്മദ് നബിയുടെ) സ്വന്തം വാക്യങ്ങളും പ്രസ്താവനകളും വേറെയും എഴുതിവെച്ചു. അതാണ് ഹദീഥ് എന്ന് പറയപ്പെടുന്നത്.

ആവർത്തന പുസ്തകത്തിലെ (18:18) പ്രസ്താവനയുമായി ഇ തൊന്ന് താരതമ്യപ്പെടുത്തി നോക്കുക.

"നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരു ടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപിച്ചു എൻെറ വചനങ്ങളെ അവൻെറ നാവിന്മേൽ ആക്കും. ഞാൻ അവനോ ടു കൽപിക്കുന്നതൊക്കെയും അവൻ അവരോട് പറയും". (ആ വർത്തന പുസ്തകം 18:18)

വിശുദ്ധ ഖുർആൻ (53:2-4) മായി ഇത് വളരെ പൊരുത്തപ്പെട്ടി രിക്കുന്നത് കാണാം.

**"നിങ്ങളുടെ സ്നേഹിതന് വഴി തെറ്റിയിട്ടില്ല. അദ്ദേഹം വ്യതിചലിച്ചിട്ടുമില്ല. സ്വേച്ഛ പ്രകാരം അദ്ദേഹം സം സാരിക്കുകയുമില്ല. അദ്ദേഹം സംസാരിക്കുന്നത് തനി ക്കു ലഭിച്ച ദിവ്യസന്ദേശങ്ങളല്ലാതെ മറ്റൊന്നുമല്ല".** *(ഖു ർആൻ 53:2-4)*

7." ... വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെ യ്യും". (യോഹന്നാൻ 16:13)

മുഹമ്മദ് നബിയുടെ എല്ലാ പ്രവചനങ്ങളും സത്യമായി പുലർ ന്നിട്ടുണ്ട്.

8."അവൻ. ... എന്നെ മഹത്വപ്പെടുത്തും" (യോഹന്നാൻ 16:14)

ക്രിസ്ത്യാനികളും ബൈബിളും മഹത്വപ്പെടുത്തുന്നതിനെക്കാളേ റെ യേശുവിനെ മഹത്വപ്പെടുത്തുന്നത് വിശുദ്ധ ഖുർആനും മുഹ

മ്മദ് നബിയുമാണ്.

a)യേശുക്രിസ്തു കുരിശിൽ മരിച്ചുവെന്ന ക്രൈസ്തവ സങ്കൽപം ആവർത്തന പുസ്തകത്തിൽ പറയുന്നതുപോലെ യേശുവിന് അപമാനമാണ് വരുത്തുന്നത്.

"ആ പ്രവാചകനോ സ്വപ്നക്കാരനോ മിസ്രയീം ദേശത്തു നിന്നു നിങ്ങളെ കൊണ്ടുവന്നവനും അടിമവീട്ടിൽ നിന്നു വീണ്ടെടുത്തവനുമായ നിങ്ങളുടെ ദൈവമായ യഹോവക്ക് വിരോധമായി സംസാരിച്ചു. . . അവനെ കൊല്ലേണം" (ആവർത്തന പുസ്തകം 13:6)

"തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തനാകുന്നു" (ആവർത്തന പുസ്തകം 21:22)

യേശു ക്രൂശിക്കപ്പെട്ടിട്ടില്ല. അതിനാൽ അദ്ദേഹത്തിന് ഈ അപമാനവുമില്ല.

b)"എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" (മത്തായി 27:46)

യേശുവല്ലാത്ത മറ്റാരിൽ നിന്നെങ്കിലും ഇത്തരമൊരു വചനം വരുമോ? ഒരു പ്രവാചകനെന്നല്ല, ധൈര്യശാലിയായ ഒരു സാധാരണക്കാരൻ പോലും തന്റെ മരണം ഒരു രക്തസാക്ഷ്യമായി ഭവിക്കുമെന്ന് കണ്ടാൽ മരണത്തിന്റെ മുമ്പിൽ പുഞ്ചിരിക്കുകയല്ലേ ഉള്ളൂ. യേശു കുരിശിൽ കിടന്ന് വിലപിച്ചു എന്ന് പറയുന്നത് വാസ്തവത്തിൽ അദ്ദേഹത്തിനു തന്നെ അപമാനമല്ലേ? ദൈവത്തിൽ വിശ്വാമില്ലായ്മയല്ലേ ഇതു കുറിക്കുന്നത്?

c)യേശു ഇതര ജാതിക്കാരെ നായകളായും പന്നികളായും മുദ്രകുത്തുന്നതും, സ്വന്തം അമ്മയെ 'പെണ്ണ്' എന്ന് സംബോധന ചെയ്യുന്നതും മുസ്ലിംകളായ ഞങ്ങൾക്ക് സങ്കൽപിക്കാൻ പോലും കഴിയുന്നില്ല. വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത് കാണുക.

"എന്റെ മാതാവിനോട് ഞാൻ നന്മ ചെയ്യുന്നവനാകുന്നു. അവൻ (അല്ലാഹു) എന്നെ നിർഭാഗ്യവാനായ അതിക്രമകാരിയാക്കിയിട്ടില്ല". *(ഖുർആൻ 19:32)*

അതേസമയം ബൈബിൾ പറയുന്നതോ?

"യേശു അവളോട് (അമ്മയോട്) ; സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്?" (യോഹന്നാൻ 2:4)

"വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്. നിങ്ങളുടെ മുത്തുക്കളെ പന്നികൾക്ക് മുമ്പിൽ ഇടുകയുമരുത്" (മത്തായി 7:6)

## മുഹമ്മദ് നബി (സ) യുടെ ദിവ്യബോധനം

'ഇഖ്റഅ് (നീ വായിക്കുക)' (ഖുർആൻ 96:1-5) ഇതായിരുന്നു മുഹമ്മദ് നബിക്ക് ആദ്യമായി അല്ലാഹുവിൽ നിന്ന് ജിബ്രീൽ മുഖേന ലഭിച്ച ദിവ്യബോധനം. അദ്ദേഹം നിരക്ഷരനായിരുന്നു. അതിനാൽ അദ്ദേഹം ഉടനെ മറുപടി പറഞ്ഞു: 'എനിക്ക് വായിക്കാനറിഞ്ഞു കൂടാ'.

ഈ പ്രഥമ ദിവ്യബോധനം യെശയ്യാവിൽ കാണാം. "ആ പുസ്തകം അക്ഷരവിദ്യയില്ലാത്തവൻെറ കയ്യിൽ കൊടുത്തു, ഇതൊന്നു വായിക്കേണം എന്ന് പറഞ്ഞാൽ അവൻ, എനിക്ക് അക്ഷരവിദ്യയില്ല എന്ന് പറയും" (യെശയ്യാവ് 29:12)

വിശുദ്ധ ഖുർആനിൽ കാണപ്പെടുന്ന ക്രമത്തിലല്ല സൂക്തങ്ങളുടെ അവതരണം നടന്നത്. അതായത് ആദ്യം വന്നത് ഒന്നാമത്തെ പേജിലും അവസാനം വന്നത് അവസാനത്തെ പേജിലും എന്നക്രമത്തിലല്ലെന്നർത്ഥം. ഘട്ടം ഘട്ടമായിട്ടാണ് ഈ ദിവ്യബോധനമുണ്ടായത്. അല്ലാഹു നിർദ്ദേശിച്ച പ്രകാരമാണ് അവ ഓരോഅദ്ധ്യായങ്ങളിലും ഉൾകൊള്ളിക്കപ്പെട്ടിട്ടുള്ളത്. ഇതും യെശയ്യാവിൽ കാണാം.

"ചട്ടത്തിന്മേൽ ചട്ടം, ചട്ടത്തിന്മേൽ ചട്ടം, സൂത്രത്തിന്മേൽ സൂത്രം, ഇവിടെ അൽപം, അവിടെ അൽപം" എന്ന് അവർ പറയുന്നു. അതെ വിക്കി വിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയിലും അവൻ ഈ ജനത്തോടു സംസാരിക്കും" (യെശയ്യാവ് 28:10,11)

അന്യഭാഷയിൽ എന്നത് കൊണ്ടുദ്ദേശ്യം ഹിബ്രുവോ അറാമിക്കോ അല്ലാത്ത "അറബി"യാണെന്ന് ഗ്രഹിക്കാം.

ലോകമൊന്നടങ്കമുള്ള മുസ്ലിംകൾക്ക് ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കാനും തീർത്ഥാടനത്തിനും പരസ്പരം ആശംസകൾ കൈമാറാനുമെല്ലാം ഒരേയൊരു ഭാഷ (അറബി) യാണുപയോഗിക്കുന്നത്. ഭാഷാപരമായ ഈ ഏകത്വം സെഫന്യാവിൽ പ്രവചിച്ചിട്ടുണ്ട്.

"അപ്പോൾ സകലജാതികളും യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ചു ഏകമനസ്സോടെ അവനെ സേവിക്കേണ്ടതിന്നു ഞാൻ

അവർക്കു നിർമലമായുള്ള അധരങ്ങളെ വരുത്തും" (സെഫന്യാവ് 3:9)

അതെ, അറബി ഭാഷയിൽ സത്യം വന്നിരിക്കുന്നു. പക്ഷെ, ചിലർ ഏകഭാഷയിൽ അല്ലാഹുവിനെ ആരാധിക്കുവാൻ മനുഷ്യരാശിയെ പഠിപ്പിക്കുവാനായി യേശുവിൻെറ രണ്ടാം വരവും പ്രതീക്ഷിച്ചിരിക്കയാണ്. എന്നാൽ, മുസ്ലിംകളോട് ചേർന്ന്, ഏതൊരു മുസ്ലിമിനെയും പോലെ മുസ്ലിം പള്ളികളിൽ പ്രാർത്ഥിച്ചു, പരിഛേദനം നിർവ്വഹിച്ച്, പന്നിമാംസം വെടിഞ്ഞ്, വുസു എടുത്തു, നിർത്തവും കുനിയലും സാഷ്ടാംഗവും ചെയ്തുകൊണ്ട് നമസ്കരിക്കുന്ന ഒരുസാധാരണ മുസ്ലിമായിരിക്കും യേശു തൻെറ രണ്ടാം വരവിൽ എന്നാണ് മുസ്ലിംകളായ ഞങ്ങൾ വിശ്വസിക്കുന്നത്.

# REFERENCES


1. Explanatory EnglishTranslation of Holy Qur'an, by Dr. Muhammad TaQi-Din Al-Hilali and Dr. Muhammad Muhsin Khan.
2. The Holy Bible, King James Version, authorized 1611.
3. The Holy Bible, Revised Standard Version.
4. New World Translation of the Holy Scriptures: Jehova's Witnesses Church.
5. New American Standard Bible.
6. The Myth of the Cross, by A.D. Ajijola.
7. The Cross and the Crescent, by Maulana Muhammad Imran.
8. Davis Dictionary of the Bible, 1980.
9. The International Standard Bible Encyclopedia.
10. Smith's Bible Dictionary, 1980.
11. Encyclopedia Britanica, 1980.
12. Muhammad in the Bible, by Prof: Abdu "L-Ahad Dawud.
13. Muhammad in the Bible, by Ahmed Deedath.
14. Jesus, A Prophet of Islam, by Sulaiman Shahid Mufassir.
15. Biblical studies from Muslim Perspectives, by S. Mufassir.
16. Muhammad in the Bible, by Jamal Badwi: Al-Ithihad, January- March 1982.


# ഉള്ളടക്കം


| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | മുഖവുര | 3 |
| 2 | ഗ്രന്ഥകാരന്റെ കുറിപ്പ് | 7 |
| 3 | പ്രതികരണം | 7 |
| 4 | പ്രഥമ സംഭാഷണം | 8 |
| 5 | ബൈബിളിന്റെ പവിത്രത | 23 |
| 6 | ത്രിത്വസങ്കൽപം | 34 |
| 7 | യേശുവിന്റെ ദിവ്യത്വം | 42 |
| 8 | ദൈവപുത്ര സങ്കൽപം | 51 |
| 9 | യേശു കുരിശിലേറിയോ? | 55 |
| 10 | പാപമോചനവും ആദിപാപവും | 63 |
| 11 | മുഹമ്മദ് ബൈബിളിൽ | 65 |
| 12 | യിരെമ്യാവിന്റെ മാനദണ്ഡങ്ങൾ | 71 |
| 13 | ഷിലോ വരുന്നതു വരെ | 72 |
| 14 | ബക്ക തന്നെ മക്ക | 73 |
| 15 | ദൈവമാഹാത്മ്യത്തിന്റെ ഭവനം | 74 |
| 16 | കഴുതകളുടെ രഥവും ഒട്ടകങ്ങളുടെ രഥവും | 75 |
| 17 | മോശെയെപ്പോലെയുള്ള പ്രവാചകൻ | 77 |
| 18 | എന്റെ ദാസൻ, ദൂതൻ, തെരഞ്ഞെടുക്കപ്പെട്ടവൻ | 79 |
| 19 | എന്റെ യജമാനൻ എന്ന് ദാവീദ് രാജാവ് വിളിച്ചു | 82 |
| 20 | നീ ആ പ്രവാചകനോ? | 83 |
| 21 | അഗ്നിയിലും പരിശുദ്ധാത്മാവിലും സ്നാനം ചെയ്യൽ | 84 |
| 22 | സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ | 84 |
| 23 | സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ | 85 |
| 24 | സാന്ത്വനക്കാരൻ | 85 |
| 25 | മുഹമ്മദ് നബി(സ)യുടെ ദിവ്യബോധനം | 90 |
| 26 | References | 92 |

الملبيارية

١٠٨

# حوارين مسلم ونصراني



ردمك: ١-٧٠ ٩٠٢٤-٩٩٦٠

تحت إشراف وزارة الشـــؤون الإسـلامية والأوقـــاف والدعـــوة والإرشاد

هاتف ٤٢٤٠٠٧٧ فاكس ٤٢٥١٠٠٥ ص ب ٩٢٦٧٥ الرياض ١١٦٦٣ شارع السويدي - السعودية

١٠٨

# حوارين مسلم ونصراني



ردمك ١ ٧ ٩٠٢٤ ٩٩٦٠

المكتب التعاوني للدعوة والإرشاد وتوعية الجاليات بحي سلطانة بالرياض
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
هاتف ٤٢٤٠٠٧٧ فاكس ٤٢٥١٠٠٥ ص ب ٩٢٦٧٥ الرياض ١١٦٦٣ شارع السويدي - السعودية
بريد إلكتروني E-mail : Sultanah@hotmail.com